# നവകേരളത്തിനായി ജനകീയാസൂത്രണം

## സാമൂഹ്യ വിദ്യാഭ്യാസ പരിപാടി

## കൈപുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581**
ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312
ഫാക്സ് : 0487-2201062
ഇ-മെയിൽ : info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

**നവംബർ 2017**

**നവകേരളത്തിനായി**
**ജനകീയാസൂത്രണം**
**സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**
**കൈപുസ്തകം**


**ചീഫ് എഡിറ്റർ**
ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

**എഡിറ്റർ**
ഡോ. ജെ.ബി രാജൻ
അസോസിയേറ്റ് പ്രൊഫസർ, കില

**തയ്യാറാക്കിയത്**
കെ.ബി. മദൻമോഹൻ
റിസോഴ്സ് പേഴ്സൺ, കില

**എഡിറ്റോറിയൽ സഹായം**
പ്രതാപ് സിംഗ് എ എസ്
കോർഡിനേറ്റർ, കില



**പ്രസിദ്ധീകരണം**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581**
ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312
ഫാക്സ് : 0487-2201062
ഇ-മെയിൽ : info@kila.ac.in
വെബ്ബ്സൈറ്റ് : www.kila.ac.in

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് നം. |
| | സന്ദേശം | i |
| | ആമുഖം | ii |
| അദ്ധ്യായം 1 – | അധികാര വികേന്ദ്രീകരണം – ചരിത്രവും കാഴ്ചപ്പാടും | 01 |
| അദ്ധ്യായം 2 – | തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ | 05 |
| അദ്ധ്യായം 3 – | സ്റ്റാൻന്റിംഗ് കമ്മിറ്റികൾ | 07 |
| അദ്ധ്യായം 4 – | തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ | 13 |
| അദ്ധ്യായം 5 – | സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ | 25 |
| അദ്ധ്യായം 6 – | ഗ്രാമസഭ, വാർഡ്സഭ | 29 |
| അദ്ധ്യായം 7 – | കുടുംബശ്രീ | 37 |
| അദ്ധ്യായം 8 – | നവകേരളം കർമ്മപദ്ധതി | 43 |
| | 8.1 ഹരിത കേരള മിഷൻ | 44 |
| | 8.2 ലൈഫ് മിഷൻ | 47 |
| | 8.3 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം | 50 |
| | 8.4 ആർദ്രം മിഷൻ | 52 |

# സന്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ജനകീയ ഇടപെടലുകൾ അനിവാര്യമാണെന്നാണ് ജനകീയാസൂത്രണം വിവക്ഷിക്കുന്നത്. ഈ കാലയളവിൽ ജനപങ്കാളിത്തം പ്രാദേശിക ആസൂത്രണ/സംഘാടന പ്രക്രിയയിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ലോകത്തിന് തന്നെ മാതൃകയായിമാറിയ ജനകീയാസൂത്രണ പ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ചുമതലയും ഉത്തരവാദിത്തവും ആണ്. ആയതിലേക്ക് വാർഡ്തലം മുതലുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പും കിലയും ശ്രമിക്കുന്നത്. നവകേരള സൃഷ്ടിക്കായി രൂപകൽപന ചെയ്ത വിവിധ മിഷനുകളുടെ പ്രവർത്തനങ്ങളെ ജനകീയാസൂത്രണവുമായി സംയോജിപ്പിക്കുന്നത് അത്യന്താപേക്ഷിതമാണ്. പ്രാദേശിക തലത്തിൽ വിവിധ മേഖലകൾ ഏകോപിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. സാമൂഹ്യ പ്രതിബദ്ധതയുള്ള ജനകീയ സംവിധാനങ്ങൾ ഇതിലേക്ക് കടന്ന് വരേണ്ടതുണ്ട്. അത് തന്നെയാണ് വിവിധ മിഷനുകളും ലക്ഷ്യമിടുന്നത്.

സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയിലൂടെ പ്രാദേശിക ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായാണ് 'നവകേരളത്തിന് ജനകീയാസൂത്രണം - സാമൂഹ്യ വിദ്യാഭ്യാസ പരിപാടി' എന്ന ഈ പരിശീലനം. ആയതിലേക്ക് തയ്യാറാക്കിയ കൈപുസ്തകം ഏവർക്കും ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. കെ.എൻ ഹരിലാൽ**
സംസ്ഥാന ആസൂത്രണ ബോർഡ് അംഗം

# ആമുഖം

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും കേരളത്തിൽ സൃഷ്ടിച്ച മാറ്റം ചെറുതല്ല. പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സുസ്ഥിര വികസനവും, പ്രാദേശിക ശാക്തീകരണവും, പ്രകൃതി സംരക്ഷണവും ആണ് ജനകീയാസൂത്രണത്തിന്റെ കാതലായ ലക്ഷ്യം. പുതിയ വെല്ലുവിളികൾ ഏറെയാണ്. ഈ സാഹചര്യത്തിലാണ് നവകേരള കർമ്മപരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ ദൗത്യങ്ങളെല്ലാം ആ പുത്തൻ കേരളത്തിന് വേണ്ടിയുള്ള യജ്ഞത്തിന്റെ ഭാഗമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഈ ദൗത്യങ്ങളെ പ്രാദേശിക തലത്തിൽ സംയോജിപ്പിക്കുവാനാണ് ശ്രമിക്കുന്നത്.

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും എന്താണെന്നും എന്തിനാണെന്നും പുതുതലമുറ അറിയേണ്ടതുണ്ട്. യുവജനങ്ങൾക്കായി, സന്നദ്ധ/ജനകീയ സംഘടനാ സംവിധാനങ്ങൾക്കായി 'കില' രൂപപ്പെടുത്തിയ സാമൂഹ്യ വിദ്യാഭ്യാസ പരിപാടി ജില്ലാതലത്തിലും പഞ്ചായത്ത്തലത്തിലും സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി തയ്യാറാക്കിയ ഈ കൈപുസ്തകം ഏവർക്കും ഉപകരിക്കുമെന്ന് കരുതുന്നു. ആയതിലൂടെ ജനപങ്കാളിത്തം ഉറപ്പ് വരുത്തി പ്രാദേശിക ഭരണ സംവിധാനം കാര്യക്ഷമമാക്കുവാനും ഒരു പുത്തൻ കേരളം സൃഷ്ടിക്കുവാനും നമുക്ക് സാധിക്കുമെന്ന് ഉറപ്പാണ്.

ഈ കൈപ്പുസ്തകം തയ്യാറാക്കിയതിൽ മുഖ്യപങ്കു വഹിച്ച ശ്രീ. കെ.ബി. മദൻമോഹനും മറ്റു ജനകീയാസൂത്രണ പ്രവർത്തകർക്കും കിലയിലെ എന്റെ സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

**ഡോ. ജോയ് ഇളമൺ**

ഡയറക്ടർ. കില

# അദ്ധ്യായം 1

# അധികാര വികേന്ദ്രീകരണം - ചരിത്രവും കാഴ്ചപ്പാടും

പ്രാദേശിക ജനതയോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണകൂടമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ. അതത് പ്രദേശത്തെ ഭരണ-വികസന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രദേശിക തലത്തിൽ പ്രവർത്തനം നടത്താൻ ചുമതലപ്പെട്ട സ്വയംഭരണസ്ഥാപനങ്ങളാണിവ. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി ഭരണത്തിലും വികസനത്തിലും പൊതുജനത്തിന് നേരിട്ട് പങ്കാളികളാകാൻ കഴിയും എന്നതാണ് ഇതിന്റെ സവിശേഷത.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ രാജ്യത്ത് രണ്ട്തലത്തിലുള്ള ഭരണകൂടങ്ങളാണ് വ്യവസ്ഥ ചെയ്യപ്പെട്ടത്. ഒന്ന് കേന്ദ്രസർക്കാർ, രണ്ട് സംസ്ഥാന സർക്കാരുകൾ. മൂന്നാംതല ഭരണ സംവിധാനമായി പ്രാദേശിക സർക്കാരുകൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായി തീർന്നത് 73, 74 ഭരണഘടനാ ഭേദഗതിയോടുകൂടിയാണ്. ഇന്ന് പ്രാദേശിക സർക്കാരുകൾ ഭരണഘടനാ പിൻബലമുള്ള സ്വയംഭരണ സർക്കാരുകളാണ്.

## 1.1 സ്വാതന്ത്ര്യാനന്തര ഇന്ത്യയും പഞ്ചായത്തീരാജും

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണഘടന രൂപകൽപ്പന ചെയ്യുമ്പോൾ ഓരോ ഗ്രാമവും പൂർണ്ണ അധികാരമുള്ള ഒരു പഞ്ചായത്ത് റിപ്പബ്ളിക്കാവണമെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് ഭരണഘടനയിൽ സ്ഥാനം പിടിച്ചില്ല. അതിന് പകരം ഭരണഘടനയുടെ നാലാം ഭാഗത്ത് നിർദേശക തത്വങ്ങളിൽ അനുഛേദം 40 ആയി ഗ്രാമപഞ്ചയാത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത എഴുതിച്ചേർക്കുകയാണ് ചെയ്തത്.

1954 ൽ ഇന്ത്യയിലൊട്ടാകെ പഞ്ചായത്തുകൾ നിലവിൽ വരുകയുണ്ടായി. സാമൂഹ്യവികസനത്തിന് ജനാധിപത്യ വികേന്ദ്രീകരണം അനിവാര്യമാണെന്ന് 1958 ൽ റിപ്പോർട്ട് സമർപ്പിച്ച ബൽവന്ത്റായ്മേത്ത കമ്മിറ്റിയുടെ ശുപാർശയ്ക്ക് ദേശീയ വികസന സമിതി അംഗീകാരം നൽകിയതോടുകൂടി വിവിധ സംസ്ഥാനങ്ങളിലും പ്രാദേശിക ഭരണങ്ങളോടെ പഞ്ചായത്ത് നിയമങ്ങളും തെരഞ്ഞടുപ്പ് രീതികളും നിലവിൽ വരികയും ചെയ്തു. 1978 ൽ മൊറാർജി ദേശായി സർക്കാർ നിയോഗിച്ച അശോക് മേത്താകമ്മീഷൻ, 1984 ൽ പ്ലാനിംഗ് കമ്മീഷൻ നിയോഗിച്ച സി.എഫ് ഹനുമന്തറാവു കമ്മറ്റി, 1985 ലെ വി.കെ.ആർ.വി. റാവു കമ്മറ്റി തുടങ്ങിയവ പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഭരണഘടനാപരമായി അംഗീകാരം ആവശ്യമാണെന്നും, ജനപങ്കാളിത്തതോടെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. ഈ നിർദേശങ്ങളുടെ വെളിച്ചത്തിൽ 1989 ൽ പഞ്ചായത്തീരാജ് ബിൽ 64 -ാം ഭരണഘടനാ ഭേദഗതിയായി പാർലമെന്റിൽ അവതരിപ്പിച്ചുവെങ്കിലും രാജ്യസഭയിൽ ഭൂരിപക്ഷമില്ലാതിരുന്നതിനാൽ പാസ്സായില്ല. തുടർന്ന് 1992 ൽ പി.വി.നരസിംഹറാവു സർക്കാർ അവതരിപ്പിച്ച 73, 74 ഭരണഘടനാ ഭേദഗതികൾ ലോകസഭയും രാജ്യസഭയും പാസാക്കുകയും 1993 ഏപ്രിൽ 20 ന് രാഷ്ട്രപതി ഒപ്പ് വെയ്ക്കുകയും ചെയ്തതോടുകൂടിയാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഭരണഘടനാ പിൻബലം ലഭിച്ചത്.

പഞ്ചായത്തീരാജ് സംവിധാനത്തിന് ശക്തിപകരുന്ന നിരവധി വ്യവസ്ഥകൾ ഭരണഘടനാ ഭേദഗതിയിൽ സ്ഥാനം പിടിച്ചു. പ്രധാന ഭേദഗതികൾ:

1. 20 ലക്ഷത്തിലധികം ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ത്രിതല പഞ്ചായത്തുകൾ, നഗരപാലികാസ്ഥാപനങ്ങൾ.
2. ഗ്രാമത്തിലെ വോട്ടർമാർ ഉൾപ്പെടുന്ന ഗ്രാമസഭകൾ
3. ഓരോ 5 വർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നിർബന്ധം.
4. അംഗത്വത്തിലും അധ്യക്ഷ പദവിയിലും മൂന്നിലൊന്ന് സ്ത്രീകൾക്ക് സംവരണം.(കേരളസർക്കാർ നടത്തിയ ഭേദഗതിവഴി കേരളത്തിൽ രണ്ടിൽ ഒന്ന് സംവരണം)

5. അംഗത്വത്തിലും അധ്യക്ഷ പദവിയിലും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം.
6. സംസ്ഥാന തെരഞ്ഞടുപ്പ് നടത്താൻ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് കമ്മീഷൻ.
7. സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ധനകാര്യ കമ്മീഷൻ.
8. ജില്ലയുടെ വികസന പദ്ധതി തയ്യാറാക്കാൻ ജില്ലാ ആസൂത്രണ സമിതികൾ.
9. പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവകാശം. 2009 ലെ 31-ാം ഭേദഗതിയിലൂടെ 7.10.2009 മുതൽ കേരളത്തിൽ രണ്ടിൽ ഒന്ന് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തി
10. ഭരണഘടനയിൽ 11-ാം പട്ടികയും, 12-ാം പട്ടികയും ഉൾപ്പെടുത്തി സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിനുള്ള മൂന്നാംതല ഭരണകൂടം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് താഴെ നിലവിൽവന്നു.

ഇന്ത്യയിലെ ദുർബലമായി കൊണ്ടിരുന്ന പഞ്ചായത്ത്, മുൻസിപ്പാലിറ്റി ഭരണസംവിധാനത്തെ ശക്തിപ്പെടുത്താനുള്ള 73, 74 ഭരണഘടനാ ഭേദഗതികൾക്ക് കഴിഞ്ഞു. ചുരുക്കത്തിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഈ ഭരണഘടനാ ഭേദഗതികൾ ഇടയാക്കി.

### 1.1.1 അധികാര വികേന്ദ്രീകരണം കേരളത്തിൽ

ഐക്യ കേരളത്തിന്റെ രൂപീകരണത്തോടുകൂടി തന്നെ പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പൊതു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന 1957ലെ ഇ.എം.എസ് മുഖ്യമന്ത്രിയായുള്ള മന്ത്രിസഭ നിയോഗിച്ച, മുഖ്യമന്ത്രി ചെയർമാനായുള്ള, ഭരണപരിഷ്കാരകമ്മിറ്റി പൊതുഭരണത്തിന്റേയും വികസനത്തിന്റേയും അടിസ്ഥാനഘടകമായി ശുപാർശ ചെയ്തത് തെരഞ്ഞടുക്കപ്പെട്ട പഞ്ചായത്ത് സംവിധാനത്തെ ആയിരുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ കൊണ്ടുവന്ന ബില്ലുകൾ മന്ത്രിസഭയെ പിരിച്ചുവിട്ടതുമൂലം നിയമമാകാതെ പോയി. ബെൽവന്തറായി മേത്തകമ്മിറ്റിയുടെ കൂടി ശുപാർശകൾ പരിഗണിച്ചു നിലവിലുള്ള തിരു-കൊച്ചി-മലബാർ പ്രദേശത്തെ നിയമവ്യവസ്ഥകൾ ഏകോപിപ്പിച്ചു കൊണ്ട് സമഗ്രമായ കേരള പഞ്ചായത്ത് നിയമവും മുൻസിപ്പാലിറ്റി നിയമവും 1960-62 പ്രാബല്യത്തിൽ വന്നു. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ 1964ൽ ജനുവരി 1ന് പുതിയ പഞ്ചായത്ത് മുൻസിപ്പൽ ഭരണസമിതികൾ നിലവിൽ വരുകയുണ്ടായി. എന്നാൽ പഞ്ചായത്തുകളെയും നഗരസഭകളെയും ശാക്തീകരിക്കുന്നതിനായി കൊണ്ടുവന്ന ബില്ലുകൾ ഫലം കാണാതെ പോയി.

- 1964 ലെ കേരള പഞ്ചായത്ത് യൂണിയൻ കൗൺസിൽ ജില്ലാ പരിഷത്ത്
- 1967ലെ ത്രിതല പഞ്ചായത്ത് രാജ് ബിൽ
- 1971 ലെ കേരള ജില്ലാ ഭരണ ബിൽ
- 1979 ലെ ജില്ലാ ഭരണബിൽ എന്നിവ ഉൾപ്പെടുന്നു.

1980ൽ ജില്ലാ ഭരണബില്ലിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ചെങ്കിലും ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പ് നടന്നത് 1989ൽ മാത്രമാണ്. ജില്ലാ വികസനത്തിൽ ധാരാളം അധികാരങ്ങൾ ഉണ്ടായിരുന്ന ജില്ലാ കൗൺസിൽ 1991ൽ ജില്ലാ കൗൺസിൽ ആക്ട് മരവിപ്പിക്കുന്നതോടു കൂടി ഇല്ലാതാകുകയും ചെയ്തു.

1960 ലെ കേരള പഞ്ചായത്ത് നിയമവും, 1961 ലെ കേരളാമുൻസിപ്പാലിറ്റി നിയമവും ആയിരുന്നു 73,74 ഭരണഘടനാഭേദഗതികൾക്കു മുൻപ് കേരളത്തിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. 1994 ഏപ്രിൽ 24 നാണ് കേരള പഞ്ചായത്തീരാജ് നിയമവും, കേരള മുൻസിപ്പാലിറ്റി നിയമവും കേരള നിയമസഭ പാസ്സാക്കിയത്. ഈ നിയമങ്ങളുടെ പിൻബലത്തോടെ 1995 ഒക്ടോബർ 2 ന് കേരളത്തിൽ പുതിയ പ്രാദേശിക സർക്കാരുകൾ നിലവിൽ വന്നു.

## 1.2 അധികാര വികേന്ദ്രീകരണം സുശക്തമാക്കാൻ ജനകീയാസൂത്രണം

1995 ഒക്ടോബർ 2ന് പഞ്ചായത്ത്, മുനിസിപ്പൽ സമിതികൾ അധികാരത്തിൽ വന്നെങ്കിലും പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും, ജീവനക്കാരും ലഭ്യമായിരുന്നില്ല. കേരളം, കുറഞ്ഞ ആളോഹരി വരുമാനത്തിലും മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിച്ചത് ആസൂത്രണത്തിലെ മികവും, അതിനു നൽകിയ പ്രാധാന്യവുമാണ്. കേരളം അഭിമുഖീകരിച്ചുകൊണ്ടിരുന്ന വികസന പ്രശ്നങ്ങൾ തരണം ചെയ്യണമെങ്കിൽ അധികാര വികേന്ദ്രീകരണത്തോടൊപ്പം വികേന്ദ്രീകരണാസൂത്രണവും അതുവഴി പൊതുജന പങ്കാളിത്തവും അനിവാര്യമാണ് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്, 1996ൽ അധികാരത്തിൽ വന്ന സർക്കാർ അധികാര വികേന്ദ്രീകരണത്തോടൊപ്പം ജനകീയാസൂത്രണം എന്ന പേരിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്ത് 1996 ആഗസ്റ്റ് 17 ന് ജനകീയാസൂത്രണ പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചു. സംഘാടന പദ്ധതി വിഹിതത്തിന്റെ

40% ത്തോളം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തീരുമാനവും സർക്കാർ പ്രഖ്യാപിച്ചു. അധികാര വികേന്ദ്രീകരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിൽ വരുത്താൻ സാധിച്ചത് ജനകീയാസൂത്രണമായിരുന്നു.

## 1.3 സെൻകമ്മിറ്റി

1996 ലെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന സംസ്ഥാന സർക്കാർ അധികാര വികേന്ദ്രീകരണം പ്രാപ്തമാക്കാനും പ്രാദേശിക ഭരണം ശക്തിപ്പെടുത്താനും നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ: സത്യബ്രത സെന്നിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. അധികാരം ജനങ്ങൾക്കെന്ന കാഴ്ചപ്പാടോടുകൂടി സമഗ്രമായ നിർദേശമാണ് സെൻകമ്മിറ്റി സർക്കാരിന് സമർപ്പിച്ചത്. ഈ നിർദേശങ്ങൾ സർക്കാർ അംഗീകരിക്കുകയും 1999 ൽ പഞ്ചായത്തിരാജ് നഗരപാലിക നിയമങ്ങളിൽ സമഗ്രമായ ഭേദഗതികൾ വരുത്തുകയും ചെയ്തു.

### 1.3.1 സെൻകമ്മിറ്റി അടിസ്ഥാന നിർദേശങ്ങൾ

1. സ്വാധികാരം : ധർമ്മപരവും, ഭരണപരവും, ധനപരവുമായ സ്വാതന്ത്ര്യം.
2. കീഴ്തലങ്ങൾക്ക് മുൻഗണന : താഴെ തലത്തിൽ ചെയ്യേണ്ടവ താഴെ തലത്തിൽ, ബാക്കിയുള്ളവ മാത്രം മേൽതലത്തിലേയ്ക്ക്.
3. ശക്തമായ ഉത്തരവാദിത്വ വിഭജനം : ഓരോതലത്തിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ട ചുമതലകൾക്ക് കൃത്യമായ ധാരണ.
4. അനുപൂരകത : ഓരോ തലവും മറ്റ് തലങ്ങൾക്ക് അനുപൂരകം.
5. ഏകസമാനത : ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, മുൻഗണന നിശ്ചയിക്കൽ എന്നിവയ്ക്ക് വ്യക്തമായ മാനദണ്ഡങ്ങൾ.
6. മാനവികത : എല്ലാ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം
7. ഉത്തരവാദിത്വം : ജനപ്രതിനിധികൾക്ക് സമൂഹത്തിനോട് പൂർണമായ ഉത്തരവാദിത്വം.
8. സുതാര്യത : എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പുവരുത്തൽ

## 1.4 അധികാര വികേന്ദ്രീകരണം - കേരളത്തിലെ സവിശേഷതകൾ

ഭരണഘടന വിഭാവനം ചെയ്തത് പോലെ അധികാര വികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം. പ്രാദേശിക സർക്കാരുകൾക്ക് സ്വയം ഭരണ സർക്കാരായി പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും നൽകി. സ്വയം ഭരണാവകാശം, ചുമതലകൾ, വിഭവങ്ങൾ, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവയെല്ലാം നൽകുന്നതോടൊപ്പം ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കി.

1. രാഷ്ട്രീയ അധികാര വികേന്ദ്രീകരണത്തോടൊപ്പം ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ജനകീയാസൂത്രണത്തിലൂടെ ആസൂത്രണ വികേന്ദ്രീകരണവും കേരളത്തിൽ നടപ്പാക്കി.
2. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ ധനവികേന്ദ്രീകരണവും ഭാരിച്ച ചുമതലകൾ നിറവേറ്റാനുള്ള പശ്ചാത്തലമൊരുക്കാൻ ഭരണപരമായ വികേന്ദ്രീകരണവും നടപ്പിലാക്കി.
3. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്താൻ ജനങ്ങളെ തദ്ദേശ സ്ഥാപനങ്ങൾക്കൊപ്പം അണിനിരത്താൻ വിവിധ ജനകീയ സംവിധാനങ്ങൾക്ക് രൂപം നൽകി. ഇതു കേരളത്തിന്റെ മാത്രം സവിശേഷതയാണ്.
4. കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ജനപ്രതിനിധികൾ ഭരണ കർത്താക്കളല്ല, ഉദ്യോഗസ്ഥർ സർക്കാരിന്റെ കൈകളായി പ്രവർത്തിക്കുന്ന ബ്യൂറോകളും അല്ല. ജനങ്ങൾ കാഴ്ച്ചക്കാരോ, ഗുണഭോക്താക്കളോ അല്ല, എല്ലാവരും പങ്കാളികൾ മാത്രമാണ്.

| അധികാരവികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ | |
|---|---|
| 1. അധികാരം ജനങ്ങൾക്ക് നൽകുന്നു.<br>2. ഭരണകാര്യങ്ങൾ വേഗത്തിൽ നടക്കുന്നു.<br>3. ഭരണത്തിന്റെ കാര്യക്ഷമത വർധിക്കുന്നു.<br>4. പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണാൻ സാധിക്കുന്നു. | 5. അറിയാനുള്ള അവകാശം പ്രാവർത്തികമാക്കുന്നതോടെ സുതാര്യത വർദ്ധിക്കുന്നു.<br>6. സാമൂഹ്യനീതി ഉറപ്പുവരുത്താൻ സാധിക്കണം.<br>7. ലിംഗനീതി ഉറപ്പുവരുത്താൻ സാധിക്കുന്നു.<br>8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗകാർക്ക് ഭരണ വികസന കാര്യങ്ങളിൽ പങ്കാളിത്തം ലഭിക്കുന്നു. |

കേരളത്തിന്റെ അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും എല്ലാ പ്രക്രിയയും നിയമവും ഉത്തരവുകളും ചട്ടങ്ങളുമെല്ലാം തന്നെ സുതാര്യത, പങ്കാളിത്തം, സാമൂഹ്യ നീതി, അക്കൗണ്ടബിലിറ്റി എന്നീ, സദ്ഭരണത്തിന്റെ അടിസ്ഥാന തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

കേരളത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്രതയും ഉദ്ഗ്രഥനവും ഉറപ്പാക്കേണ്ടതുണ്ട്. വകുപ്പുകൾ, വിവിധ വിഷയങ്ങളിലെ വികസന പ്രശ്നങ്ങൾ, എന്നിവ വ്യത്യസ്ത അറകളിൽ നിന്നാൽ ഇത് ഉറപ്പാക്കാൻ കഴിയില്ല എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പഞ്ചായത്തിരാജ് മുൻസിപ്പൽ സംവിധാനത്തിന് രൂപം നൽകിയിട്ടുള്ളത്. പണവും അധികാരവും ജനത്തിന്റെതാണെന്നും അവ ഫലപ്രദമായി വിനിയോഗിക്കുന്നതിനാണ് ഇത്തരം സംവിധാനങ്ങൾ എന്നും, അതുകൊണ്ടുതന്നെ ഇവയുടെ പ്രവർത്തനങ്ങളെ സഹായിക്കാനും, വിലയിരുത്താനും, പങ്കെടുക്കാനും പൊതുജനത്തിന് അധികാരവും ഉത്തരവാദിത്തവും ഉണ്ട് എന്നതാണ് മറ്റൊരു കാഴ്ചപ്പാട്.

# അദ്ധ്യായം 2

# തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രധാനമായും രണ്ടു തരത്തിലുള്ളവയാണ്. ജനസംഖ്യയുടേയും വികസനാവ സ്ഥയുടെയും അടിസ്ഥാനത്തിൽ നഗര പ്രദേശങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും രൂപീ കരിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്ത് സംവിധാനമാണുള്ളത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ, ഗ്രാമപഞ്ചായത്തുകളും, നിശ്ചിത എണ്ണം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ബ്ലോക്ക് പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തുകളുമാണുള്ളത്. ഗ്രാമനഗര പ്രദേശങ്ങളിലെ എല്ലാ തദ്ദേശ സ്വയം ഭരണസ ഥാപനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള ഭരണഘടനാ പരമായ സംവിധാനമാണ് ആസൂത്രണ സമിതികൾ. ആസൂ ത്രണ സമിതി അദ്ധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കൺവീനർ ജില്ലാ കളക്ടറുമാണ്.

## 2.1 ഗ്രാമപഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റികൾ/ മുൻസിപ്പൽ കോർപ്പറേഷനുകൾ

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമ നഗര പ്രദേശങ്ങളെ നിയോജക മണ്ഡലങ്ങളായി നിശ്ചയിച്ചിട്ടുണ്ട്. (വാർഡു കൾ) അഞ്ച് വർഷത്തിലൊരിക്കൽ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്റെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും നട ക്കുന്ന തെരഞ്ഞെടുപ്പിലൂടെ വാർഡുകളെ പ്രതിനിധീകരിക്കുന്നു. അംഗങ്ങൾ ചേർന്നതാണ് ഭരണസമിതി. പുതിയ ഭരണസ മിതി രൂപീകൃതമാകുമ്പോൾ തന്നെ ഭരണസമിതിയുടെ അധ്യക്ഷ/ൻ, ഉപാദ്ധ്യാക്ഷ/ൻ എന്നിവരെയും തെരഞ്ഞെടുക്കുന്നു. ഒരു ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിക്കേണ്ടതുണ്ട്. ഭരണസമിതി അംഗങ്ങൾ അവരിൽ നിന്നു തന്നെ അംഗങ്ങളെ തെരഞ്ഞെ ടുത്ത് രൂപീകരിക്കുന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും തെരഞ്ഞെടുക്കപ്പെട്ട ചെയർപേഴ്സൺ ഉണ്ടായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ ഒഴികെ തെരഞ്ഞെടുക്കപ്പെട്ട മറ്റെല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കും എക്സ് ഒഫിഷ്യോ അംഗമായിരിക്കും. പഞ്ചായത്ത് വൈസ് പ്രസിഡന്റ്/ മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ/ ഡപ്യൂട്ടി മേയർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയിരിക്കും. തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിയമപരമായി ഭരണ പക്ഷവും പ്രതിപക്ഷവുമില്ല, എല്ലാവരും ഭരണ പക്ഷമാണ്.

എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും അംഗങ്ങളായും, പഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർപേഴ്സൺ/ മേയർ, അദ്ധ്യക്ഷനും ആയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ഉണ്ടായിരിക്കും.


## 2.2 ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് ബ്ലോക്ക് പഞ്ചായ ത്തുകൾ. ഒന്നിലധികം ഗ്രാമപഞ്ചായത്ത് വാർഡുകൾ ചേർന്നതാകും ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ (വാർഡ്). ബ്ലോക്ക് ഡിവിഷനുകളിൽ നിന്നും തെരഞ്ഞടുക്കപ്പെടുന്ന അംഗങ്ങളും ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപ ഞ്ചായത്ത് അദ്ധ്യക്ഷൻമാരും ചേർന്നതാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി. ഭരണപരമായ കാര്യങ്ങളിൽ മാത്രമേ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർക്ക് ബ്ലോക്ക് പഞ്ചായത്തിൽ വോട്ടവകാശം ഉള്ളൂ. ഇതുപോലെ ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ ചേർന്നതാണ് ജില്ലാ പഞ്ചായത്ത് ഡിവിഷൻ. ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും ബ്ലോക്ക് പ്രസിഡന്റ്മാരും ചേർന്നതാണ് ജില്ലാ പഞ്ചായത്ത് ഭരണ സമിതി. ഭരണപരമായ കാര്യങ്ങളിൽ മാത്രമേ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് ജില്ലാ പഞ്ചായത്തിൽ വോട്ട വകാശമുള്ളൂ. ഗ്രാമപഞ്ചയത്തുകളിലേതുപോലെ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും സ്റ്റിയറിംഗ് കമ്മിറ്റി വിവിധ വിഷയങ്ങൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റിയും ഉണ്ട്.

ത്രിതലപഞ്ചായത്തുകളായ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ തമ്മിൽ


മേൽ-കീഴ് ബന്ധമല്ല ഉള്ളത്. ഇവ പരസ്പര പൂരകമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഏകോപനം ഉറപ്പുവരുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്തിലും, ബ്ലോക്ക് പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിലും അംഗങ്ങളായിരിക്കും. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ

വകുപ്പ് 3(7) അനുസരിച്ച്, ഗ്രാമസഭയിലെ എല്ലാ തീരുമാനങ്ങൾക്കും ഗ്രാമ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും അർഹമായ പരിഗണന നൽകണം. അതുകൊണ്ടാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ഗ്രാമസഭയിൽ പങ്കെടുക്കണമെന്ന് പറഞ്ഞിട്ടുള്ളത്.




## 2.3 മുനിസിപ്പാലിറ്റി- മുൻസിപ്പൽ കോർപ്പറേഷൻ

ഏതാണ്ട് പഞ്ചായത്തുകളുടെ മാതൃകയിൽ തന്നെയാണ് നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റികളും, മുൻസിപ്പൽ കോർപ്പറേഷനുകളും പ്രവർത്തിക്കുന്നത്. മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനും, ഗ്രാമ സഭക്ക് സമാനമായ വാർഡ് സഭകളാണുള്ളത്. എന്നാൽ ഒരു ലക്ഷത്തിനു പുറത്ത് വോട്ടർമാരുള്ള നഗരസഭയിൽ വാർഡ് കമ്മിറ്റികളും ഉണ്ടായിരിക്കും. ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റിന് പകരം നഗരസഭകളിൽ ചെയർപേഴ്സണും, കോർപറേഷനുകളിൽ മേയറുമാണ് ഭരണസമിതിയുടെ അദ്ധ്യക്ഷന്മാർ. സ്റ്റിയറിംഗ് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നഗരസഭകളിലും രൂപീകരിച്ചിട്ടുണ്ട്.



# അദ്ധ്യായം 3
# സ്റ്റാൻഡിംഗ് കമ്മിറ്റികൾ

(കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 162.162 A, കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 20,22 A)

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭരണപരവും വികസനപരവും ക്ഷേമപരവുംആയ കാര്യങ്ങൾ, കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതും വേഗത്തിലുമാക്കുന്നതിന് സഹായിക്കുന്ന നിയമപരമായ സംവിധാനമാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ അഥവാ സ്ഥിരം സമിതികൾ. പൊതുഭരണത്തിലും വികസനം/സേവനം/പശ്ചാത്തലം എന്നീ മേഖലകളിലും ഉള്ള നാനാതരം പ്രശ്നങ്ങൾ മുഴുവനും ഭരണ സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കുക എന്നത് പ്രയാസമേറിയതാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനു സഹായകമാംവിധമാണ് കേരള പഞ്ചായത്തിരാജ് നിയമത്തിലെ 162-ാം വകുപ്പിൽ/KM ആക്ടിൽ 20-ാം വകുപ്പിൽ സ്റ്റാന്റിംഗ് കമ്മിറ്റി വിഭാവനം ചെയ്തത്. പിന്നീട് സെൻകമ്മിറ്റി ശുപാർശ പ്രകാരം 2000 ത്തിൽ ആക്ട് ഭേദഗതി ചെയ്ത് സ്റ്റാന്റിംഗ് കമ്മിററികളുടെ എണ്ണം വർദ്ധിപ്പിച്ചു.

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിനു നിർണ്ണയിച്ചുനൽകിയ വിഷയങ്ങളിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ അത് തൊട്ടടുത്ത ഭരണസമിതിയിൽ അവതരിപ്പിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു തീരുമാനമായി മാറുന്നതാണ്. ഈ പൊതു തീരുമാനത്തിന് യുക്തിയും അഭിപ്രായ വിനിമയവും ആശയ വ്യക്തതയും സാധ്യമാക്കുന്നതിന് ഓരോ തദ്ദേശ ഭരണ സമിതിക്കും മുമ്പായി സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് ചർച്ച ചെയ്യുന്നതാണ്. അതിവിപുലമായ അധികാരവും ഉത്തരവാദിത്തവും ഉള്ള ജനങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്ന സംവിധാനമെന്ന നിലയിൽ, തദ്ദേശസ്ഥാപനങ്ങൾക്ക് ഫലപ്രാപ്തിയും കാര്യശേഷിയും ഉറപ്പുവരുത്താൻ കഴിയണമെങ്കിൽ ഭരണ സമിതി ഉത്തരവാദിത്തങ്ങൾ വിഭജിച്ച് പ്രവർത്തിച്ചാലേ കഴിയൂ എന്ന കാഴ്ചപ്പാടിലാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുള്ളത്.

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നാലു വീതവും ജില്ലാ പഞ്ചായത്തിൽ അഞ്ചും, മുനിസിപ്പാലിറ്റിയിൽ ആറും, കോർപ്പറേഷനിൽ എട്ടും സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഘടന താഴെ പറയും പ്രകാരമാണ്.

### 3.1 സ്റ്റാൻഡിംഗ് കമ്മിറ്റികൾ

| എ. ഗ്രാമപഞ്ചായത്ത് | ബി. ബ്ലോക്ക്പഞ്ചായത്ത് | സി. ജില്ലാപഞ്ചായത്ത് |
|---|---|---|
| 1. ധനകാര്യം<br>2. വികസനം<br>3. ക്ഷേമകാര്യം<br>4. ആരോഗ്യവും വിദ്യാഭ്യാസവും | 1. ധനകാര്യം<br>2. വികസനം<br>3. ക്ഷേമകാര്യം<br>4. ആരോഗ്യവും വിദ്യാഭ്യാസവും | 1. ധനകാര്യം<br>2. വികസനം<br>3. ക്ഷേമകാര്യം<br>4. പൊതുമരാമത്ത്<br>5. ആരോഗ്യവും വിദ്യാഭ്യാസവും |

| നഗരസഭ | മുൻസിപ്പൽ കോർപ്പറേഷൻ |
|---|---|
| 1. ധനകാര്യം<br>2. വികസനകാര്യം<br>3. ക്ഷേമകാര്യം<br>4. പൊതുമരാമത്ത്<br>5. ആരോഗ്യം<br>6. വിദ്യാഭ്യാസം, കല, കായികം | 1. ധനകാര്യം<br>2. വികസനകാര്യം<br>3. ക്ഷേമകാര്യം<br>4. പൊതുമരാമത്ത്<br>5. ആരോഗ്യം<br>6. നഗരാസൂത്രണം<br>7. നികുതി അപ്പീൽ<br>8. വിദ്യാഭ്യാസം, കായികം |

- ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗസംഖ്യ ആക്ടിൽ നിർണയിച്ച പ്രകാരം ആയിരിക്കേണ്ടതാണ്.
- ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളിൽ ഒരാളുടെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്.
- പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും ഒഴികെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ ഒറ്റക്കൈമാറ്റ വോട്ട് പ്രകാരം തെരഞ്ഞെടുക്കുന്ന അംഗങ്ങളാണ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാവുക.
- ഒരംഗം ഒരേ സമയം ഒന്നിലധികം സ്റ്റാന്റിംഗ് കമ്മിറ്റികളിൽ അംഗമായിരിക്കുവാൻ പാടില്ല.
- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദേശത്തിലും നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് തെരഞ്ഞെടുപ്പ്.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെ മറ്റേതൊരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചെയർമാനെ അതത് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്നതാണ്.
- വൈസ് പ്രസിഡണ്ട്/ഡെപ്യൂട്ടി ചെയർപേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയിരിക്കുന്നതാണ്. ആയതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ നിശ്ചയിക്കുന്നതിൽ തെരഞ്ഞെടുപ്പ് ആവശ്യമില്ല.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ പഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടായി തുടരുന്നിടത്തോളം കാലം ആ സ്ഥാനം വഹിക്കേണ്ടതാണ്. (നഗരസഭയിടെ ഡെപ്യൂട്ടി ചെയർപേഴ്സൺ)
- പ്രസിഡണ്ട് പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യനിർവഹണ അധികാരി ആയിരിക്കുന്നതാണ്. പ്രസിഡണ്ട് ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ചെയർമാൻ പദവിയിലും തെരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിലും എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളിലെയും എക്സ്-ഒഫീഷ്യോ അംഗമായിരിക്കുന്നതാണ്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.
- വൈസ് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.
- വൈസ് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.
- ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ വൈസ് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.
- മേൽപ്പറഞ്ഞ പ്രകാരം വൈസ് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയോ അംഗത്തിന്റെയോ കാലാവധി ആ പഞ്ചായത്തിന്റെ കാലാവധി തന്നെയായിരിക്കും.

## 3.2 സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 എ വകുപ്പ് പ്രകാരവുംകേരള മുനിസ്പ്പാലിറ്റി നിയമത്തിലെ വകുപ്പ് 22 പ്രകാരവും ആണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ നിർണയിച്ചിട്ടുള്ളത്.

| സ്റ്റാന്റിംഗ് കമ്മിറ്റി | വിഷയങ്ങൾ |
|---|---|
| ഗ്രാമപഞ്ചായത്ത് | |
| ധനകാര്യം | ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ. |

| | |
|---|---|
| വികസനം | വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, സ്ഥലപരമായ ആസൂത്രണം (സ്പേഷ്യൽ പ്ലാനിംഗ്), കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യ വനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിട നിർമാണങ്ങളുടെ നിയന്ത്രണ വൈദ്യുതി. |
| ക്ഷേമകാര്യം | പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജനം, പൊതുവിതരണം സമ്പ്രദായം. |
| ആരോഗ്യവും വിദ്യാഭ്യാസവും | പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജല വിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും |
| **ബ്ലോക്ക് പഞ്ചായത്ത്** | |
| ധനകാര്യം | ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ |
| വികസനം | വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവും പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി, നീർമറി പരിപാലനം. |
| ക്ഷേമകാര്യം | പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം, ദാരിദ്ര്യ നിർമാർജനം, പൊതുവിതരണ സമ്പ്രദായം. |
| ആരോഗ്യവും വിദ്യാഭ്യാസവും | പൊതുജനാരോഗ്യം, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും. |
| **ജില്ലാ പഞ്ചായത്ത്** | |
| ധനകാര്യം | ധനകാര്യം, എക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ |
| വികസനം | വികസന ആസൂത്രണം, സാമൂഹ്യ സാമ്പത്തിക പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, മൃഗ സംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, വൈദ്യുതി. |
| പൊതുമരാമത്ത് | പൊതുമരാമത്ത്, പാർപ്പിട സൗകര്യം, സ്പേഷ്യൽ പ്ലാനിംഗ് (സ്ഥലപര ആസൂത്രണം), പരിസ്ഥിതി. |
| ആരോഗ്യവും വിദ്യാഭ്യാസവും | പൊതുജനാരോഗ്യം, വിദ്യാഭ്യാസം |
| ക്ഷേമകാര്യം | സാമൂഹ്യ ക്ഷേമം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി-പട്ടികവർഗ വികസനം, ദാരിദ്ര്യനിർമാർജനം |
| **നഗരസഭ** | |
| ധനകാര്യം | 1. ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റുതുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക<br>2. മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക |

| | |
|---|---|
| | 3. സർക്കാരിൽ നിന്നു വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>4. അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, മാസംതോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>5. കൗൺസിലിന് ലഭിക്കേണ്ടതായ തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>6. വാർഷിക ഡി.സി.ബി സൂക്ഷ്മ പരിശോധന നടത്തുക<br>7. വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>8. ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോയെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക.<br>9. കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ കൗൺസിൽ ജീവനക്കാർക്കെതിരേയുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക<br>10. നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക. നികുതി ചുമത്താൻ വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിനും മൂല്യം കുറച്ച് ചുമത്തിയ നികുതി പുനഃപ്പരിശോധിക്കുന്നതിനും സെക്രട്ടറിക്കു നിർദ്ദേശം നൽകുക |
| വികസനകാര്യം | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹിക വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസന പദ്ധതി തയ്യാറാക്കൽ |
| ക്ഷേമകാര്യം | പട്ടികജാതി/പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹിക ക്ഷേമം, സാമൂഹിക സുരക്ഷാ പെൻഷനും ധനസഹായവും ചേരിപരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം, പൊതുവിതരണ സമ്പ്രദായം |
| ആരോഗ്യം | പൊതുജനാരോഗ്യ, ആരോഗ്യ സേവനങ്ങൾ, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം |
| മരാമത്ത്കാര്യം | പൊതുമരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി |
| വിദ്യാഭ്യാസം,<br>കല, കായികം | വിദ്യാഭ്യാസം, കല, സംസ്കാരം, കായികവിനോദം |
| **മുനിസിപ്പൽ കോർപ്പറേഷൻ** | |
| ധനകാര്യം | 1. ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റു തുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക.<br>2. മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുക<br>3. സർക്കാരിൽ നിന്ന് വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>4. അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുക, മാസം തോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>5. കൗൺസിലിന് ലഭിക്കേണ്ടുന്ന തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്കു ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>6. വാർഷിക ഡി.സി.ബി സൂക്ഷ്മപരിശോധന നടത്തുക |

| | |
|---|---|
| | 7. വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>8. ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോയെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക<br>9. കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ കൗൺസിൽ ജീവനക്കാർക്കെതിരേ യുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലി ന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയും ചെയ്യുക. |
| വികസനകാര്യം | കൃഷി, മണ്ണുസംരക്ഷണം, വികസന ആസൂത്രണം, സാമൂഹിക വനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, വികസന പദ്ധതി തയ്യാറാക്കൽ. |
| ക്ഷേമകാര്യം | പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹികക്ഷേമം, സാമൂഹികസുരക്ഷാ പെൻഷനുകളും ധനസഹായവും, ചേരി പരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം. |
| ആരോഗ്യം | പൊതുജനാരോഗ്യം, ശുചീകരണം, ഡി ആന്റ് ഒ ലൈസൻസ് |
| പൊതുമരാമത്ത്കാര്യം | പൊതുമരാമത്ത്, ഭവന നിർമ്മാണം, വൈദ്യുതി, ജല വിതരണം, അഴുക്കുചാൽ നിർമ്മാണം |
| നഗരാസൂത്രണം | നഗരാസൂത്രണം, കെട്ടിടനിർമ്മാണ നിയന്ത്രണം, പരിസ്ഥിതി, നഗര സൗന്ദര്യവൽക്കരണം, കലയും സംസ്കാരവും, പുരാവസ്തു സംരക്ഷണം |
| നികുതി അപ്പീൽ കാര്യം | നികുതി സംബന്ധമായ കാര്യങ്ങൾ, നികുതി അപ്പീലുകൾ |
| വിദ്യാഭ്യാസം | വിദ്യാഭ്യാസവും കായികവിനോദവും |

- സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ചട്ടങ്ങളാൽ നൽകപ്പെട്ട അധികാരങ്ങൾക്കും കർത്തവ്യങ്ങൾക്കും പുറമെ തദ്ദേശഭരണ സ്ഥാപനം ഉത്തരവാദിത്തം ഏൽപ്പിക്കുന്ന അതിന്റെ മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും നിർവഹിക്കാവുന്നതാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കുന്ന ഏതൊരു പ്രമേയവും തീരുമാനവും പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ അടുത്ത ഭരണസമിതി യോഗത്തിൽ വെക്കേണ്ടതും പ്രമേയങ്ങളിലും തീരുമാനങ്ങളിലും ആവശ്യമെന്നു തോന്നുന്ന പക്ഷം വേണ്ട മാറ്റം വരുത്തുവാൻ പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക്/കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
- ഭൂരിപക്ഷം അംഗങ്ങളുടെ രാജി മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ കഴിയാതെ വരുമ്പോൾ ആ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പുനർ രൂപീകരണം വരെ അതിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റിയറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

## 3.3 സ്റ്റിയറിംഗ് കമ്മിറ്റി

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ചെയർപേഴ്സൺ വൈസ് ചെയർപേഴ്സൺ മേയർ, ഡപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് എന്നിവരടങ്ങിയതാണ് സ്റ്റിയറിംഗ് കമ്മിറ്റി. സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചെയർമാൻ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷനായിരിക്കും.സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും തദ്ദേശഭരണ സ്ഥാപനം ഏൽപ്പിക്കുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

## 3.4 ഇതര കമ്മിറ്റികൾ അല്ലെങ്കിൽ മറ്റ് ജനാധിപത്യ വേദികൾ

| | |
|---|---|
| **പ്രവർത്തന കമ്മിറ്റികൾ** (കേരള പഞ്ചായത്തിരാജ് നിയമം 163) കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 35 | കൃഷി, ശുചിത്വം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നിവക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് പ്രവർത്തന കമ്മിറ്റികൾ തുടങ്ങാം. |
| **സബ്കമ്മിറ്റികൾ** (കേരള പഞ്ചായത്തിരാജ് നിയമം 164) K.M.A Sec.37 | സ്റ്റാന്റിംഗ് കമ്മിറ്റിയോ പ്രവർത്തന കമ്മിറ്റിയോ ഏതെങ്കിലും പദ്ധതിയോ പ്രോജക്ടോ പ്രവർത്തിയോ പ്ലാനോ നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനായി സബ്കമ്മിറ്റികൾക്ക് രൂപം നൽകാവുന്നതാണ്. |
| **വാർഡ് കമ്മിറ്റികൾ** (കേരള പഞ്ചായത്തിരാജ് നിയമം 164) കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 42, 42A | ഗ്രാമ പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിന്റെയും ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വാർഡ് കമ്മിറ്റികൾക്ക് രൂപം നൽകാം. ഭരണ ഘടനയുടെ അനുച്ഛേദം 243(5) പ്രകാരം ഓരോ നഗര സഭയിലും വാർഡ് കമ്മിറ്റിക്ക് രൂപം നൽകാം. എന്നാൽ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡ് സഭക്ക് പകരം, മുൻസിപ്പാലിറ്റി നിയമത്തിലെ 42-ാം വകുപ്പ് പ്രകാരം ഓരോ വാർഡിലും ഓരോ വാർഡ് കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്. |
| **ജോയിന്റ് കമ്മിറ്റി** കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 165 കേരളമുനിസിപ്പൽ ആക്ട് സെക്ഷൻ 37 | ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് കൂട്ടായി ഒരു പ്രവർത്തി ഏറ്റെടുക്കേണ്ടി വരുമ്പോൾ ആ ആവശ്യത്തിനായി ജോയിന്റ് കമ്മിറ്റികൾക്ക് രൂപം നൽകാവുന്നതാണ്. ഇവ കൂടാതെ മറ്റു ധാരാളം കമ്മിറ്റി സംവിധാനങ്ങളുമുണ്ട്. |
| **ജനകീയ കമ്മിറ്റികൾ** കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 164 | ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, പാടശേഖര സമിതി, മഹിളാസമാജങ്ങൾ, ജാഗ്രതാ സമിതി, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി ഒട്ടനവധി കമ്മിറ്റികൾ ചുറ്റിനുമുണ്ട്. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | അംഗങ്ങളുടെ എണ്ണം |
|---|---|
| ഗ്രാമ പഞ്ചായത്ത് | കുറഞ്ഞത് 13, കൂടിയത് 23 |
| ബ്ലോക്ക് പഞ്ചായത്ത് | കുറഞ്ഞത് 13, കൂടിയത് 23 |
| ജില്ലാ പഞ്ചായത്ത് | കുറഞ്ഞത് 16, കൂടിയത് 32 |
| മുൻസിപ്പാലിറ്റി | കുറഞ്ഞത് 25, കൂടിയത് 52 |
| മുൻസിപ്പൽ കോർപ്പറേഷൻ | കുറഞ്ഞത് 55, കൂടിയത് 100 |

# അദ്ധ്യായം 4

# തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

**4.1. ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകൾ** (3-ാം പട്ടിക കേരള പഞ്ചായത്തീരാജ് ആക്ട്)

| അനിവാര്യ ചുമതലകൾ (27) | പൊതുവായ ചുമതലകൾ (14) |
|---|---|
| 1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക<br>2. പൊതുസ്ഥലങ്ങൾ കൈയേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക<br>3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.<br>4. കുളങ്ങളും മറ്റുജലസംഭരണികളും സംരക്ഷിക്കുക.<br>5. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.<br>6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.<br>7. പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.<br>8. പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക.<br>9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.<br>10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.<br>11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റു ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക.<br>12. ഭക്ഷണശാലകളെ നിയന്ത്രിക്കുക.<br>13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.<br>14. റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കുക.<br>15. തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.<br>16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.<br>17. രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക. | 1. അവശ്യ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.<br>2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.<br>3. മിതവ്യയം ശീലിക്കുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.<br>4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരേ ബോധവൽക്കരണം നടത്തുക.<br>5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.<br>6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.<br>7. സഹകരണമേഖല വികസിപ്പിക്കുക.<br>8. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.<br>9. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക.<br>10. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക.<br>11. സാമ്പത്തിക കുറ്റങ്ങൾക്കെതിരേ പ്രചാരണം നടത്തുക.<br>12. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.<br>13. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക. |

18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്കു ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലവും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്കു ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

14. പരിസ്ഥിതി സംബന്ധിച്ച് ബോധവൽക്കരണം നടത്തുക. അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് രൂപം നൽകുക.

## മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

### I. കൃഷി

1. തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക.
2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
3. മണ്ണ് സംരക്ഷണം
4. ജൈവവള ഉൽപ്പാദനം
5. തവാരണങ്ങൾ സ്ഥാപിക്കുക.
6. സഹകരണ-കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക.
8. ഉദയാന കൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക.
9. കാലിത്തീറ്റവിള വികസനം
10. സസ്യ സംരക്ഷണം
11. വിത്ത് ഉൽപ്പാദനം
12. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം
13. കൃഷിഭവനുകളുടെ നടത്തിപ്പ്.

### II. മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും

1. കന്നുകാലി വികസന പരിപാടികൾ
2. ക്ഷീരോൽപ്പാദനം
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക
4. മൃഗാശുപത്രികൾ നടത്തുക
5. ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ നടത്തുക
6. മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക
8. പ്രത്യുൽപ്പാദനക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക

### III. ചെറുകിട ജലസേചനം

1. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വളരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക.

### IV. മത്സ്യബന്ധനം

1. കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻ വളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക.

| | |
|---|---|
| 2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.<br>3. ജല സംരക്ഷണം പ്രാവർത്തികമാക്കുക. | 2. മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക.<br>3. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.<br>4. മത്സ്യവിപണനത്തിനുള്ള സഹായം നൽകുക.<br>5. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക.<br>6. മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികൾ നടപ്പാക്കുക. |
| **V. സാമൂഹിക വനവൽക്കരണം**<br>1. കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉൽപ്പാദിപ്പിക്കുക<br>2. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.<br>3. പാഴ്ഭൂമിയെ വനവൽക്കരിക്കുക. | **VI. ചെറുകിട വ്യവസായങ്ങൾ**<br>1. കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.<br>3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക. |
| **VII. ഭവനനിർമ്മാണം**<br>1. ഭവനരഹിതരെയും പുറമ്പോക്കു നിവാസികളെയും കണ്ടെത്തി ഭവനനിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.<br>2. ഗ്രാമീണ ഭവനനിർമ്മാണപദ്ധതികൾ നടപ്പാക്കുക.<br>3. അഭയകേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക. | **VIII. ജലവിതരണം**<br>1. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്.<br>2. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക. |
| **IX. വിദ്യുച്ഛക്തിയും ഊർജ്ജവും**<br>1. നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.<br>2. ജൈവ വാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക. | **X. വിദ്യാഭ്യാസം**<br>1. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്.<br>2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക<br>3. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും |
| **XI. പൊതുമരാമത്ത്**<br>1. ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.<br>2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിടനിർമ്മാണം നടത്തുക. | **XII. പൊതുജനാരോഗ്യവും ശുചീകരണവും**<br>1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക<br>2. മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക.<br>3. രോഗവിമുക്തിയും മറ്റു പ്രതിരോധ നടപടികളും നടത്തുക.<br>4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.<br>5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക. |
| **XIII. സാമൂഹികക്ഷേമം**<br>1. അംഗൻവാടികൾ നടത്തുക.<br>2. അഗതികൾക്കും വിധവകൾക്കും വികലാംഗർ | **XIV. ദാരിദ്ര്യനിർമ്മാർജ്ജനം**<br>1. ദരിദ്രരെ കണ്ടെത്തുക.<br>2. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് |

ക്കും കർഷക തൊഴിലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.

3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
5. ദരിദ്രവിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.
6. ഗ്രാമപഞ്ചായത്ത് തലത്തിലും നിയോജക മണ്ഡല തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക.

3. പാവപ്പെട്ടവർക്കു തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹിക ആസ്തികൾ ഉണ്ടാക്കുക

**XV. പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

1. എസ്.സി.പി, ടി.എസ്.പി എന്നിവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
2. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
3. പട്ടികജാതി-പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു സഹായം നൽകുക.
5. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

**XVI. കായികവിനോദവും സാംസ്കാരിക കാര്യങ്ങളും**

1. കളിസ്ഥലങ്ങൾ നിർമ്മിക്കുക
2. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ

**XVII. പൊതുവിതരണ സമ്പ്രദായം**

1. പൊതുവിതരണ സമ്പ്രദായത്തിനെതിരേയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.
2. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റു പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുവാര മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
3. അളവുതൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക.

**XVIII. പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

1. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക
2. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണി നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്ന ജോലി അതതു പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്.

**XIX. സഹകരണം**

1. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## 4.2 ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ (കേരള പഞ്ചായത്തീരാജ് ആക്ട് 4-ാം പട്ടിക)

**എ. പൊതുവായ ചുമതലകൾ (3)**

1. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക്‌വേർഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

<table>
<tr><th colspan="2">ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ</th></tr>
<tr><td>I. കൃഷി<br>1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.<br>2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക.<br>3. കാർഷിക പ്രദർശനങ്ങൾ നടത്തുക.<br>4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.<br>5. കാർഷിക വായ്പ സ്വരൂപിക്കുക<br>6. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.</td><td>II. മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും<br>1. വെറ്ററിനറി പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.<br>2. മൃഗസംരക്ഷണത്തിൽ വിദഗ്ധസേവനം നൽകുക.<br>3. കന്നുകാലി-കോഴി പ്രദർശനങ്ങൾ നടത്തുക.</td></tr>
<tr><td>III. ചെറുകിട ജലസേചനം<br>1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേസചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.</td><td>IV. മത്സ്യബന്ധനം<br>1. പരമ്പരാഗത കടവുകളുടെ വികസനം.</td></tr>
<tr><td>V. ചെറുകിട വ്യവസായം<br>1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക<br>2. എസ്.എസ്.ഐയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>3. വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക</td><td>VI. ഭവന നിർമ്മാണം<br>1. ചെലവുകുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക.<br>2. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.</td></tr>
<tr><td>VII. വിദ്യുച്ഛക്തിയും ഊർജ്ജവും<br>1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക</td><td>VIII. വിദ്യാഭ്യാസം<br>1. സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്</td></tr>
<tr><td>IX. പൊതുമരാമത്ത്<br>1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക.<br>2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.</td><td>X. പൊതുജനാരോഗ്യവും ശുചീകരണവും<br>1. ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.</td></tr>
<tr><td>XI. സാമൂഹികക്ഷേമം<br>1. ഐ.സി.ഡി.എസ്സുകൾ നടത്തുക.</td><td>XII. ദാരിദ്ര്യ നിർമ്മാർജ്ജനം<br>1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.<br>2. പാവപ്പെട്ടവർക്കു സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യമേഖലയ്ക്കു താഴെയുള്ള ആളുകൾക്കു വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക.</td></tr>
<tr><td>XIII. പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>1. പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുക<br>2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സഹകരണസംഘങ്ങൾ വളർത്തുക.</td><td>XIV. സഹകരണം<br>1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക.<br>2. സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.</td></tr>
</table>

## 4.3 ജില്ലാപഞ്ചായത്തുകളുടെ ചുമതലകൾ (കേരള പഞ്ചായത്തീരാജ് ആക്ട് 5-ാം പട്ടിക)

### എ. പൊതുവായ ചുമതലകൾ (3)

1. സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സാങ്കേതിക വൈദഗ്ധ്യം സമാഹരിക്കുക.
2. ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ഫോർവേഡ് ബാക്ക്‌വേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

### ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

**I. കൃഷി**

1. മേഖലാ കൃഷിയിടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക.
2. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികളിൽ സംയോജിത നീർമറികൾ നടത്തുക.
3. കാർഷിക നിവേശങ്ങൾക്കു വ്യവസ്ഥ ചെയ്യുക.
4. മണ്ണ് പരിശോധിക്കുക.
5. കീടങ്ങളെ നിയന്ത്രിക്കുക
6. കാർഷികോൽപ്പന്നങ്ങളുടെ വിപണനം നടത്തുക.
7. അലങ്കാരച്ചെടികൾ കൃഷിചെയ്യുക
8. കാർഷിക സഹകരണം വളർത്തുക.
9. വാണിജ്യ വിളകളെ വികസിപ്പിക്കുക.
10. ബയോടെക്നോളജി പ്രയോഗിക്കുക.
11. പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക.
12. തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക.

**II. മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും**

1. ജില്ലാതല മൃഗാശുപത്രികളും പരീക്ഷണ ശാലകളും നടത്തുക.
2. ക്ഷീരവികസന യൂണിറ്റുകൾ നടത്തുക.
3. ക്ഷീരോൽപ്പാദന സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. റീജിയണൽ ഫാമുകളില്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും ഗവേഷണ കേന്ദ്രങ്ങളും നടത്തുക.
5. ജില്ലാതല പരിശീലനം നടപ്പാക്കുക.
6. രോഗപ്രതിരോധ പരിപാടികൾ നടപ്പാക്കുക.
7. ഫീൽഡ് ട്രയലുകളുടെയും പൈലറ്റ് പദ്ധതികളുടെയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക.
8. പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും.

**III. ചെറുകിട ജലസേചനം**

1. ഭൂഗർഭ ജലസ്രോതസ്സുകൾ വികസിപ്പിക്കുക.
2. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
3. കമാന്റ് ഏരിയാ വികസിപ്പിക്കുക

**IV. മത്സ്യബന്ധനം**

1. മത്സ്യവിപണനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
2. മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക.
3. ജില്ലാതല മീൻവളർത്തൽ കേന്ദ്രങ്ങൾ വലനിർമ്മാണ യൂണിറ്റുകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ, തീറ്റമില്ലുകൾ, ഐസ് പ്ലാന്റുകൾ, ശീതീകരണികൾ എന്നിവ നിയന്ത്രിക്കുക.
4. ഫിഷറീസ് സ്കൂളുകൾ നിയന്ത്രിക്കുക.
5. നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക.
6. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ സാമഗ്രികൾ നൽകുക.
7. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

**V. ചെറുകിട വ്യവസായങ്ങൾ**

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക
2. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

**VI. ഭവന നിർമ്മാണം**

1. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യവികസനവും നടപ്പാക്കുക.
2. ഭവനനിർമ്മാണത്തിനുള്ള പണം സ്വരൂപിക്കുക

4. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
5. വ്യവസായ സംരംഭ വികസന പരിപാടികൾ നടത്തുക.
6. ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക.
7. പരിശീലനം നൽകുക.
8. ഇൻപുട്ട് സർവ്വീസും കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക.
9. വ്യവസായ വികസന വായ്പാപദ്ധതികൾ നടപ്പാക്കുക.

**VII. ജലവിതരണം**

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കുക.
2. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുക.

**VIII. വിദ്യുച്ഛക്തിയും ഊർജ്ജവും**

1. മൈക്രോ ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക.
2. വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക.

**IX. വിദ്യാഭ്യാസം**

1. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളുടെ നടത്തിപ്പ്.
2. സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്.
3. സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും പോളിടെക്നിക്കുകളുടെയും നടത്തിപ്പ്.
4. സർക്കാർ തൊഴിലധിഷ്ഠിത ഹയർസെക്കൻഡറി സ്കൂളുകളുടെ നടത്തിപ്പ്.
5. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ്.
6. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ഏകോപിപ്പിക്കുക.
7. സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി ഉൾപ്പെടെ)

**X. പൊതുമരാമത്ത്**

1. മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

**XI. പൊതുജനാരോഗ്യവും ശുചീകരണവും**

1. എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക.
2. പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. കേന്ദ്ര-സംസ്ഥാന സ്പോൺസേഡ്പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

**XII. സാമൂഹികക്ഷേമം**

1. അനാഥാലയങ്ങൾക്കു ഗ്രാന്റുകൾ നൽകുക.
2. വികലാംഗർ, അഗതികൾ മുതലായവർക്കായി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക.

**XIII. ദാരിദ്ര്യ നിർമ്മാർജ്ജനം**

1. സ്വയംതൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**XIV. പട്ടികജാതി പട്ടികവർഗ്ഗ വികസനം**

1. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്.
2. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം.

**XV. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും**

1. സ്റ്റേഡിയങ്ങൾ നിർമ്മിക്കുക

**XVI. ജില്ലാ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക**

1. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## 4.4 മുനിസിപ്പാലിറ്റിയുടെ ചുമതലകൾ (കേരള മുനിസിപ്പാലിറ്റി നിയമം -1994 ഒന്നാം പട്ടിക)

### (എ) അനിവാര്യ ചുമതലകൾ (30)

1. കെട്ടിടനിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക.
5. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക.
8. പരിസ്ഥിതി ആരോഗ്യരക്ഷകമായി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റു ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വില്പന എന്നിവ നിയന്ത്രിക്കുക.
12. ഭക്ഷണശാലകൾ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റു പൊതുമുതലുകളും പരിപാലിക്കുക
15. തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക.
18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും, വ്യവസായങ്ങൾക്കും ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും, അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരകളും കക്കൂസുകളും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.
28. ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
29. നടപ്പാതയും റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാൽ നടയാത്രക്കാർക്കു വേണ്ടി ഏർപ്പെടുത്തുക.
30. ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനായി വിശദമായ നഗരാസൂത്രണവും പ്രവർത്തന പദ്ധതിയും തയ്യാറാക്കുക.

### (ബി) പൊതുവായ ചുമതലകൾ (14)

1. അവശ്യ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിപ്പിക്കുന്നതിന് പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഢിപ്പിക്കുക തുടങ്ങിയ സാമൂഹ്യതിൻമകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുക.
8. സഹകരണ മേഖലയെ വികസിപ്പിക്കുക.
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക.
11. ദുർബലവിഭാഗങ്ങൾക്കിടയിൽ നിയമ ബോധവൽക്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയസംഘങ്ങളും രൂപീകരിക്കുക.
14. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

**(സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

**I. കൃഷി**

1. തരിശുഭൂമികളിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിക്കുക.
2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
3. മണ്ണു സംരക്ഷണം നടത്തുക.
4. ജൈവവളം ഉൽപ്പാദിപ്പിക്കുക.
5. തവാരണകൾ സ്ഥാപിക്കുക
6. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക.
8. ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പോത്സാഹിപ്പിക്കുക.
9. കാലിത്തീറ്റവിള വികസനം നടപ്പാക്കുക.
10. സസ്യസംരക്ഷണം പ്രോത്സാഹിപ്പിക്കുക.
11. വിത്തുല്പാദനം വികസിപ്പിക്കുക.
12. കൃഷിയിടങ്ങളുടെ യന്ത്രവത്ക്കരണം നടപ്പാക്കുക.
13. കൃഷിഭവനുകൾ നടത്തുക.
14. കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

**II. മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും**

1. കന്നുകാലി വികസന പരിപാടികൾ നടപ്പാക്കുക.
2. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുക.
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക.
4. മൃഗാശുപത്രികൾ നടത്തുക.
5. ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ നടത്തുക.
6. മൃഗങ്ങൾക്കുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക.
8. പ്രത്യുൽപാദനക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.
10. മൃഗപോളിടെക്നിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗസംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നൽകുക.
12. കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക.

**III. ചെറുകിട ജലസേചനം**

1. മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തു വരുന്ന എല്ലാ ചെറുകിട ജലസേചനവും ലിഫ്റ്റ് പദ്ധതികൾ നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക.
4. ഭൂമിക്കടിയിലെ ജലസ്രോതസ്സുകളുടെ വികസനം നടപ്പാക്കുക.

**IV. മത്സ്യബന്ധനം**

1. കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മത്സ്യം വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക.
2. മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻപിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മത്സ്യവിപണനത്തിനുള്ള സഹായം നൽകുക.
5. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക.
6. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.
7. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക.
8. ഫിഷറീസ് സ്ക്കൂളുകളുടെ ഭരണ നിയന്ത്രണം നടത്തുക.

**V. സാമൂഹ്യ വനവത്ക്കരണം**

1. കാലിത്തീറ്റക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക.
2. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവത്ക്കരണം നടത്തുന്നതിനുമായി പ്രചാരണങ്ങൾ സംഘടിപ്പിക്കുക.
3. പാഴ്ഭൂമി വനവല്ക്കരിക്കുക

**VI. ചെറുകിട വ്യവസായങ്ങൾ**

1. കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക.
4. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
5. എസ്.എസ്.ഐ. പരിധിയുടെ മൂന്നിലൊന്ന് നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
6. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
7. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. വ്യവസായ സംരഭം വികസന പരിപാടികൾ നടപ്പാക്കുക.

**VII. ഭവന നിർമ്മാണം**

1. ഭവനരഹിതരെയും പുറമ്പോക്കു നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.
2. ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുക.
3. അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക.
4. ചെലവുകുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക.
5. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക.
6. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നടപ്പാക്കുക.
7. ഭവനനിർമ്മാണത്തിനാവശ്യമായ ധനം സ്വരൂപിക്കുക.

**VIII. ജലവിതരണം**

1. അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക.
2. അതത് മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക.

**IX. വൈദ്യുതശക്തിയും ഊർജ്ജവും**

1. നിരത്തുവിളക്കുകൾ സ്ഥാപിക്കുക.
2. ജൈവ വാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.
3. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ അഭിവൃത്തിപ്പെടുത്തുക.

**X. വിദ്യാഭ്യാസം**

1. സർക്കാർ പ്രീ പ്രൈമറി സ്ക്കൂളുകളും പ്രൈമറി സ്ക്കൂളുകളും ഹൈസ്ക്കൂളുകളും നടത്തുക.
2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.
3. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക.
4. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ നടത്തുക.
5. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക.
6. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും നടത്തുക.
7. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്ക്കൂളുകൾ നടത്തുക.

**XI. പൊതുമരാമത്ത്**

1. മുനിസിപ്പാലിറ്റിക്കുള്ളിലെ, ദേശീയപാതയും സംസ്ഥാന പാതയും മേജർ ജില്ലാ റോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തുകിട്ടിയ തുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക.

**XII. പൊതുജനാരോഗ്യവും ശുചീകരണവും**

1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
2. ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃസംരക്ഷണ ഭവനങ്ങളും നടത്തുക.
3. രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക.
4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.
6. മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

**XIII. സാമൂഹ്യക്ഷേമം**

1. അംഗൻവാടി നടത്തുക.
2. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
5. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.
6. അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക.
7. അംഗഭംഗം വന്നവർ, അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക

**XIV. ദാരിദ്രനിർമ്മാർജ്ജനം**

1. ദരിദ്രരെ കണ്ടെത്തുക.
2. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക.
3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടുന്നതിനായുള്ള സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.
4. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോടുകൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക.
5. സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക.

**XV. പട്ടികജാതി - പട്ടികവർഗ്ഗ വികസനം**

1. പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി) ഗോത്രവർഗ്ഗ ഉപപദ്ധതികളുടേയും (റ്റി.എസ്.പി) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുക.
2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്ക്കൂളുകൾ നടത്തുക.
3. പട്ടികജാതി - പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
5. സഹായം അർഹിക്കുന്ന പട്ടികജാതികൾക്കും പട്ടികവർഗങ്ങൾക്കും വിവേചനാപൂർവ്വം സഹായം നൽകുക.
6. മുനിസിപ്പൽ പ്രദേശത്ത് പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
7. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃതിപ്പെടുത്തുക.

**XVI. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും**

1. കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക

| | |
|---|---|
| 8. മുനിസിപ്പൽ പ്രദേശത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക.<br>9. മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടകവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക. | |
| **XVII. പൊതുവിതരണ സംമ്പ്രദായം**<br>1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുന്നു.<br>2. അളവുതൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.<br>3. റേഷൻ കടകളുടേയും മാവേലി സ്റ്റോറുകളുടേയും നീതി സ്റ്റോറുകളുടേയും മറ്റ് പൊതുവിതരണ സമ്പ്രദായങ്ങളുടേയും പൊതുവായ മേൽനോട്ടം വഹിക്കുകയും മാർഗ്ഗ നിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതുയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക. | **XVIII. പ്രകൃതി ക്ഷോഭ ദുരിതാശ്വാസം**<br>1. ദുരിതാശ്വാസ കേന്ദ്രങ്ങൽ പാലിക്കുക.<br>2. ദുരിതാശ്വാസ പ്രവർത്തങ്ങൾ സംഘടിപ്പിക്കുക. |

**X IX. സഹകരണം**

1. മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക.

# അദ്ധ്യായം 5
# സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ സ്ഥാപനങ്ങളിലൂടെയും അതിലെ ഉദ്യോഗസ്ഥരിലൂടെയും ആണ് ചുമതലകൾ നിറവേറ്റുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ നിദാനം അവയുടെ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റും അതിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനവുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ളിലെ ഉദ്യോഗസ്ഥരെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപന ജീവനക്കാരായി സാധാരണ കണക്കാക്കുന്നത്. എന്നാൽ പഞ്ചായത്തിരാജ് മുനിസിപ്പൽ സംവിധാനത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ ജീവനക്കാരും സ്ഥാപനങ്ങളും ഘടകസ്ഥാപനങ്ങളെന്ന നിലയിൽ ഇന്ന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ കീഴിലും നിയന്ത്രണത്തിലും ആണ്.

### 5.1 ഗ്രാമ പഞ്ചായത്ത്

| | | |
|---|---|---|
| 1 | കൃഷിവകുപ്പ് | കൃഷിഭവനും അതിലെ ഉദ്യോഗസ്ഥരും |
| 2 | മൃഗ സംരക്ഷണ വകുപ്പ് | വെറ്ററിനറി സബ്സെന്റർ/വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രിയും ഉദ്യോഗസ്ഥരും |
| 3 | മത്സ്യബന്ധന വകുപ്പ് | മത്സ്യഭവനും അതിലെ ഫിഷറീസ് സബ്ഇൻസ്പെക്ടർ തസ്തികയും |
| 4 | ഗ്രാമ വികസന വകുപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വി.ഇ.ഒ)/ തസ്തികയും ഓഫീസുകളും |
| 5 | സാമൂഹിക നീതി വകുപ്പ് | അതതു സ്ഥലത്തെ ഡേ കെയർ സെന്ററുകളും അങ്കണവാടികളും അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും ഐ.സി.ഡി.എസ് സൂപ്പർവൈസർ അടക്കമുള്ള തസ്തികകളും |
| 6 | പട്ടികജാതി വികസനവകുപ്പ് | ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ, സീസണൽ ഡേ കെയർ സെന്റർ, ഡോർമിറ്ററി |
| 7 | ആരോഗ്യ വകുപ്പ് | ഹെൽത്ത് സെന്റർ/ഡിസ്പെൻസറി, സബ്സെന്ററുകൾ, മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ, അവയിലെ ഉദ്യോഗസ്ഥർ |
| 8 | പട്ടികവർഗ്ഗ വികസന വകുപ്പ് | ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവ്വേദ ഡിസ്പെൻസറികൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 9 | ഹോമിയോപ്പതി വകുപ്പ് | ഡിസ്പെൻസറി/ആശുപത്രി, ജീവനക്കാർ |
| 10 | ആയുർവ്വേദ വകുപ്പ് | ആയുർവ്വേദ ഡിസ്പെൻസറി/ആശുപത്രി, ജീവനക്കാർ |
| 11 | പൊതു വിദ്യാഭ്യാസ വകുപ്പ് | സർക്കാർ പ്രീപ്രൈമറി സ്കൂളുകൾ, ഹൈസ്കൂളിനോട് അനുബന്ധമല്ലാത്ത സർക്കാർ പ്രൈമറി സ്കൂളുകൾ (എൽ.പി, യു.പി സ്കൂളുകൾ) |

## 5.2 ബ്ലോക്ക് പഞ്ചായത്ത്

| | | |
|---|---|---|
| 1 | സാമൂഹിക നീതി വകുപ്പ് | കെയർ ഹോമുകളും ഓൾഡ് ഏജ് ഹോമുകളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളും, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസറും. |
| 2 | പട്ടികജാതി വികസന വകുപ്പ് | 1. പ്രീമെട്രിക് ഹോസ്റ്റലുകളും അതിലെ ജീവനക്കാരും<br>2. എസ്.സി ഡവലപ്മെന്റ് ഓഫീസർ തസ്തിക (എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം) |
| 3 | പട്ടികവർഗ്ഗ വികസന വകുപ്പ് | 1. പ്രീമെട്രിക് ഹോസ്റ്റലുകൾ<br>2. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം) |
| 4 | ആരോഗ്യ വകുപ്പ് | അതതു സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി/ഗവ. ആശുപത്രി, ജീവനക്കാർ |
| 5 | ആയുർവ്വേദ വകുപ്പ് | അതതു സ്ഥലത്തെ താലൂക്ക് ആശുപത്രികൾ, ജീവനക്കാർ |
| 6 | ഹോമിയോപ്പതി വകുപ്പ് | അതതു സ്ഥലത്തെ താലൂക്ക് ആശുപത്രികൾ, ജീവനക്കാർ |
| 7 | ഗ്രാമ വികസന വകുപ്പ് | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയും അനുബന്ധ തസ്തികയും. വി.ഇ.ഒ/ വി.ഇ.ഒ ഓഫീസുകളും തസ്തികകളും ഉൾപ്പെടുന്നതല്ല |
| 8 | വ്യവസായ വകുപ്പ് | ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക |
| 9 | കൃഷി വകുപ്പ് | അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും |
| 10 | ക്ഷീര വികസന വകുപ്പ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 11 | മൃഗ സംരക്ഷണ വകുപ്പ് | വെറ്ററിനറി പോളിക്ലിനിക്ക് (എസ്.എൽ.ബി.പി) ജില്ലാ ഓഫീസ്/കാഫ് ഫീഡ് സബ്സിഡി ജില്ലാ ഓഫീസ്/ഐ.സി.ഡി.പി പ്രോജക്ട്/റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ എന്നിവിടങ്ങളിൽ നിന്നുള്ള വെറ്ററിനറി സർജന്റെയോ അസി. ഡയറക്ടറുടെയോ സേവനം മൃഗസംരക്ഷണ വകുപ്പ് വിട്ടുകൊടുക്കണം. |

## 5.3 ജില്ലാ പഞ്ചായത്ത്

| | | |
|---|---|---|
| 1 | കൃഷിവകുപ്പ് | 1. ജില്ലാതല പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറും സ്റ്റാഫും<br>2. രണ്ടു കൃഷി ഡെ ഡയറക്ടർ തസ്തികകളും അനുബന്ധ തസ്തികകളും<br>3. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും<br>4. അസി. എക്സി. എൻജിനീയർ തസ്തികയും അനുബന്ധ തസ്തികകളും<br>5. അതതു സ്ഥലത്തെ മണ്ണുപരിശോധനാ ലബോറട്ടറി<br>6. മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറി<br>7. ജില്ലാ വിൽപ്പന കേന്ദ്രം<br>8. ജില്ലാ കൃഷിത്തോട്ടം/തെങ്ങിൻ തൈ നഴ്സറി |
| 2 | മത്സ്യബന്ധന വകുപ്പ് | 1. ജില്ലാതല ഡപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസും സ്റ്റാഫും<br>2. ഫിഷറീസ് സ്കൂൾ |

| | | |
|---|---|---|
| 3 | മൃഗ സംരക്ഷണ വകുപ്പ് | 1. ജില്ലാ മൃഗസംരക്ഷണ ഓഫീസറും സ്റ്റാഫും<br>2. ജില്ലാ ആശുപത്രി<br>3. റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും<br>4. വെറ്ററിനറി പോളിക്ലിനിക്ക്, ഏരിയാ ഓഫീസ്. മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, മൊബൈൽ ഫാം യൂണിറ്റ്, ജില്ലാ വെറ്ററിനറി കേന്ദ്രത്തോടു ബന്ധപ്പെട്ടതല്ലാത്ത ക്ലിനിക്കൽ ലബോറട്ടറി (മൊബൈൽ യൂണിറ്റുകളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും സേവനം നഗര പ്രദേശങ്ങളിലും ലഭ്യമാക്കണം) |
| 4 | പൊതു വിദ്യാഭ്യാസ വകുപ്പ് | 1. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസി. വിദ്യാഭ്യാസ ഓഫീസർ എന്നിവരും അവരുടെ സ്റ്റാഫും<br>2. അതതു സ്ഥലത്തെ ഹൈസ്കൂളുകളും ഹൈസ്കൂളിനോട് അനുബന്ധിച്ചുള്ള പ്രൈമറി സ്കൂളുകളും സ്റ്റാഫും<br>3. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, സ്റ്റാഫ്<br>4. ഹയർ സെക്കൻഡറി സ്കൂളുകൾ, സ്റ്റാഫ്<br>5. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം<br>6. ടി.ടി.ഐ കൾ, പി.പി.ടി.ടി.ഐ കൾ, സ്പെഷ്യൽ സ്കൂളുകൾ |
| 5 | ചെറുകിട ജല സേചന വകുപ്പ് | ഒരു അസി. എൻജിനീയറും അനുബന്ധ സ്റ്റാഫും അടങ്ങുന്ന ഒരു സെഷൻ |
| 6 | സാങ്കേതിക വിദ്യാഭ്യാസവകുപ്പ് | 1. അതതു സ്ഥലത്തെ ടൈലറിംഗ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ<br>2. അതതു സ്ഥലത്തെ ടൈലറിംഗ് ട്രേഡ് സെന്റർ |
| 7 | ഗ്രാമ വികസന വകുപ്പ് | 1. ഫംഗ്ഷണൽ ലിറ്ററസി പ്രോജക്ട് ഓഫീസറും സ്റ്റാഫും<br>2. വനിതാ ക്ഷേമ ഓഫീസറും സ്റ്റാഫും<br>3. ദാരിദ്ര്യ ലഘൂകരണ വിഭാഗം (പി.എ.യു) ജീവനക്കാർ |
| 8 | വ്യവസായ വകുപ്പ് | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം. |
| 9 | ആരോഗ്യ വകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും<br>2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 10 | സഹകരണ വകുപ്പ് | ഒരു അസി. രജിസ്ട്രാർ തസ്തികയും ഒരു ക്ലർക്കും |
| 11 | ഹോമിയോ വകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും<br>2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 12 | ആയുർവ്വേദ വകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും<br>2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 13 | ക്ഷീര വികസന വകുപ്പ് | ജില്ലാതല ഡപ്യൂട്ടി ഡയറക്ടറും സ്റ്റാഫും |
| 14 | സാമൂഹിക നീതി വകുപ്പ് | 1. ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസറും സ്റ്റാഫും<br>2. ജില്ലാ പ്രോഗ്രാം ഓഫീസർ (ഐ.സി.ഡി.എസ്) |
| 15 | പട്ടികവർഗ്ഗ വികസന വകുപ്പ് | ഇൻ്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ടുകളും/ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറും |
| 16 | പട്ടികജാതി വികസന വകുപ്പ് | ജില്ലാ പട്ടികജാതി വികസന ഓഫീസറും സ്റ്റാഫും, പ്രീ മെട്രിക് ഹോസ്റ്റലുകൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ |
| 16 | ഖാദി | കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡ് ജില്ലാതല ഉദ്യോഗസ്ഥർ |

## 5.4 നഗരസഭ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

| | | |
|---|---|---|
| 1 | കൃഷി വകുപ്പ് | എ. അതതുസ്ഥലത്തെ കൃഷിഭവൻ, സ്റ്റാഫ്<br>ബി. ഒരു കൃഷി ഡപ്യൂട്ടി ഡയറക്ടർ (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് വിട്ടുകൊടുക്കുക. എന്നാൽ സേവനം ജില്ലയിലെ മറ്റു നഗരസഭകൾക്കും ലഭ്യമാക്കേണ്ടതാണ്) |
| 2 | വ്യവസായ വകുപ്പ് | ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3 | മത്സ്യബന്ധന വകുപ്പ് | ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ (ആവശ്യമുള്ള നഗരസഭകൾക്കു മാത്രം) |
| 4 | മൃഗ സംരക്ഷണ വകുപ്പ് | അതതു സ്ഥലത്തെ വെറ്ററിനറി പോളിക്ലിനിക്ക്, സബ്സെന്റർ, ഡിസ്പെൻസറി |
| 5 | പൊതുവിദ്യാഭ്യാസ വകുപ്പ് | അതതു സ്ഥലത്തെ ഹയർ സെക്കൻഡറി വരെയുള്ള സർക്കാർ സ്കൂളുകൾ |
| 6 | സഹകരണ വകുപ്പ് | ഒരു സീനിയർ സഹകരണ ഇൻസ്പെക്ടർ (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് നൽകുക. എന്നാൽ ജില്ലയിലെ എല്ലാ നഗരസഭകൾക്കും സേവനം ലഭ്യമാക്കേണ്ടതാണ്). |
| 7 | പട്ടികജാതി വികസന വകുപ്പ് | പട്ടികജാതി വികസന ഓഫീസർ (പട്ടികജാതി ക്ഷേമം, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ) |
| 8 | സാമൂഹിക നീതി വകുപ്പ് | അതതു സ്ഥലത്തെ ഡേ കെയർ സെന്ററുകൾ, അങ്കൺവാടികൾ, അതുപോലുള്ള മറ്റു സ്ഥാപനങ്ങൾ (ഉദാ: വൃദ്ധസദനം). സി.ഡി.പി.ഒ/എ.സി.ഡി.പി.ഒ |
| 9 | ആരോഗ്യ വകുപ്പ് | അതതു സ്ഥലത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പബ്ലിക് ഹെൽത്ത് സെന്ററുകൾ, ഗവ. ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ |
| 10 | ആയുർവ്വേദ വകുപ്പ് | അതതു സ്ഥലത്തെ താലൂക്കാശുപത്രികൾ, ജീവനക്കാർ |
| 11 | ഹോമിയോപ്പതി വകുപ്പ് | അതതു സ്ഥലത്തെ താലൂക്കാശുപത്രികൾ, ജീവനക്കാർ |

# അദ്ധ്യായം 6
# ഗ്രാമസഭ, വാർഡ്സഭ, വാർഡ് കമ്മിറ്റി

1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ അദ്ധ്യായം 2 (വകുപ്പ് 3) ലാണ് ഗ്രാമസഭയെപ്പറ്റി പ്രതിപാദിക്കുന്നത്. മുനിസിപ്പൽ ആക്ടിലെ അദ്ധ്യായം 3 വകുപ്പ് 42 മുതൽ 47 വരെ വാർഡു സഭയെക്കുറിച്ചും. പ്രാദേശിക ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ കഴിയുന്ന വേദിയാണ് ഈ സഭകൾ. കൂടാതെ, പങ്കാളിത്ത ജനാധിപത്യത്തിന് ഉത്തമ ഉദാഹരണവുമാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നതു പോലെ ഗ്രാമസഭയും, വാർഡ് സഭയും ഒരു ഭരണഘടനാ സ്ഥാപനമാണ്. ജനാധിപത്യപ്രക്രിയയുടെ അടിസ്ഥാനതലമായ ഗ്രാമസഭ/ വാർഡ് സഭ, പൊതു ഭരണത്തിന്റെ ഏറ്റവും താഴെയുള്ള തലവുമാണ്.
- പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ ഓരോ നിയോജകമണ്ഡലവും (വാർഡ്) ഓരോ ഗ്രാമസഭയാണ്/ വാർഡ് സഭയാണ്.
- നിയോജകമണ്ഡലത്തിലെ വോട്ടർമാരെല്ലാം അതിലെ അംഗങ്ങളായിരിക്കും.
- നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധിയായ, ഗ്രാമസഭയുടെ കൺവീനർക്ക് കടമ നിർവ്വഹിക്കാൻ കഴിയാതെ വന്നാൽ, മറ്റൊരംഗത്തെ കൺവീനറായി പഞ്ചായത്ത് പ്രസിഡന്റിന് നിയമിക്കാം.
- ഒരു സാമ്പത്തികവർഷത്തിൽ മൂന്നു മാസത്തിൽ ഒരിക്കൽ എന്ന കണക്കിൽ 4 ഗ്രാമസഭകൾ/വാർഡ് സഭകൾ, ചേരണം.
- ഒരു ഗ്രാമസഭയിലെ/വാർഡ് സഭയിലെ 10 ശതമാനം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ ഉന്നയിക്കപ്പെട്ട ആവശ്യം ചർച്ച ചെയ്യാൻ ഗ്രാമസഭയുടെ/ വാർഡ് സഭയുടെ പ്രത്യേകയോഗം പതിനഞ്ചു ദിവസത്തിനകം കൺവീനർ വിളിച്ചുകൂട്ടേണ്ടതാണ്. (പ്രത്യേക യോഗം രണ്ടു സാധാരണ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രം).
- കൂടാതെ സർക്കാർ നിർദ്ദേശാനുസരണം പ്രത്യേക ഗ്രാമസഭായോഗങ്ങളും/വാർഡ് സഭായോഗങ്ങളും ചേരേണ്ടതാണ്.
- ഗ്രാമസഭായോഗങ്ങൾ/വാർഡ്സഭായോഗങ്ങൾ ചേരുന്നതിന് ഭരണ സമിതി തീരുമാനമെടുത്ത് അദ്ധ്യക്ഷന്റേയും കൺവീനറുടേയും പേരിൽ ഓരോ വാർഡിനും പ്രത്യേകം പ്രത്യേകം നോട്ടീസു തയ്യാറാക്കണം. നോട്ടീസിൽ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ കാണിച്ചിരിക്കണം. 7 ദിവസങ്ങൾക്കുമുന്നെ നോട്ടീസു നൽകണം, കൈപ്പറ്റു രസീതു വാങ്ങണം.
- ഗ്രാമസഭ അംഗങ്ങൾക്ക്/വാർഡ്സഭാ അംഗങ്ങൾക്ക് എത്തിപ്പെടാനും, പങ്കെടുക്കുന്നവർക്കെല്ലാം ഇരിക്കാനും, ആവശ്യമെങ്കിൽ ഗ്രൂപ്പു ചർച്ചനടത്താൻ സൗകര്യമുള്ള ആ നിയോജകമണ്ഡലത്തിലെ പൊതുസ്ഥലത്തായിരിക്കണം ഗ്രാമസഭ/വാർഡ്സഭ ചേരേണ്ടത്.
- രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെയുള്ള സമയത്ത് ഗ്രാമസഭ/വാർഡ്സഭ ചേരാം. പൊതു ഒഴിവു ദിവസങ്ങളിൽ ഗ്രാമസഭ/വാർഡ്സഭ ചേരുന്നതായിരിക്കും ഉചിതം. കഴിവതും ഒരു ദിവസം ഒന്നിൽ കൂടുതൽ ഗ്രാമസഭ/ വാർഡ്സഭ ചേരാതിരിക്കാൻ ശ്രദ്ധിക്കണം.
- ഗ്രാമസഭാ/വാർഡ്സഭ യോഗങ്ങളിൽ, ഗ്രാമസഭ/വാർഡ്സഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന

ബ്ലോക്കു പഞ്ചായത്ത് അംഗത്തെയും, ജില്ലാ പഞ്ചായത്ത് അംഗത്തെയും, നിയമ സഭാംഗത്തെയും കൺവീനർ നിർബന്ധമായും ക്ഷണിക്കേണ്ടതാണ്.

- പഞ്ചായത്തു പ്രസിഡന്റ്/മുൻസിപ്പൽ ചെയർപേഴ്സൺ/മേയർആണ് ഗ്രാമസഭ/വാർഡ്സഭയുടെ അദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ്/വൈസ്ചെയർപേഴ്സൺ/ഡപ്യൂട്ടി മേയർ ആയിരിക്കും അദ്ധ്യക്ഷൻ.. ഇവരുടെ രണ്ടുപേരുടേയും അസാനിദ്ധ്യത്തിൽ കൺവീനർ അദ്ധ്യക്ഷത വഹിക്കണം.
- ഗ്രാമസഭ/വാർഡ്സഭ യുടെ ക്വാറം ആകെ വോട്ടർമാരുടെ എണ്ണത്തിന്റെ 10 ശതമാനം ആണ്. ക്വാറം തികയാതെ വന്നാൽ യോഗം മാറ്റിവയ്ക്കണം. വീണ്ടും ചേരുമ്പോൾ ക്വാറം 50 ആയാൽ മതി.
- ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തീരുമാനിക്കുന്ന ഉദ്യോഗസ്ഥ/ൻ ഗ്രാമസഭ/വാർഡ്സഭ യുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കും.
- സഹായിക്കുന്നതിന് രണ്ടു ഫെസിലിറ്റേറ്റന്മാരും ഉദ്യോഗസ്ഥ പ്രതിനിധികളും എല്ലാ ഗ്രാമസഭാ/വാർഡ്സഭ യോഗങ്ങളിലും പങ്കെടുക്കുകയും ആവശ്യപ്പെടുന്ന വിശദീകരണങ്ങൾ നൽകേണ്ടതുമാണ്.
- ഗ്രാമസഭക്ക്/വാർഡ്സഭക്ക് ഏതെങ്കിലും പ്രശ്നങ്ങളുടേയും, പരിപാടികളെയും സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുന്നതിനും മറ്റുമായി പൊതുവായതോ പ്രത്യേകമായോ സബ് കമ്മറ്റികളെ രൂപീകരിക്കുകയോ, തിരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യാവുന്നതാണ്. അംഗസംഖ്യ കുറഞ്ഞത് 10. ഇവരിൽ പകുതി വനിതകളായിരിക്കണം.
- ഗ്രാമസഭയുടെ/വാർഡ്സഭയുടെ അധികാരപരിധിയിൽപ്പെട്ട ഏതു പ്രശ്നത്തെക്കുറിച്ചും യോഗത്തിന്റെ ഭൂരിപക്ഷാടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കാവുന്നതാണ്. ഗ്രാമസഭയുടെ/വാർഡ്സഭയുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും, ഗ്രാമ- ബ്ലോക്കു-ജില്ലാ പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്.
- ഗ്രാമസഭയുടെ/വാർഡ്സഭയുടെ ഏതെങ്കിലും തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അദ്ധ്യക്ഷ/ൻ അതിനുള്ളകാരണം ഗ്രാമസഭയിൽ/വാർഡ്സഭയിൽ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ഗ്രാമസഭാ/വാർഡ്സഭാ മിനിട്സും, തീരുമാനങ്ങളും, ഗ്രാമസഭാ/വാർഡ്സഭാ രജിസ്റ്ററിൽ യോഗസമയത്തു തന്നെ ഗ്രാമസഭാ/വാർഡ്സഭാ കോ-ഓർഡിനേറ്റർ രേഖപ്പെടുത്തണം. വിമർശനങ്ങൾ, ആക്ഷേപങ്ങൾ, വിയോജിപ്പുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതും മിനിട്സിൽ രേഖപ്പെടുത്തണം. രേഖപ്പെടുത്തിയ തീരുമാനങ്ങൾക്കു താഴെ പങ്കെടുത്ത മുഴുവൻ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമസഭാ/വാർഡ്സഭാ കോ-ഓർഡിനേറ്റർ, ഫെസിലിറ്റേറ്റർ, പങ്കെടുത്തവരിൽ കുറഞ്ഞത് 5 പേർ എന്നിവർ ഒപ്പുവെയ്ക്കണം. പങ്കെടുത്ത ഏതെങ്കിലും ഗ്രാമസഭാംഗം/ വാർഡ്സഭാംഗം ഒപ്പു വയ്ക്കണമെന്നാവശ്യപ്പെട്ടാൽ അനുവദിക്കണം. ഗ്രാമസഭയുടെ/വാർഡ്സഭയുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും തീരുമാന രജിസ്റ്ററിൽ എഴുതിയത് കോ-ഓർഡിനേറ്റർ യോഗത്തിൽ വായിച്ചു കേൾപ്പിക്കുകയും വേണം.

രജിസ്ട്രേഷൻ ഫോറങ്ങൾ, ഗ്രൂപ്പുചർച്ചാ നിർദ്ദേശങ്ങൾ, മിനിറ്റ്സ്, തീരുമാന രജിസ്റ്റർ എന്നിവയും, ഗ്രാമസഭാ/ വാർഡ്സഭാ യോഗത്തിന്റെ ഫോട്ടോഗ്രാഫും തൊട്ടടുത്ത ദിവസം തന്നെ കോ-ഓർഡിനേറ്റർ സെക്രട്ടറിയെ ഏൽപ്പിച്ച് രസീതു വാങ്ങേണ്ടതാണ്. ഇവ ഔദ്യോഗിക രേഖകളായി സൂക്ഷിക്കേണ്ട ചുമതല സെക്രട്ടറിക്കാണ്. ഇവയുടെ പകർപ്പ് കോ-ഓർഡിനേറ്റർ സൂക്ഷിക്കണം.

ഗ്രാമസഭയുടെ/വാർഡ്സഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ കൺവീനർ തുടർച്ചയായി മൂന്ന് തവണ വീഴ്ച വരുത്തുകയാണെങ്കിൽ അയാളുടെ അംഗത്വം നഷ്ടപ്പെടും.

## 6.1 ഗ്രാമസഭാ – അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ

പഞ്ചായത്ത് രാജ് ആക്ടിന്റെ 3 എ വകുപ്പനുസരിച്ച് ഗ്രാമസഭയ്ക്ക് താഴെപറയുന്ന അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്.

- പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.

- ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിശ്ചയിക്കുകയും ചെയ്യുക.
- ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നൽകുക.
- പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സഹായങ്ങൾ ചെയ്തു കൊടുക്കുക.
- വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധ സേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുക, സമാഹരിക്കുക.
- തെരുവുവിളക്കുകൾ, തെരുവിലെയോ അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതുകിണറുകൾ, പൊതു സാനിട്ടേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതുസൗകര്യ പദ്ധതികൾ എന്നിവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.
- ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതുതാൽപ്പര്യമുള്ള സംഗതികളെ സംബന്ധിച്ച അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.
- ഗ്രാമ സഭയുടെ അധികാര പരിധിയിൽപ്പെട്ട പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുക, ആ പ്രദേശത്തെ ആളുകളിൽ സന്മനോഭാവം വളർത്തുന്നതിനായി കലാ-കായികമേളകൾ സംഘടിപ്പിക്കുക.
- ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.
- സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സീഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക.
- ഗ്രാമ സഭയുടെ അധികാര പരിധിയിൽപ്പെട്ട പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പണികൾ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക.
- അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക.
- ഗ്രാമ സഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക.
- ഗ്രാമ സഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർ നടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ചും വിശദമായി അറിയുക.
- ശുചീകരണ പ്രക്രിയകളിൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധ സേവനം നൽകുകയും ചെയ്യുക.
- ഗ്രാമ സഭയുടെ പ്രദേശത്തെ ശുദ്ധജല വിതരണം, തെരുവുവിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
- ഗ്രാമ സഭയുടെ പ്രദേശത്തെ സ്ക്കൂളുകളിൽ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.
- ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച്, രോഗപ്രതിരോധ-കുടുംബ ക്ഷേമ പ്രവർത്തനങ്ങളിൽ സഹായിക്കുക.
- കാലാകാലങ്ങളിൽ നിർണയിക്കപ്പെടുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക.
- ഗ്രാമസഭ, അതിന്റെ സാധാരണ യോഗത്തിലോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി വിളിച്ചുകൂട്ടുന്ന പ്രത്യേക

യോഗത്തിലോ വെച്ച് മുൻവർഷത്തെ വികസന പരിപാടികളും നടപ്പ് വർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനുവേണ്ടി വരുന്ന ചെലവും സംബന്ധിച്ച റിപ്പോർട്ട് ചർച്ച ചെയ്യേണ്ടതാണ്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക, പദ്ധതിവിഹിതത്തിന്റെ വിശദാംശങ്ങൾ, ഫണ്ടിന്റെ ഇനം തിരിച്ചുള്ള വിഹിതം, ഗ്രാമ സഭയുടെ പ്രദേശത്ത് നടപ്പാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റ്, അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങൾ തുടങ്ങിയവ അറിയാൻ ഗ്രാമ സഭയ്ക്ക് അവകാശമുണ്ടായിരിക്കും.

- ഗ്രാമ സഭയുടെ പരിഗണനയ്ക്കു വരുന്ന ഓഡിറ്റ് റിപ്പോർട്ട്, പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് എന്നിവ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്.
- ഗ്രാമസഭയുടെ അധികാര പരിധിയിൽപ്പെട്ട ഏത് പ്രശ്നത്തെക്കുറിച്ചും അതിന്റെ യോഗത്തിൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കാവുന്നതും എന്നാൽ, കഴിയുന്നിടത്തോളം പൊതുസമ്മതത്തോടു കൂടിയ തീരുമാനം എടുക്കാൻ ശ്രമിക്കേണ്ടതുമാണ്.
- ഏതെങ്കിലും പദ്ധതിയോ, പ്രോജക്ടോ, പ്ലാനോ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ അതിനുള്ള അർഹതയുടേയും മുൻഗണനാക്രമത്തിന്റേയും മാനദണ്ഡം, പദ്ധതിയിലോ പ്രോജക്ടിലെ പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി പഞ്ചായത്തുകൾ നിശ്ചയിക്കേണ്ടതും, അങ്ങനെയുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം പരസ്യപ്പെടുത്തേണ്ടതും ഗ്രാമസഭകളെ അറിയിക്കേണ്ടതുമാണ്.
- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്തശേഷം ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതതു ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽവെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതുമാണ്.

എന്നാൽ, ഗ്രാമസഭ അംഗീകാരത്തിന് അയയ്ക്കുന്ന ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ ഗ്രാമ പഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ല.

### 6.1.1 ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ

പഞ്ചായത്ത് രാജ് അക്ടിന്റെ വകുപ്പ് 3 ബി അനുസരിച്ച് ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ താഴെപ്പറയുന്നവയാണ്.

- വികസനവും ക്ഷേമവും സംബന്ധിച്ച് പരിപാടികളിലും വികസനപരമായ മറ്റ് സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.
- അവശ്യ സാമൂഹിക - സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക
- വികസന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുക.
- നികുതികൾ നൽകുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനുമായി ധാർമികമായ മാർഗങ്ങൾ അവലംബിക്കുക.
- പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രാദേശികമായി വിഭവ സമാഹരണം നടത്തുക
- സന്നദ്ധ സംഘങ്ങളെന്ന നിലയിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
- സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

## 6.2 വാർഡ് സഭയും-വാർഡ് കമ്മിറ്റിയും

ഭരണഘടനയുടെ അനുച്ഛേദം 243(5) ൽ ഓരോ നഗരസഭയിലും രൂപീകരിക്കേണ്ട വാർഡ് കമ്മിറ്റികളെപ്പറ്റി പരാമർശിക്കുന്നു. ഒരു നഗരസഭയിലെ ഓരോ വാർഡിലെയും വോട്ടർപട്ടികയിൽ പേരുള്ള എല്ലാവരും ഉൾപ്പെടുന്നതാണ് ആ വാർഡിന്റെ വാർഡ് സഭ (കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 42 എ). എന്നാൽ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡ് സഭയ്ക്ക് പകരം മുനിസിപ്പാലിറ്റി നിയമത്തിലെ 42-ാം വകുപ്പ് പ്രകാരം ഓരോ

വാർഡിലും ഓരോ വാർഡ് കമ്മിറ്റിയാണ് രൂപീകരിക്കേണ്ടത്. (ഇപ്രകാരം വാർഡ് കമ്മിറ്റികൾ പ്രവർത്തിക്കുന്ന നഗരസഭകളിലും വികസന പദ്ധതികൾ നിർദേശിക്കുന്നതിന് വാർഡിലെ മുഴുവൻ വോട്ടർമാരുടേയും യോഗം ചേരേണ്ടതുണ്ടെന്ന് കേരള മുനിസ്പ്പാലിറ്റി ആക്ടിലെ സെക്ഷൻ 42 ബി നിർദേശിക്കുന്നു.

### 6.2.1 വാർഡ് കമ്മിറ്റി രൂപീകരണം

ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യ ഉള്ള ഏതൊരു നഗരസഭയിലും അത് രൂപീകരിച്ച് മൂന്ന് മാസത്തിനകം നഗര ഭരണ സ്ഥാപനത്തിന്റെ ചെയർ പേഴ്സൺ/മേയർ ഓരോ വാർഡിലും ഒരു വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 42, 1995 ലെ കേരള മുനിസിപ്പാലിറ്റി (വാർഡ് കമ്മിറ്റി രൂപീകരണവും യോഗനടപടികളും ചട്ടങ്ങൾ)

### 6.2.2 വാർഡ് കമ്മിറ്റിയുടെ ഘടന

1. വാർഡ് കൗൺസിലർ - ചെയർമാൻ
2. വാർഡിലെ റസിഡൻസ് അസോസിയേഷൻ അംഗങ്ങളിൽ നിന്ന് 15 പേർ
3. വാർഡിലെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ളവരിൽ നിന്നും 20 പേർ
4. നഗരസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികൾ നിർദേശിക്കുന്ന ഒരാൾ വീതം.
5. വാർഡിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും മേധാവികൾ
6. നഗരസഭാ ചെയർ പേഴ്സണും വാർഡിലെ കൗൺസിലറും കൂട്ടായി നാമനിർദേശം ചെയ്യുന്ന താഴെ പറയുന്ന വിധത്തിലുള്ള 20 പേർ. (ഇവർ പ്രസ്തുത വാർഡിലെ താമസക്കാരാവണമെന്നില്ല).

- ♦ വാർഡിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സംഘടനകൾ, സന്നദ്ധ സംഘടനകൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയെ പ്രതിനിധീകരിക്കുന്ന 10 പേർ
- ♦ വാർഡിൽ തൊഴിൽപരമായി പ്രവർത്തിക്കുന്ന ആളുകളെ പ്രതിനിധീകരിക്കുന്ന 5 പേർ. ( ഉദാ : കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, എഞ്ചിനീയറിംഗ് തുടങ്ങിയവ)
- ♦ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളിൽ നിന്നും 5 പേർ

| | |
|---|---|
| **വാർഡ് കമ്മിറ്റിയുടെ യോഗം** | ■ മൂന്ന് മാസത്തിൽ ഒരിക്കൽ വാർഡ് കമ്മിറ്റിയുടെ യോഗം വാർഡ് കൗൺസിലർ നിർബന്ധമായും വിളിച്ചു കൂട്ടേണ്ടതാണ്. ഇടയ്ക്കുള്ള കാലയളവിൽ ആവശ്യാനുസരണം യോഗങ്ങൾ വിളിച്ചു ചേർക്കാവുന്നതാണ്.<br>■ യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗ തീയതിയ്ക്ക് 7 ദിവസം മുൻപായി അംഗങ്ങൾക്ക് നൽകേണ്ടതാണ്. നോട്ടീസിന്റെ പകർപ്പ് നഗരസഭയുടെ നോട്ടീസ് ബോർഡിലും വാർഡ് കേന്ദ്രത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തണം.<br>■ യോഗത്തിൽ വാർഡ് കമ്മിറ്റി ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ കമ്മിറ്റി അംഗങ്ങളിൽ നിന്ന് അപ്പോൾ തിരഞ്ഞെടുക്കുന്ന ഒരാളോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. |
| **അജണ്ട** | ■ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, വാർഡ് കമ്മിറ്റി ചെയർമാനുമായി ആലോചിച്ച് ഒരു അജണ്ട തയ്യാറാക്കേണ്ടതാണ്.<br>■ വാർഡ് കമ്മിറ്റിയുടെ യോഗാരംഭത്തിൽ അജണ്ട അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതാണ്. |
| **ക്വാറം** | ■ കമ്മിറ്റിയുടെ ക്വാറം അംഗ സംഖ്യയുടെ അഞ്ചിൽ ഒന്നായിരിക്കും.<br>■ യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് മുപ്പത് മിനിറ്റിനുള്ളിൽ ക്വാറം തികഞ്ഞില്ലെങ്കിൽ യോഗം മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കണം. അപ്രകാരം മാറ്റിവയ്ക്കപ്പെടുന്ന യോഗം 15 ദിവസത്തിനകം വീണ്ടും കൂടേണ്ടതാണ്. |

| | |
|---|---|
| **അംഗങ്ങളുടെ രജസ്റ്റർ** | വാർഡ് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ വാർഡ് കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതാണ്. വാർഡ് കമ്മിറ്റി യോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തണം. |
| **മിനിട്സ്** | ■ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മിനിട്സ് തയ്യാറാക്കേണ്ടതാണ്.<br>■ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിന് ശേഷം അദ്ധ്യക്ഷൻ മിനിട്സിൽ ഒപ്പു വയ്ക്കണം. യോഗം കഴിഞ്ഞ് 5 ദിവസത്തിനകം മിനിട്സ്, തീരുമാനങ്ങൾ എന്നിവയുടെ പകർപ്പ് അംഗങ്ങൾക്ക് നൽകേണ്ടതും നഗരസഭയുടെ നോട്ടീസ് ബോർഡിലും വാർഡ് കേന്ദ്രത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.<br>■ വാർഡ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും പ്രമേയങ്ങളും ചെയർപേഴ്സൺ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്. |

### 6.2.3 വാർഡ് കമ്മിറ്റികളുടെയും വാർഡ് സഭകളുടേയും ചുമതലകൾ, അവകാശങ്ങൾ, കർത്തവ്യങ്ങൾ

### വാർഡ് കമ്മിറ്റികളുടെ/വാർഡ് സഭകളുടെ ചുമതലകൾ (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 45)

വാർഡ് കമ്മിറ്റിയോ, വാർഡ് സഭയോ നിർണ്ണയിക്കപ്പെടാവുന്ന വിധവും അങ്ങനെയുള്ള നടപടിക്രമങ്ങൾക്കും വിധേയമായി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്, അതായത് :-

1. നഗരസഭയുടെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
2. മുനിസിപ്പൽ പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിശ്ചയിക്കുകയും അടുത്ത മുന്നു മാസത്തേയ്ക്കുള്ള പ്രവർത്തന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് വാർഡ് പ്രദേശത്ത് നിന്നും അർഹരായ അപേക്ഷകരെ കണ്ടെത്തി മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി മുനിസിപ്പാലിറ്റിയ്ക്ക് നൽകുക.
4. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സഹായങ്ങൾ ചെയ്തു കൊടുക്കുക.
5. വാർഡിൽ നടപ്പിലാക്കുന്ന വികസന പരിപാടികളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ആവശ്യപ്പെടുകയും നേടുകയും, നിർദേശങ്ങൾക്കനുസൃതമായി നടപ്പാക്കുന്നത് നിരീക്ഷിക്കുകയും ചെയ്യുക.
6. സാമൂഹ്യ ക്ഷേമ പരിപാടികൾക്കായി സന്നദ്ധ സേവനവും, പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക.
7. തെരുവു വിളക്കുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, തെരുവിലെയോ മറ്റ് പൊതു സ്ഥലങ്ങളിലെയോ പൊതു ശുചീകരണ ഘടകങ്ങൾ, ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു ആവശ്യ പദ്ധതികൾ ഇവയുടെ മുൻഗണനാക്രമം തയ്യാറാക്കുക.
8. വാർഡ് പ്രദേശത്തിനാവശ്യമായ സാക്ഷരതാ പരിപാടികൾ ചർച്ച ചെയ്യുകയും ആവിഷ്കരിക്കുകയും ചെയ്യുക, ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതുതാല്പര്യ സംഗതികളെക്കുറിച്ച് അറിവുകൾ പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക, അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹ്യ തിന്മകളിൽ നിന്ന് സംരക്ഷണം നൽകുക.
9. വാർഡ് പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദവും ഐക്യവും വളർത്തുക, ആ പ്രദേശത്തെ ആളുകളിൽ സന്മനോഭാവം വളർത്തുന്നതിന് കലാ-കായികമേളകൾ സംഘടിപ്പിക്കുക.

10. വാർഡ് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.

11. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നീ വിവിധ തരം ക്ഷേമ സഹായം ലഭിക്കുന്നവരുടെ അർഹത പരിശോധിക്കുക.

12. നികുതികളും ഫീസുകളും വാടകകളും മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ടതായ മറ്റ് തുകകളും യഥാസമയം നൽകുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുക.

13. വാർഡ് പ്രദേശത്തെ ശുചീകരണ പ്രക്രിയകളിൽ അതിലെ ജീവനക്കാരുമായി സഹകരിക്കുകയും, ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധ സേവനം നൽകുകയും ചെയ്യുക.

14. വാർഡ് പ്രദേശത്ത് താമസിക്കുന്നവരെ അടുക്കളത്തോട്ടം വച്ചു പിടിപ്പിക്കാനും ഉദ്യാനകൃഷിയിൽ ഏർപ്പെടാനും പ്രോത്സാഹിപ്പിക്കുക.

15. വാർഡ് പ്രദേശത്തെ ശുദ്ധജല വിതരണം, തെരുവ്വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.

16. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിലും സ്ഥലപരാസൂത്രണം (സ്പേഷ്യൽ പ്ലാനിങ്ങ് നടപ്പാക്കുന്നതിലുമുണ്ടാകുന്ന പഴുതുകളും വീഴ്ചകളും കണ്ടെത്തുക.

17. വാർഡ് പ്രദേശത്തെ സ്കൂളിലെ അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

18. വാർഡ് പ്രദേശത്തെ പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

19. നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

വാർഡ് കമ്മിറ്റിയ്ക്കോ, വാർഡ് സഭയ്ക്കോ അതതു സംഗതി പോലെ അതിന്റെ സാധാരണ യോഗത്തിലോ അല്ലെങ്കിൽ ഈ ആവശ്യത്തിന് വേണ്ടി വിളിച്ച് കൂട്ടുന്ന പ്രത്യേക യോഗത്തിലോ മുൻവർഷത്തെ വികസന പരിപാടികൾ ചർച്ച ചെയ്യാവുന്നതും, ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെക്കുറിച്ചും, പദ്ധതി വിഹിതത്തിന്റെ വിശദാംശത്തെക്കുറിച്ചും, ഇനം തിരിച്ചുള്ള ഫണ്ടിന്റെ വിഹിതത്തെക്കുറിച്ചും, വാർഡിൽ നടപ്പാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

വാർഡ് കമ്മിറ്റിയുടെ അല്ലെങ്കിൽ വാർഡ് സഭയുടെ പരിഗണനയ്ക്ക് വരുന്ന ആഡിറ്റ് റിപ്പോർട്ടിനെ അല്ലെങ്കിൽ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിനെകുറിച്ച് യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദേശങ്ങളും ബന്ധപ്പെട്ട കൗൺസിലിനെ അറിയിക്കേണ്ടതുമാണ്.

### 6.2.4 പ്രത്യേക യോഗം വോട്ടർമാരുടെ അവകാശം

ഒരു വാർഡിലെ വോട്ടർമാരിൽ 10%ത്തിൽ കുറയാത്ത എണ്ണം വോട്ടർമാർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ/വാർഡ് സഭയുടെ ഒരു പ്രത്യേക യോഗം 15 ദിവസത്തിനകം കൺവീനർ (വാർഡ് മെമ്പർ/വാർഡ് കൗൺസിലർ) വിളിച്ചു കൂട്ടേണ്ടതാണ്.

### 6.2.5 വാർഡ് കമ്മിറ്റികളുടേയും വാർഡ് സഭകളുടേയും കർത്തവ്യങ്ങൾ (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 46(1)

1. വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക.
2. ആരോഗ്യം, സാക്ഷരത, വികസനപരമായ മറ്റ് പരിപാടികൾ എന്നിവയിൽ പങ്കെടുക്കുകയും ആയതിനായി പ്രചരണം നടത്തുകയും ചെയ്യുക.
3. ആവശ്യം വേണ്ട സാമൂഹിക-സാമ്പത്തിക അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക.
4. വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച് വിവരങ്ങൾ നൽകുക.
5. നികുതികൾ നൽകുന്നതിനും വായ്പകൾ തിരിച്ചടക്കുന്നതിനും പരിസര ശുചിത്വം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനായി ധാർമികമായ മാർഗങ്ങൾ അവലംബിക്കുക.
6. ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ പ്രാദേശിക വിഭവ സമാഹരണം നടത്തുക.

7. സന്നദ്ധ സംഘടനകൾ എന്ന നിലയിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.

8. സാംക്രമിക രോഗങ്ങൾ, പ്രകൃതി ക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

9. പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവു നൽകുന്നതിന് പ്രകൃതി സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.

### 6.2.6. വാർഡ് കമ്മിറ്റികളുടേയും വാർഡ് സഭകളുടേയും അവകാശങ്ങൾ (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 46(2)

1. അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച് വിവരം ലഭിക്കുക.

2. ഏറ്റെടുക്കാൻ ഉദ്ധേശിക്കുന്ന പ്രവർത്തനങ്ങളുടെ കണക്കുകൾ സംബന്ധിച്ച് വിവരം ലഭിക്കുക.

3. വാർഡ് പ്രദേശത്തെ സംബന്ധിച്ചുള്ള കൗൺസിലിന്റെ ഓരോ തീരുമാനവും യുക്തിപൂർവ്വമാണോ എന്നറിയുക

4. അതത് സംഗതി പോലെ, വാർഡ് സഭയുടേയും, വാർഡ് കമ്മിറ്റിയുടേയും തീരുമാനത്തിന്മേൽ എടുത്ത തുടർ നടപടികളെപ്പറ്റിയും ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാക്കാതിരുന്നതിനുള്ള വിശദമായ കാരണങ്ങളെപ്പറ്റിയും അറിയുക.

5. വാർഡിലെ വിശദമായ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ മുതലായവ സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുക.

# അദ്ധ്യായം 7

# കുടുംബശ്രീ

സംസ്ഥാനത്തെ കേവല ദാരിദ്ര്യം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെയും ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെയും പങ്കാളിത്തത്തോടെ സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയാണ് കുടുംബശ്രീ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ത്രീകളുടെ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെയാണിത് നടപ്പിലാക്കുന്നത്. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യ ലഘൂകരണത്തിനായി അവരുടെ പങ്കാളിത്തത്തോടെ മിതവ്യയം അടിസ്ഥാനമാക്കി വായ്പാ സൗകര്യം ലഭ്യമാക്കുന്ന ഒരു നയ പരിപാടിയായാണ് തുടക്കം.

1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയുടെ പശ്ചാത്തലത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നൂതന മാർഗ്ഗങ്ങൾ ആരായുന്നതിനായി ശ്രീ എസ്.എം. വിജയാനന്ദ് ഐ.എ.എസ്., സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. തോമസ് ഐസക്, ഡോ. പ്രകാശ് ബഷി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1997-98 ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ-യുടെ രൂപീകരണം സർക്കാർ പ്രഖ്യാപിച്ചു. 1998 നവംബർ 18 ന് സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ-കുടുംബശ്രീ-രജിസ്റ്റർ ചെയ്തു. 1999 ഏപ്രിൽ 1 ന് കുടുംബശ്രീ പ്രവർത്തനമാരംഭിച്ചു. 2000-2002 ഓടെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീ വ്യാപകമായി.

**ഭരണ സംവിധാന ഘടന**

സംസ്ഥാന മിഷൻ ഭരണ സമിതി - ഗവേണിംഗ് ബോഡി

↓

ജില്ലാ മിഷനുകൾ

↓

കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)
(തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ)

↓

ഏരിയ ഡവലപ്മെന്റ് സൊസൈറ്റി ( എ.ഡി.എസ്.)
(വാർഡ് / ഡിവിഷൻ തലത്തിൽ)

↓

അയൽകൂട്ടം ( എൻ.എച്ച്.ജി)
(പ്രാദേശികമായി 10-20 കുടുംബങ്ങളിലെ ഓരോ സ്ത്രീകളുടെ വീതം കൂട്ടായ്മ

അയൽക്കൂട്ടം

↓

| പ്രസിഡന്റ് | സെക്രട്ടറി | ആരോഗ്യ-വിദ്യാഭ്യാസ വളന്റിയർ | അടിസ്ഥാന സൗകര്യ വളന്റിയർ | വരുമാനദായക വളന്റിയർ |
|---|---|---|---|---|

## 7.1 അയൽകൂട്ടം (നൈബർഹുഡ് ഗ്രൂപ്പ് - എൻ.എച്ച്.ജി)

ഓരോ പ്രദേശത്തെയും ദരിദ്ര കുടുംബങ്ങളിൽ നിന്ന് പ്രായപൂർത്തിയായ ഓരോ സ്ത്രീയെ വീതം ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന 10-20 അംഗങ്ങളുള്ള അടിസ്ഥാനതല സംഘടനാ സംവിധാനമാണ് അയൽകൂട്ടം. സ്ത്രീ ശാക്തീകരണം, സാമ്പത്തിക-സാമൂഹ്യ ശാക്തീകരണം എന്നിവയിലൂടെ ദാരിദ്ര്യ ലഘൂകരണം എന്നതാണ് കുടുംബശ്രീ ലക്ഷ്യം. അതിനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അയൽകൂട്ടം. ഇതൊരു സ്വതന്ത്ര വനിതാ കൂട്ടായ്മയാണ്. അയൽകൂട്ടത്തിന്റെ ഭരണപരവും സംഘടനാ പരവുമായ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന ശേഷിവികസനവും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കപ്പെടുന്നു.

മിതവ്യയ സാമ്പാദ്യ ശീലത്തിലൂടെയും ആഭ്യന്തര വായ്പാ ലഭ്യതയിലൂടെയും നേടുന്ന സാമ്പത്തിക കൈകാര്യകർതൃത്വം അവർക്കിടയിലെ പണത്തിന്റെ വിനിമയം സുഗമമാക്കുന്നു. എല്ലാ കൈകളിലും പണമെത്തിക്കുന്ന ഈ നവീന രീതി ദാരിദ്ര്യം കുറയ്ക്കുന്നതിനു സഹായിക്കുന്നു. കൂടാതെ അയൽകൂട്ട പ്രവർത്തനത്തിന്റെ ഭാഗമായി പ്രാദേശിക സമൂഹത്തിലും ബാങ്കുകൾ ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും പല നിലവാരത്തിലും പദവിയിലുമുള്ള ആളുകളുമായി ഇടപെടുന്നതിലൂടെയുണ്ടാവുന്ന മുന്നേറ്റവും വ്യക്തിത്വവികാസവും ദാരിദ്ര്യ ലഘൂകരണത്തിനു കാരണമാകുന്നു. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ച് വരുമാനവും മാനേജ്മെന്റ് വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു.

ഈ സാമൂഹ്യ വത്കരണമാണ് കുടുംബങ്ങളെ ദാരിദ്ര്യലഘൂകരണത്തിലേയ്ക്കും തുടർന്ന് കേവല ദാരിദ്ര്യ നിർമ്മാർജ്ജനത്തിലേയ്ക്കും നയിക്കുന്നത്. ഇപ്രകാരം അയൽക്കൂട്ടങ്ങൾ അണിചേരുന്ന എ.ഡി.എസ്സു കളുടേയും എ.ഡി.എസ്സുകൾ ചേരുന്ന സി.ഡി.എസ്സുകളുടേയും ശൃംഖലാ പ്രവർത്തനങ്ങളുടെ ഊർജ്ജമാണ് നാടിന്റെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ചാലക ശക്തി.

## 7.2 ഏരിയ ഡവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.)

ഓരോ വാർഡിലെയും അയൽകൂട്ടങ്ങളെ ഏകോപിപ്പിക്കുന്ന സംയോജിത സംഘടനാ രൂപമാണ് എ.ഡി.എസ്. അയൽകൂട്ടങ്ങളുടെ അഞ്ചംഗ ഭാരവാഹികളടങ്ങുന്ന ഒരു പൊതുസഭയും പൊതു സഭയിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങളടങ്ങിയ ഭരണ സമിതിയും എ.ഡി.എസ്സിനുണ്ട്. ത്രിതല സംഘടനാ സംവിധാനത്തിന്റെ മധ്യതലം എന്ന നിലയിൽ അയൽകൂട്ടത്തേയും സി.ഡി.എസി നേയും ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ് ഇത്. അതത് വാർഡിലെ അയൽകൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുക, മിതവ്യയ സമ്പാദ്യ-വായ്പ പരിപാടിയുടെ പുരോഗതി വിലയിരുത്തുക, അയൽകൂട്ടങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്ന തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുക, അതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നിവ എ.ഡി.എസ്സിന്റെ ചുമതലയാണ്.

## 7.3 കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)

മൂന്ന് തലങ്ങളുള്ള സംഘടനാ സംവിധാനത്തിന്റെ ഉപരിതലം. അയൽകൂട്ടം, എ.ഡി.എസ്. എന്നിവയെക്കൂടി ഉൾക്കൊണ്ട് രജിസ്ട്രേഷൻ ലഭിക്കുന്നത് സി.ഡി.എസ്.നാണ്. എ.ഡി.എസ്. ഭരണസമിതികൾ ചേർന്ന ഒരു പൊതു സഭയും ഓരോ എ.ഡി.എസ്. നും പ്രതിനിധികളുള്ള ഒരു ഭരണസമിതിയും സർക്കാർ അംഗീകരിച്ച ബൈലോയും തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങളും സി.ഡി.എസ് നുണ്ട്. അയൽക്കൂട്ടവും എ.ഡി.എസു ഉൾപ്പെടുന്ന ഒറ്റ യൂണിറ്റാണ് സി.ഡി.എസ്. ആവശ്യാധിഷ്ഠിത സേവന സമന്വയത്തിലൂടെ വിവിധ സേവന തുറകളെ ഏകോപിപ്പിച്ച് ദാരിദ്ര നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഒരു പൊതുവേദിയായിട്ടാണ് സി.ഡി.എസ്. പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് രാജ്, നഗര പാലിക നിയമം പ്രാബല്യത്തിൽ വന്നതോടെ ദാരിദ്ര നിർമ്മാർജ്ജനം ത്രിതല പഞ്ചായത്തുകളുടേയും നഗര സഭകളുടേയും അനിവാര്യ ചുമതലയായി. കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം അധികാര വികേന്ദ്രികരണത്തെ സഹായിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെടുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റ് സി.ഡി.എസിന്റേയും വാർഡുമെമ്പർമാർ എ.ഡി.എസി.ന്റേയും രക്ഷാധികാരിയാണ്. പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളുമായി കുടുംബശ്രീയെ ബന്ധിപ്പിക്കുന്ന ചാർജ്ജ് ഓഫീസറും മെമ്പർ സെക്രട്ടറിയുമാണ്.

## 7.4 കുടുംബശ്രീ പദ്ധതികൾ

### 1. ലഘുസമ്പാദ്യ (മൈക്രോ ഫൈനാൻസ്) വായ്പാ പ്രവർത്തനങ്ങൾ

ഓരോ അംഗങ്ങളും ആഴ്ചതോറും നിശ്ചിത തുക നിക്ഷേപമായി സ്വരൂപിക്കുകയും അയൽകൂട്ട തീരുമാനമനുസരിച്ച് ആന്തരിക വായ്പ നൽകി തിരിച്ചടവ് ഉറപ്പാക്കുകയും ചെയ്യുന്ന ഈ പ്രവർത്തനം കുടുംബശ്രീയുടെ അടിസ്ഥാന സാമ്പത്തിക പ്രവർത്തനമാണ്. ബാങ്ക് ലിങ്കേജ് സ്കീം വായ്പകൾ വഴി ബാങ്കുകളും മാച്ചിംഗ് ഗ്രാന്റ്, റിവോൾവിംഗ് ഫണ്ട് സ്കീമുകൾ വഴി കുടുംബശ്രീ മിഷനും ഈ സാമ്പത്തിക പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നു.

### 2. വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് (വി.ആർ.എഫ്.)

അയൽക്കൂട്ടാംഗങ്ങൾ നേരിടുന്ന ആകസ്മിക പ്രശ്നങ്ങൾ, അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി- നേരിടാൻ അടിയന്തിര സഹായമെന്ന നിലയ്ക്ക് എ.ഡി.എസ്സ്. മുഖാന്തിരം നൽകിവരുന്ന ഫണ്ടാണ് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്. ഇത് അയൽക്കൂട്ടത്തിലെ ഒരംഗത്തിനോ അയൽക്കൂട്ടാംഗങ്ങൾക്ക് മുഴുവനായോ നൽകുന്നതാണ്. തീരദേശ-പട്ടിക വർഗ്ഗ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് വി.ആർ എഫ് ലഭിക്കുന്നതിന് മുൻഗണനയുണ്ട്.

### 3. പലിശ സബ്സീഡി

ബാങ്ക് ലിങ്കേജ് വായ്പ എടുത്തിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണിത്. മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി ലഭിക്കുന്നത്. സാധാരണയായി 36 മാസമായിരുക്കും വായ്പാ കാലാവധി. മൂന്ന് വാർഷിക ഗഡുക്കളായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ഈ ആനുകൂല്യം ലഭിക്കുന്നു.

### 4. ബാങ്ക് ലിങ്കേജ് വായ്പ

നല്ല രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽനിന്നും ലഭിക്കുന്ന വായപയാണ് ലിങ്കേജ് വായ്പ. ഒരു അയൽക്കൂട്ടത്തിന് ആവശ്യമായ തുക അയൽക്കൂട്ട അക്കൗണ്ടിൽ ഇല്ലാതെ വരുമ്പോഴോ അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിൽ നിന്നു മാത്രം അംഗങ്ങളുടെ ആന്തരിക വായ്പയ്ക്കു വേണ്ട തുക മതിയാവാതെ വരുമ്പോഴും അയൽക്കൂട്ടങ്ങൾ ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ എടുക്കുന്നു. പലിശ സബ്സിഡി സ്കീമിൽ ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭിക്കുന്നു.

### 5. മാച്ചിംഗ് ഗ്രാന്റ്

ലഘു സമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ആന്തരികവായ്പാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ബാങ്ക് ലിങ്കേജ് വായ്പ പ്രയോജനപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹന തുകയാണ് മാച്ചിംഗ് ഗ്രാന്റ്. അയൽക്കൂട്ടത്തിന് ലിങ്കേജ് വായ്പ ലഭിക്കുന്ന മുറയ്ക്ക് പരമാവധി 5000/- രൂപ വരെ മാച്ചിംഗ് ഗ്രാന്റ് ലഭിക്കും.

### 6. റിവോൾവിംഗ് ഫണ്ട്

അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 10,000/- മുതൽ 15,000/- വരെ രൂപ റിവോൾവിംഗ് ഫണ്ടായി ലഭിക്കും. ഇത് അയൽക്കൂട്ടങ്ങൾ അംഗങ്ങളുടെ ആന്തരിക വായ്പാ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

### 7. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സി.ഐ.എഫ്.)

അയൽക്കൂട്ടങ്ങൾക്ക് സി.ഡി.എസി.ൽ നിന്നും എ.ഡി.എസ്സ് മുഖേന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി പരമാവധി 50,000/- രൂപ വരെ ലഭിക്കുന്നു. അപ്രകാരം ലഭിക്കുന്ന സി.ഐ.എഫ്. തുക പലിശ സഹിതം അംഗങ്ങൾ അയൽക്കൂട്ടത്തിനും അയൽക്കൂട്ടം സി.ഡി.എസിനും തിരിച്ചടയ്ക്കണം. മികച്ച ഗ്രാമ പഞ്ചായത്ത് സി.ഡി.എസുകൾക്ക് മാത്രമേ ഈ ഫണ്ട് അനുവദിക്കുകയുള്ളൂ.

#### 8. കുടുംബശ്രീ ഇൻഷുറൻസ് പദ്ധതി

43 ലക്ഷത്തോളം വരുന്ന കുടുംബശ്രീ അംഗങ്ങളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ 9 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന രണ്ട് കുട്ടികൾക്ക് വർഷം തോറും സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്ന നവീനമായൊരു പദ്ധതിയാണ് കുടുംബശ്രീ സ്ത്രീ സുരക്ഷ ബീമയോജന.

#### 9. സംഘകൃഷി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് – ജെ.എൽ.ജി.)

അയൽകൂട്ട പ്രദേശത്ത് കൂട്ടുചേർന്ന കൃഷിയിലൂടെ വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. ഇതിനുവേണ്ട പരിശീലനവും വായ്പാ സൗകര്യവും കൃഷിയ്ക്കനുസരിച്ചുള്ള ഇൻസന്റീവും കുടുംബശ്രീ മിഷൻ നൽകുന്നു. സ്ത്രീ കർഷകർക്ക് ആധുനിക അറിവും വിജ്ഞാനവും നൽകുന്നതിനായി കാർഷിക സഹായ കേന്ദ്രങ്ങൾ (ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ – എഫ്.എഫ്.സി) പ്രവർത്തിക്കുന്നു.

'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയത്തിൽ പച്ചക്കറി കൃഷിക്കായ് ഭക്ഷ്യസുരക്ഷാ ഭവനം, മൃഗസംരക്ഷണ മേഖലയിലെ സ്ത്രീകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് – സി.ഐ.ജി. എന്നീ പരിപാടികളുമുണ്ട്.

#### 10. മൈക്രോ സംരംഭങ്ങൾ

അയൽകൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, സാധ്യത എന്നിവ കണക്കിലെടുത്ത് ഒറ്റക്കോ കൂട്ടായോ നടത്തുന്ന വരുമാന ദായക പ്രവർത്തനങ്ങൾക്ക്, പരിശീലനം, വൈദഗ്ധ്യ വികസനം, സാമ്പത്തിക സഹായം, വിപണി സഹായം എന്നിവ നൽകി പ്രോത്സാഹിപ്പിക്കുന്ന ശക്തമായൊരു ഇടപെടലാണ് മൈക്രോ സംരംഭങ്ങൾ. നാടിന്റെ വികസന പ്രശ്നങ്ങളുടെ പിന്നിൽ ഒരു സംരംഭകത്വ ആശയം ഉണ്ട് എന്നാണ് കുടുംബശ്രീയുടെ നിലപാട്. പ്രശ്ന പരിഹാരത്തിന് വേണ്ടി കൂടി ആവിഷ്കരിച്ചതാണ് കുടുംബശ്രീയുടെ കേരശ്രീ, ക്ലീൻ കേരള, യുവശ്രീ, ഭവനശ്രീ മുതലായ പദ്ധതികൾ.

ബാങ്ക് വായ്പകളും സബ്സിഡിയും സംഘടിപ്പിച്ചു നൽകുന്നത് കൂടാതെ സംരഭങ്ങളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ റിവോൾവിംഗ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, കമ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്, മാസ ചന്തകൾ, ആഘോഷ ചന്തകൾ, സൂക്ഷ്മ സംരംഭ കൺസൾട്ടന്റ് സേവനം എന്നീ രീതിയിലും തുടർ സഹായങ്ങൾ നൽകുന്നു.

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (എൻ.ആർ.എൽ.എം.) കീഴിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന യുവാക്കളെ ഉദ്ദേശിച്ചുള്ള തൊഴിൽ പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്യായ-ഗ്രാമീൺ കൗശല്യ യോജന. സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്.

#### 11. അഗതി രഹിത കേരളം പദ്ധതി

അഗതി രഹിത കേരളം എന്ന ലക്ഷ്യത്തോടെ, നിരാലംബരും നിരാശ്രയരുമായ ജനങ്ങളെ സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ ആവശ്യമായ സേവനങ്ങൾ എത്തിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആവിഷ്കരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. അയൽകൂട്ട സർവ്വേയിലൂടെ കണ്ടെത്തുന്ന 7/9 ക്ലേശ ഘടകങ്ങളും 1/9 സവിശേഷ ക്ലേശ ഘടകങ്ങളും ഉള്ള കുടുംബങ്ങളെയാണ് അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇത്തരം കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വം, തൊഴിൽ, മാനസീകാരോഗ്യത്തിനുള്ള കൗൺസലിംഗ് തുടങ്ങിയ പരിഹാര മാർഗ്ഗങ്ങൾ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് അഗതി രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം.

#### 12. ബഡ്സ് സ്കൂൾ

ശാരീരിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനഃരധിവസിപ്പിക്കാൻ പഞ്ചായത്ത്/നഗരസഭാ തലത്തിൽ ആരംഭിച്ച പ്രത്യേക സ്കൂളാണ് ബഡ്സ്. സംസ്ഥാനത്ത് ഇപ്പോൾ 64 ബഡ്സ്

സ്കൂളുകൾ പ്രവർത്തിക്കുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാഭ്യാസ പ്രായം കഴിഞ്ഞ വ്യക്തികളുടെ പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി ബഡ്സ് പുനരധിവാസ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

**13. ബാലസഭ**

കുടുംബശ്രീ അയൽകൂട്ട പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടെയും കൂട്ടമാണ് ബാലസഭ. ശിശു കേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ (ശേഷികൾ) വിപുലപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് കുടുംബശ്രീ ബാലസഭ പരിപാടി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ബാല പഞ്ചായത്ത്, ബാല പാർലമെന്റ് എന്നിവ സംഘടിപ്പിച്ച് നേതൃശേഷിയും ജനാധിപത്യ രീതിയും കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു.

**14. പട്ടിക വർഗ്ഗ മേഖലയിലുള്ള പ്രത്യേക പ്രോജക്ടുകൾ**

കുടുംബശ്രീ സംവിധാനത്തിൽ പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉയർത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായുള്ള പ്രത്യേക പ്രോജക്ട്.

**15. എൻ.യു.എൽ.എം. (നഗര പ്രദേശങ്ങളിൽ മാത്രം)**

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

**16. പ്രധാനമന്ത്രി ആവാസ് യോജന**

എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് കേന്ദ്ര-സംസ്ഥാന-നഗര സർക്കാരുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഈ ഭവന നിർമ്മാണ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

**17. സ്ത്രീശാക്തീകരണ പരിപാടികൾ**

സ്ത്രീപദവി സ്വയംപഠനം, ജൻഡർ കോർണർ, സ്നേഹിത, കമ്യൂണിറ്റി കൗൺസലിംഗ്, കമ്യൂണിറ്റി തിയേറ്റർ, ജന്റർ റിസോഴ്സ് സെന്റർ/ബ്ലോക്ക്ലെവൽ കമ്യൂണിറ്റി സെന്റർ, വിജിലന്റ് ഗ്രൂപ്പുകൾ മുതലായവ സ്ത്രീ സുരക്ഷയും ശാക്തീകരണവും ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ പരിപാടികളാണ്.

## അദ്ധ്യായം 8

# നവകേരളം കർമ്മപദ്ധതി/പരിപാടി
# നവകേരള സൃഷ്ടിക്കായ് ജനകീയ യജ്ഞങ്ങൾ

ഒട്ടേറെ സാമൂഹ്യ നേട്ടങ്ങൾ ഉണ്ടാക്കിയ സംസ്ഥാനമാണ് കേരളം. വലിയതോതിൽ സാമ്പത്തിക വളർച്ച ഇല്ലാഞ്ഞിട്ടുകൂടി ജനകീയ ഇടപെടലുകൾ വഴി ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.


എണ്ണമറ്റ ജനകീയ പ്രക്ഷോഭങ്ങളും ഭരണകൂടങ്ങളുടെ ഇച്ഛാശക്തിയുള്ള നടപടികളും സംവിധാനങ്ങളെ മെച്ചപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും സഹായകമായി. മിനിമം കൂലിയും ഭൂപരിഷ്കരണവും സാർവത്രിക പൊതു വിതരണ സമ്പ്രദായവും സമ്പൂർണ സാക്ഷരതയും അധികാര വികേന്ദ്രീകരണവുമെല്ലാം ജനജീവിതത്തെ പുഷ്ടിപ്പെടുത്തി. മാനവിക വികസന രംഗത്ത് ഇന്നും കേരളമാണ് ഒന്നാം സ്ഥാനത്തുള്ളത്.

എന്നാൽ ഈ നേട്ടങ്ങളോടൊപ്പം വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങളും ശക്തിപ്പെട്ടിട്ടുണ്ട്. തദ്ദേശീയ കാർഷിക, വ്യാവസായിക ഉത്പാദന രംഗത്തെ മുരടിപ്പായിരുന്നു ഇതിൽ പ്രധാനം. ഇതേ തുടർന്ന് തൊഴിലന്വേഷിച്ച് പ്രവാസികളായവർ നേടി കൊണ്ടുവന്ന പണം പ്രധാന വരുമാന മാർഗ്ഗമായെങ്കിലും ഇതും ഉത്പാദനക്ഷമമായി പ്രയോജനപ്പെടുത്താനായില്ല.


പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം, കമ്പോളത്തിന്റെ മാസ്മരികതയിൽ അഭിരമിച്ച് ജീവിച്ചതു വഴിയുണ്ടായ മാലിന്യ പ്രശ്നങ്ങൾ, ജലചൂഷണം, മദ്യപാനം, ആത്മഹത്യ, ജീവിതശൈലി രോഗങ്ങൾ, പകർച്ചവ്യാധികൾ, അതിക്രമങ്ങൾ, റോഡപകടങ്ങൾ എന്നിവയൊക്കെ ഒരു പരിഷ്കൃത സമൂഹത്തിന് ചേരാത്ത വിധത്തിൽ കൂടികൊണ്ടിരിക്കുന്നു.

ഈ അവസ്ഥയെ ഫലപ്രദമായി നേരിടുന്നതിനുള്ള ശ്രമമാണ് നവകേരളം കർമ്മ പരിപാടി/പദ്ധതിയിലൂടെ കേരള ഗവൺമെന്റ് നടത്തുന്നത്. പുതുകേരള സൃഷ്ടിക്കായി സവിശേഷ ഇടപെടൽ ആവശ്യമുള്ള നാലു മേഖലകളിൽ നടത്തുന്ന ഗുണപരമായ പ്രതികരണങ്ങളാണ് ഹരിത കേരളം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം മിഷനുകൾ ഇതിൽ ഹരിത കേരളാ മിഷന് കീഴിൽ കൃഷി, ജലം, ശുചിത്വം എന്നീ ഉപമിഷനുകളും പ്രവർത്തിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കി അതത് മേഖലകളിൽ പ്രവർത്തനങ്ങൾ നടത്തുകയും ഓരോ വിഷയ മേഖലയിലും ആവശ്യമായ സാങ്കേതിക പിന്തുണ മിഷനുകൾ നൽകികൊണ്ട് പരസ്പരം പൂരകമായി പ്രവർത്തിക്കുകയും ചെയ്യുന്ന തരത്തിലാണ് നവകേരളം മിഷൻ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. സഉ (പി) നം. 10/2017 ആ.സാ.വ തിരുവനന്തപുരം തീയതി 19.04.2017



## 8.1 ഹരിത കേരളം മിഷൻ




### 8.1.1 ശുചിത്വം മാലിന്യ സംസ്കരണം

**ലക്ഷ്യങ്ങൾ**

- ♦ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം - അനുകൂല മനോഭാവവും ശീലങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുക.
- ♦ സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- ♦ ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

**പ്രവർത്തനങ്ങൾ**

- ♦ ജൈവ മാലിന്യങ്ങൾ- ഉറവിട മാലിന്യ സംസ്കരണം
- ♦ അജൈവ മാലിന്യങ്ങൾ - തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുനഃരുപയോഗം, പുനഃചംക്രമണം.
- ♦ ദ്രവ മാലിന്യം - വികേന്ദ്രീകൃത പരിപാലന സംവിധാനങ്ങൾ.
- ♦ വലിയ നഗരങ്ങളിൽ ഉറവിട സംസ്കരണത്തോടൊപ്പം നൂതന രീതിയിലുള്ള കേന്ദ്രീകൃത സംവിധാനം.
- ♦ പൊതുസ്ഥലങ്ങൾക്ക് യോജിച്ച മാലിന്യ സംസ്കരണ സംവിധാനം.
- ♦ ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം കർശനമായി തടയൽ.
- ♦ ജൈവ മാലിന്യം ജൈവ വളമാക്കി മാറ്റൽ.
- ♦ അജൈവ മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുകയും പരമാവധി പുനഃരുപയോഗിക്കുകയും പുനഃചംക്രമണം നടത്തുകയും ചെയ്യുക.
- ♦ മേൽ കാര്യങ്ങൾ സാധ്യമാക്കുന്നതിന് ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

### 8.1.2 ജലസംരക്ഷണം (ജലസമൃദ്ധി)

| ലക്ഷ്യങ്ങൾ |
|---|
| ♦ സംയോജിത നീർത്തട അടിസ്ഥാനത്തിലുള്ള ആസൂത്രണം നിർവ്വഹണം<br>♦ പുതിയ ജലസംരക്ഷണ - വിനിയോഗ സംസ്കാരം<br>♦ ജലസുരക്ഷയും പരിസ്ഥിതി സുരക്ഷയും ഉറപ്പാക്കൽ<br>♦ ജലസ്രോതസ്സുകൾ - നവീകരണം - ശുദ്ധീകരണം/വിനിയോഗം സുസ്ഥിര പരിപാലനം |
| **പ്രവർത്തനങ്ങൾ** |
| ♦ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം - ശുദ്ധീകരണം<br>♦ കിണറുകളുടെ ശുചീകരണം, മഴവെള്ള റീചാർജ്ജിംഗ്<br>♦ മനുഷ്യ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ ക്വാറികൾ പോലെയുള്ള ജലസംഭരണികളിലെ ജലം ശുദ്ധിയാക്കി ഭാവിയിലെ ഉപയോഗത്തിനായി സൂക്ഷിക്കൽ<br>♦ ഭൂപ്രകൃതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭൂജല പോഷണം<br>♦ ജല ദുർവ്യയം കുറയ്ക്കുക<br>♦ ജല ഓഡിറ്റിംഗും ബഡ്ജറ്റിങ്ങും നടത്തുക<br>♦ ഭൂസവിശേഷതകളെ അടിസ്ഥാനപ്പെടുത്തി ജല ലഭ്യത, ജല സംരക്ഷണം, ശരിയായ ഭൂവിനിയോഗം, ജൈവ സമ്പത്തിന്റെ സംരക്ഷണം എന്നിവ ഉറപ്പാക്കുക<br>മുകളിൽ പറഞ്ഞ കാര്യങ്ങൾ സാധ്യമാക്കുന്നതിന് MGNREGAഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിവിധ സംസ്ഥാന സർക്കാർ വകുപ്പ് പദ്ധതികളുടെയും ഉദ്ഗ്രഥനം സാധ്യമാക്കുക. |

### 8.1.3 കാർഷിക വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ♦ പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ, തുടങ്ങിയ അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിൽ സ്വയം പര്യാപ്തത<br>♦ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉത്പാദിപ്പിക്കുന്ന ജൈവവളം പരമാവധി ഉപയോഗിക്കുകയും രാസവള- കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്ന സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം<br>♦ വീടുകളിലെ കൃഷി, തരിശുഭൂമിയിലെ കൃഷി എന്നിവ വ്യാപിപ്പിക്കുക.<br>♦ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാൻ വിപണി സംവിധാനം<br>♦ കൃഷി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം എന്നിവ വഴി അധിക തൊഴിൽ<br>♦ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ വർദ്ധിച്ച സംഭാവന<br>♦ ജലസ്രോതസുകളുടെ ജൈവ സംരക്ഷണം | ♦ കൃഷിയെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ സംയോജിത കൃഷി രീതി<br>♦ നെൽകൃഷിയുടെ വിസ്തൃതിയിൽ 50 % എങ്കിലും വർദ്ധനവ് ഉണ്ടാക്കുക<br>♦ ആഗ്രോ പാർക്കുകളുടെ ശൃംഖല സജ്ജമാക്കി മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം.<br>♦ ഉല്പാദന ചെലവ് നിയന്ത്രിക്കാനും കായികാധ്വാനം കുറയ്ക്കാനും യന്ത്രവൽക്കരണം<br>♦ തരിശുകിടക്കുന്ന കൃഷിയിടങ്ങളിലെ കൃഷി ഏറ്റെടുക്കുന്നതിന് വിവിധ ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം<br>♦ വകുപ്പ്തല പദ്ധതികളുടെ ഫലപ്രദമായ സംയോജനം<br>♦ കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ<br>♦ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് വായ്പാ, വിപണന സൗകര്യങ്ങൾ ഒരുക്കുക<br>♦ ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും അവയുടെ പ്രചാരണവും |

### 8.1.4 ഹരിതകേരളം പ്രവർത്തനങ്ങൾ നാളിതുവരെ

**മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം - ആഗസ്റ്റ് 15**

- സംസ്ഥാന - ജില്ലാ - തദ്ദേശ സ്ഥാപന തലത്തിൽ വിപുലമായ പരിശീലനം
- അവസ്ഥാ നിർണ്ണയ പഠനം - മുഴുവൻ വീടുകളിലും - സർവ്വേയോടൊപ്പം മാലിന്യ സംസ്കരണ ഉപാധികൾ പരിചയപ്പെടുത്തി
- സർവ്വേ വിവരങ്ങൾ വാർഡ് - തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് - ഇതിനെ അധികരിച്ച് വാർഡ് തല ശുചിത്വ സംഗമം നടത്തി. ശുചിത്വ ദീപസന്ധ്യ സംഘടിപ്പിച്ചു.
- സർക്കാർ മാർഗ്ഗരേഖയുടെ പരിചയപ്പെടുത്തൽ പരിശീലനം (സംസ്ഥാന - ജില്ലാ- ഗ്രാമപഞ്ചായത്ത് തലങ്ങളിൽ)
- മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശങ്ങൾ ഭേദഗതി - പരിശീലനം - പ്രോജക്ട് ക്ലിനിക്കുകൾ
- മികച്ച പ്രോജക്ടുകളുടെ അവതരണവും - പൊതു മാനദണ്ഡ രൂപീകരണവും
- 2017 നവംബർ 1 ന് 294 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ ആരംഭിച്ചു.

- സജീവ ജനകീയ ഇടപെടലിലൂടെ വരട്ടാർ പുനരുജ്ജീവനം സാധ്യമാക്കി.
- പള്ളിക്കലാറിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ജനകീയമായി നടത്തി.
- വരട്ടാർ - പള്ളിക്കലാർ എന്നിവയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കാൻ ജനപ്രതിനിധികൾക്ക് സാങ്കേതിക പരിശീലനം സംഘടിപ്പിച്ചു. ബന്ധപ്പെട്ട വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകി.
- കാട്ടാക്കട നിയോജക മണ്ഡലത്തിൽ വിപുലമായ രീതിയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു - കുളങ്ങൾ നവീകരിച്ചു - പ്രധാന തോടായ മച്ചേൽ തോടിന്റെ 4 കി.മീ നീളത്തിലുള്ള ഭാഗത്ത് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി - മുഴുവൻ കിണറുകളിലെയും ജല ഗുണനിലവാര പരിശോധന ജനകീയമായി പൂർത്തിയാക്കി - സ്കൂളുകളിലെ കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനങ്ങൾ ഒരുക്കി.
- ജനകീയ സമിതിയുടെ നേതൃത്വത്തിൽ ഉള്ള മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനർസംയോജന പദ്ധതിക്ക് വേണ്ട പിന്തുണ
  - തോടുകളുടെ നവീകരണം
  - തോടുകളുടെ വർഷങ്ങളായി നികന്നു പോയതോ നികത്തപ്പെട്ടു പോയതോ ആയ ഭാഗങ്ങൾ വെട്ടിയുണ്ടാക്കി പുനർ സൃഷ്ടിച്ചു.
  - കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു.
  - 1000 ഏക്കർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ കർഷകരെ സജ്ജരാക്കി.
  - വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി - ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സുസ്ഥിരത ഉറപ്പാക്കി
  - വൻപിച്ച ജനകീയ പങ്കാളിത്തം ഉറപ്പാക്കി
- കണ്ണൂർ കാനാമ്പുഴ ശുചീകരണം ജനകീയമായി നടത്തി
- മൺട്രോ തുരുത്ത് പ്രദേശം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ കൂടി സഹകരണത്തോടെ കിലോമീറ്റർ നീളത്തിലുള്ള തോടുകൾ നവീകരിച്ചു.
- ഒരു കോടി വൃക്ഷത്തൈ നടീൽ പരിപാടി - വിവിധ സംഘടനകൾ, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ എന്നിവയുടെ സഹകരണത്തോടെ പരിസ്ഥിതി ദിനത്തിൽ പൊതു സ്വകാര്യ ഇടങ്ങളിൽ 1 കോടി വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. ഇതിന്റെ നിലവിലെ അവസ്ഥ പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

### 8.1.5 സംഘടനകളുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന ചില ഇടപെടലുകൾ

1. മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുക, പറമ്പുകളിൽ അലക്ഷ്യമായി വലിച്ചെറിയുക മുതലായ ശീലങ്ങൾക്ക് മാറ്റം വരുത്താൻ സൂക്ഷ്മതലത്തിൽ ഇടപെടലുകൾ
2. സംഘടനകളുടെ തനതു പരിപാടികളിൽ ഹരിത നിയമാവലി (Green Protocol) കർശനമായി നടപ്പിലാക്കുക
3. അതിനു ശേഷം സംഘടനയുടെ പ്രധാന പ്രവർത്തകരുടെ വീടുകളിലേയ്ക്കും, തുടർന്ന് അംഗങ്ങൾ, പ്രദേശത്തെ മറ്റ് ജനവിഭാഗങ്ങൾ എന്നിവരിലേയ്ക്കും വിവിധങ്ങളായ ശുചിത്വ ശീലങ്ങൾ വ്യാപിപ്പിക്കണം.

4. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കും എന്ന് ഉറപ്പ് വരുത്തുക.
5. വേണ്ട സഹായങ്ങൾ സംഘടനകൾ ചെയ്തു കൊടുക്കുകയും ഇതുവഴി ഉത്പാദിപ്പിക്കുന്ന ജൈവവളം ആവശ്യമില്ലാത്ത വീട്ടുകാരിൽ നിന്നും അവ ശേഖരിച്ച് സംഘ ജൈവ കൃഷിക്കായി ഉപയോഗിക്കുകയും ആകാം.
6. തരിശുഭൂമിയിൽ പച്ചക്കറി, നെൽകൃഷി
7. പുറംമ്പോക്കുകളിലും പൊതു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തരിശു ഭൂമിയിലും കൃഷി
8. സുരക്ഷിത ഭക്ഷ്യോത്പാദനത്തിന്റെ പ്രചരണം
9. മരങ്ങൾ നട്ട് പരിപാലിക്കൽ
10. പ്രാദേശിക കാർഷിക ഉത്പന്നങ്ങൾക്ക് വിപണനം ഒരുക്കൽ
11. പ്രാദേശിക കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രചരണം
12. പ്രാദേശിക കാർഷിക ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള നല്ല ഭക്ഷണ ശീലങ്ങളുടെ പ്രചരണം
13. അനുയോജ്യവും നൂതനവുമായ തനതു പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

## 8.2 ലൈഫ് മിഷൻ സമ്പൂർണ്ണ ഭവനപദ്ധതി

എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനുതകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സമഗ്ര പരിപാടിയാണ് ലൈഫ് മിഷൻ വിഭാവനം ചെയ്യുന്നത്. പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവും ആയ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെയും പരിഹാരം കാണാനുള്ള സമഗ്ര പദ്ധതിയാണ് സർക്കാർ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി രൂപം നൽകിയ ലൈഫ് മിഷൻ. സംസ്ഥാനത്തെ ഭവനരഹിത വിഭാഗങ്ങളെ മുഖ്യ മായും നാലായി തിരിക്കാം.

### 8.2.1 പണി പൂർത്തീകരിക്കാത്ത വീടുകൾ

സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലുമൊരു ധനസഹായ പദ്ധതിയിലെ ഗുണഭോക്താക്കളായവ രുമാണ് ഈ വിഭാഗം. ലഭ്യമായ ധനസഹായം ആവശ്യത്തിന് തികയാത്തതിനാൽ വീട് പണി പൂർത്തിയാക്കാൻ കഴിയാതെ ഭവന രഹിതരായി തുടരുന്നവരാണിവർ. പരമാവധി 400 ച.അടി പ്ലിന്ത് ഏരിയ വരുന്ന ഭവനം അഥവാ ഭവന ഭാഗമാണ് (അടുക്കള, പൊതു ഉപയോഗ ഹാൾ, കുറഞ്ഞത് ഒരു കിടപ്പുമുറി, ശുചിമുറി, എന്നിവ ഉൾപ്പെടു ന്നത്) പൂർത്തിയാക്കേണ്ടത്. എന്നാൽ ഏതെങ്കിലും ഒരു ഭവനത്തിന്റെ പൂർത്തീകരണത്തിന് 400-ലധികം വിസ്തീർണ്ണം പൂർത്തിയാക്കേണ്ടത് അത്യാവശ്യമാകുന്നപക്ഷം അത്തരത്തിലും പൂർത്തിയാക്കാവുന്നതാണ്.

പണിതീരാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഏത് ഭവനപദ്ധതിയിൽ ആരംഭിച്ചവയാണെങ്കിലും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. നൽകാനുള്ള ബാക്കി തുകയുടെ ആനുപാതിക വർദ്ധനവ് ഭവന പൂർത്തീകരണത്തിന് നൽകും. ആനുപാതിക വർദ്ധനവ് നൽകിയാലും പൂർത്തീകരിക്കാൻ സാധ്യമല്ലാത്ത വീടുകളുടെ പൂർത്തീകരണത്തിനായി അധികമായി വരുന്ന തുക പ്രാദേശിക വിഭവ സമാഹരണത്തിലൂടെ കണ്ടെത്തി ഭവനം പൂർത്തീകരിക്കേണ്ടതുണ്ട്. നേരിട്ട് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് ബോധ്യമുള്ള ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് സാമൂഹിക പ്രതിബദ്ധതയുള്ള ഏജൻസികളെ/ കരാറുകാരെ ചുമതലപ്പെടുത്തി പൂർത്തിയാ ക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് യഥാർത്ഥ നിർമ്മാണ ചെലവിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്വയം പൂർത്തീകരിക്കാൻ കഴിയാത്തവരുടെ വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വാർഡുതല കർമ്മ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്.

### 8.2.2 ഗുണഭോക്താവാകേണ്ടതിനുള്ള മാനദണ്ഡങ്ങൾ

1. സ്വന്തമായി വീടില്ലാത്തവരും പരമ്പരാഗത സ്വത്തായി വീടുകിട്ടാൻ സാധ്യതയില്ലാത്തവരും സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരും പരമ്പരാഗത സ്വത്തായി വീടോ ഭൂമിയോ കിട്ടാൻ സാദ്ധ്യതയില്ലാത്തവരും
2. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിക്കണം അവർക്ക് ഒരു വീടിനു മാത്രമെ അർഹതയുണ്ടാകൂ.

### 8.2.3 ലൈഫ് മിഷൻ ഗുണഭോക്താവായി പരിഗണിക്കപ്പെടാൻ അർഹതയില്ലാത്തവർ

1. സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവരോ ആയ അംഗങ്ങളുള്ള കുടുംബം.
2. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബം
   ഗ്രാമ പഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബം (പട്ടികവർഗ്ഗത്തിന് ബാധകമല്ല)
3. ഉപജീവന തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബം.

4. അവകാശികൾക്ക് വസ്തുഭാഗം ചെയ്തുകൊടുത്ത സാഹചര്യത്തിൽ സാങ്കേതികമായി സ്വന്തം പേരിൽ ഭൂമിയില്ലാതായതുകൊണ്ടുമാത്രം ഭൂരഹിതരായവർ

### 8.2.4 വാസയോഗ്യമല്ലാത്ത വീടുകൾ

ലക്ഷംവീട് പദ്ധതിപോലുള്ള മുൻകാല സർക്കാർ പദ്ധതിയുടെ ഭാഗമായി വീട് ലഭിച്ചവരും എന്നാൽ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതായ വീടുകളിൽ സ്വന്തമായി വീട് പുനരുദ്ധാരണം നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ നിസ്സഹായരായി കഴിയുന്നവരാണിവർ.

### 8.2.5 സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ

സ്വന്തമായി ഭൂമിയുള്ളവരും സർക്കാർ ധനസഹായം ലഭ്യമായാൽ ബാക്കി തുക വായ്പയായോ ലഭ്യമാക്കിക്കൊണ്ട് സ്വന്തമായി വീടുവെയ്ക്കാൻ കഴിയുന്നവരുമാണ് ഈ വിഭാഗം. വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം - 40 ച.മീറ്റർ വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്നത്.

### 8.2.6 ഭൂരഹിത ഭവനരഹിതർ

സ്വന്തമായി ഭൂമിയില്ലാതെ വാടകവീടുകളിലോ പുറമ്പോക്കിലോ അനധികൃത കുടിലുകളിലോ തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവർ. സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്ന ഈ വിഭാഗത്തിന് വീടുവെക്കാനുള്ള സ്ഥലംകൂടി സർക്കാർ കണ്ടെത്തേണ്ടതുണ്ട്. കൂടാതെ, ജീവനോപാധികളായ തൊഴിലുകളിൽ ഏർപ്പെടുന്നതിനുകൂടി സഹായകമായ സ്ഥലത്ത് വീട് നൽകുകയും വേണം. ഈ സാഹചര്യം സമഗ്രമായി ഉൾക്കൊള്ളുന്ന Livelyhood (ഉപജീവന മാർഗ്ഗം) Inclusion (ഉൾച്ചേർക്കൽ), Financial empowerment (സാമ്പത്തിക ശാക്തീകരണം) എന്നിവ ചേർത്തിണക്കി സമഗ്ര വികസന പദ്ധതിയായാണ് ലൈഫ് മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. സാമൂഹിക സുരക്ഷ പദ്ധതികൾ, ക്ഷേമ പദ്ധതികൾ, പൊതുവിതരണ സംവിധാനം, ബി.പി.എൽ കാർഡ്, ഇൻഷ്വറൻസ് പരിരക്ഷ, പൊതു വിദ്യാഭ്യാസ ആരോഗ്യ സംരക്ഷണ സംവിധാനങ്ങളിലെ മുൻഗണന ഇവ ഉറപ്പാക്കുന്ന തരത്തിൽ പുനരധിവാസം ക്ലസ്റ്ററുകളോ, ഭവന സമുച്ചയങ്ങളോ ആയാണ് നടപ്പിലാക്കുക.

തൊഴിൽ പരിശീലനം, സ്വയംതൊഴിലുകൾ സ്വീകരിക്കാനുള്ള സഹായങ്ങൾ, നൈപുണ്യ വികസന പരിപാടികൾ, വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനും കഴിവുള്ളവരെ ഉന്നത പഠനമേഖലകളിലേക്ക് നയിക്കാനും കഴിയുന്ന പരിശീലനങ്ങൾ തുടങ്ങിയവയൊക്കെ കേന്ദ്രീകൃതമായി നടപ്പിലാക്കാൻ ഇത്തരത്തിലുള്ള ഭവന സമുച്ചയങ്ങൾ വഴി സാദ്ധ്യമാകും.

### 8.2.7 നിർവ്വഹണ സംവിധാനം (സംസ്ഥാന തലം)

സംസ്ഥാന തലത്തിൽ ലൈഫ് മിഷന്റെ മേൽനോട്ടം വഹിക്കുന്നതും മാർഗ്ഗ നിർദ്ദേശം നൽകുന്നതും മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായുള്ള സംസ്ഥാനതല മിഷനാണ്.

### 8.2.8 തദ്ദേശ സ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി

തദ്ദേശ സ്വയം ഭരണസ്ഥാപനതലത്തിലുള്ള കർമ്മസേനയ്ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ ലഭിക്കുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയായി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിശ്ചയിച്ചിട്ടുണ്ട്.

### 8.2.9 ഗുണഭോക്തൃപട്ടിക

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തുമ്പോൾത്തന്നെ ഏറ്റവും അർഹരായവർക്ക് ഏറ്റവും വേഗത്തിൽ സഹായമെത്തിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ഒമ്പത് ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.

1. മാനസിക വെല്ലുവിളി നേരിടുന്നവരോ അന്ധരോ, ശാരീരിക തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുംബം.
2 അഗതികൾ
3. 40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
4. ഭിന്നലിംഗക്കാർ
5. ഗുരുതര മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ, കുടുംബനാഥയായ കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാൻ കഴിയാത്ത കുടുംബ നാഥരുള്ള കുടുംബങ്ങൾ
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനം ഇല്ലാത്ത അംഗങ്ങളുള്ള കുടുംബങ്ങൾ. (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കില്ല.)
9. എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

ഗുണഭോക്തൃ കുടുംബങ്ങളെ റാങ്ക് ചെയ്ത് ക്രമപ്പെടുത്തി പട്ടിക തയ്യാറാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ലൈഫ് മിഷൻ കർമ്മ സമിതിയാണ്. ഈ പട്ടിക ഗ്രാമസഭ അംഗീകരിച്ചാൽ അന്തിമ പട്ടിക യാകും. ഇത്തരത്തിലുള്ള നാല് ഗുണഭോക്തൃ പട്ടികകളാണ് (1. വാസയോഗ്യമല്ലാതായ വീടുകളുള്ള നിർദ്ധന കുടുംബങ്ങളുടെ പട്ടിക - പുനരുദ്ധാരണം സാധ്യമായവയും അല്ലാത്തവയും, 2. പണിപൂർത്തിയാകാത്ത വീടു കളുള്ള കുടുംബങ്ങളുടെ പട്ടിക, 3. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരുടെ പട്ടിക. 4. ഭൂരഹിത ഭവനരഹിത കുടും ബങ്ങളുടെ പട്ടിക) തയ്യാറാക്കുന്നത്.

ലൈഫ് ഭവന സമുച്ചയങ്ങൾക്കായി സ്ഥല ലഭ്യത ഉറപ്പാക്കൽ - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്വന്തം ഉടമസ്ഥതയിലുള്ളതോ, മറ്റേതെങ്കിലും സർക്കാർ വകുപ്പിന്റെ കൈവശമുള്ള അവർക്ക് ആവശ്യമില്ലാത്തതോ ആയ ഭൂമിയാണ് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തുന്നത്. ഏകദേശം 400 ച. അടിയോളം വിസ്തൃതി യുള്ള ഭവന യൂണിറ്റുകളാണ് ഭവന സമുച്ചയങ്ങളിൽ ഒരുക്കുക. ആധുനിക സുരക്ഷാ സംവിധാനങ്ങൾ, ജനറേറ്റർ, പരിസ്ഥിതി സൗഹൃദ സംവിധാനങ്ങൾ, മീറ്റിംഗ് ഹാൾ, വിദ്യാർത്ഥികൾക്ക് പൊതു പഠനമുറി, ലൈബ്രറി, കമ്പ്യൂട്ടർ റൂം, റിക്രിയേഷൻ റൂം, ക്രഷ്, അംഗൻവാടി, പാലിയേറ്റീവ് കെയർ/ വൃദ്ധജന പരിചരണ സംവിധാനം തുടങ്ങിയവ കെട്ടിട സമുച്ചയങ്ങളിൽ ഉണ്ടായിരിക്കും.

ഭവന സമുച്ചയങ്ങളിലേക്ക് എത്തുന്ന ഗുണഭോക്താക്കളെ ഒരു വലിയ കൂട്ടുകുടുംബമായി ഇണക്കിച്ചേർക്കു ന്നതിനും, പരസ്പരം പരിചയപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യങ്ങളെ പരിപോഷിപ്പിക്കന്നതിനും ഭവന സമുച്ചയ സമിതികൾ രൂപീകരിച്ച് ദൈനംദിന നടത്തിപ്പിൽ സ്വയം പര്യാപ്തത നേടാൻ അവരെ സഹായിക്കുന്ന തിനും സാമൂഹ്യ സുരക്ഷാസേവനം ലഭ്യമാക്കുന്നതിനുള്ള ചട്ടക്കൂട് തയ്യാറാക്കുന്നതും ഐ.ആർ.എം.എ ഫ്രണ്ട്സ് ഓഫ് കേരള എന്ന സംഘടനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### 8.2.10 പൊതുജന പങ്കാളിത്തം

സാക്ഷരതാപ്രസ്ഥാനം ജനകീയ ആസൂത്രണത്തിന്റെ ആദ്യഘട്ടം എന്നിവയിൽ പ്രകടമായ ജനകീയ പങ്കാ ളിത്ത മാതൃകയിൽ നിർദ്ധനരായ ഭവന രഹിതർക്കായി ബഹുജനങ്ങളുടെ അദ്ധ്വാനത്തിന്റേയും സമയത്തിന്റേയും സമ്പത്തിന്റെയും ഒരു ഓഹരി തദ്ദേശസ്ഥാപനം മുതൽ സംസ്ഥാനതലം വരെ വിവിധ മേഖലകളിൽ ഉള്ളവരെ സഹകരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എൻ.ജി.ഒ-കൾ രാഷ്ട്രീയ മത സാമൂദായിക സംഘടനകൾ, ലൈബ്ര റികൾ, ക്ലബ്ബുകൾ, വ്യാപാര/ സാമ്പത്തിക/ വിദ്യാഭ്യാസ സേവന സ്ഥാപനങ്ങൾ, ട്രേഡ് യൂണിയനുകൾ, യുവാ ക്കൾ, കർഷകർ, തൊഴിലാളികൾ തുടങ്ങിയ എല്ലാവരും എല്ലാവർക്കും സുരക്ഷിത ഭവനം പദ്ധതിയുടെ ഭാഗമാകു മെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

### 8.2.11 ഭൂമിദാനം, ധനസമാഹരണം

ദൗത്യം വിജയകരാമയി പൂർത്തീകരിക്കുന്നതിന് 20,000 കോടി രൂപയും 3500 ഏക്കറോളം ഭൂമിയും ആവശ്യ മാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, സർക്കാർ ബഡ്ജറ്റ് വിഹിതം, വായ്പ തുടങ്ങിയവ മുഖേന മാത്രമായി ഇവ കണ്ടെത്താൻ സാധ്യമല്ല. മാധ്യമങ്ങൾ വിവിധ തരത്തിലുള്ള മത്സരങ്ങൾ, സെമിനാറുകൾ, ലഘുലേഖകൾ, സാമൂഹിക മാധ്യമങ്ങൾ മുഖേന വ്യാപകമായ പ്രചരണം സംഘടിപ്പിക്കുന്നതിനും അതുവഴികൂടി പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഭൂമിദാനം, ധനം, നിർമ്മാണ സാമഗ്രികൾ, മനുഷ്യ സമ്പത്ത് എന്നിവ സമാഹ രിച്ച് എല്ലാവർക്കും സുരക്ഷിത ഭവനം ലഭ്യമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് സംഭാവന നൽകാവുന്ന താണ്. ഇതിനായി ഗ്രാമ പഞ്ചായത്തിലും, ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും വിവിധ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.
- ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് നിർമ്മാണ യോഗ്യമായ ഭൂമി സൗജന്യമായി നൽകാവുന്നതാണ്.
- സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് ഭവനസമുച്ചയം പൂർണ്ണമായും നിർമ്മിച്ച് നൽകാവുന്നതാണ്.
- നിർമ്മാണതൊഴിലാളികളെ അണിനിരത്തി തൊഴിൽ സേന രൂപീകരിച്ച് കുറഞ്ഞത് അഞ്ച് ദിവസത്തെയെങ്കിലും മാനുഷിക അദ്ധ്വാനം സൗജന്യമായി ഭവനനിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം ശ്രമിക്കേണ്ടതാണ്.

### 8.2.12 സുതാര്യത

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ധനസഹായം നൽകുന്നവരുടെ പേരുവിവരം, തുക, മറ്റ് സാമ്പത്തിക വിവ രങ്ങൾ ഇവ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതും ലൈഫ് മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

എതെങ്കിലും ഘട്ടത്തിൽ അനർഹർ ഗുണഭോക്തൃ പട്ടികയിൽ കടന്നുവന്നിട്ടുണ്ട് എന്ന് കാണുന്ന പക്ഷം പൊതുജനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും ലൈഫ് മിഷന്റെയും ശ്രദ്ധയിലേക്ക് കൊണ്ടുവരാവുന്നതാണ്.

### 8.3 പൊതുവിദ്യാഭ്യസ സംരക്ഷണയജ്ഞം

നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വലിയ ജനപങ്കാളിത്തത്തോടെ നടപ്പാക്കി മുന്നേറുകയാണ്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. മികവ് എന്നാൽ അക്കാദമിക മികവാണ്. ഇതിനായാണ് ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങൾ ഒരുക്കേണ്ടത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം വലിയ മാറ്റത്തിന്റെ പാതയിലാണ്. കേരളീയ സമൂഹം പൊതുവിദ്യാലയങ്ങളിലൂടെ ആർജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും.

40 ലക്ഷത്തിലധികം കുട്ടികളും രണ്ട് ലക്ഷത്തോളം അധ്യാപകരും ഏതാണ്ട് എല്ലാ വീടുകളുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധമുള്ള അതിബൃഹത്തായ സംവിധാനമാണ് ഹയർസെക്കന്ററി ഉൾപ്പടെയുള്ള പൊതു വിദ്യാഭ്യാസം. അതുകൊണ്ട് തന്നെ ഈ സംവിധാനത്തിലുണ്ടാകുന്ന ഏറ്റവും ചെറിയ ചലനങ്ങൾ പോലും സമൂഹത്തിൽ പ്രതിഫലിക്കും.

അഖിലേന്ത്യാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ പദ്ധതികളെല്ലാം സ്കൂൾ പ്രാപ്യതക്കും എത്തിയ കുട്ടിയെ സ്കൂളിൽ നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്കുമാണ് ഊന്നൽ നൽകുന്നത്. എന്നാൽ കേരളത്തിൽ ജനങ്ങളുടെ വർദ്ധിതമായ പങ്കാളിത്തത്തോടെ 1980 കളിൽ തന്നെ ഈ ലക്ഷ്യം നാം നേടിയെടുത്തു. സാർവത്രിക പന്ത്രണ്ടാം ക്ലാസ് വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിന്റെ പടിവാതിലിലാണ് നാം കേരളീയ സമൂഹം. അഭിമാനിക്കാവുന്ന നേട്ടങ്ങളൊക്കെ ഉണ്ടെങ്കിലും ഒട്ടേറെ വെല്ലുവിളികൾ നാം നേരിടുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത് താഴെ പറയുന്നു.

1. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ
2. ഓരോ പ്രായ ഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്ന് ഉറപ്പാക്കൽ
3. സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതികാവബോധം, ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവായിട്ടുണ്ട് എന്ന് ഉറപ്പാക്കൽ
4. കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
5. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കൽ
6. സാധ്യതകളെയെല്ലാം പ്രയോജനപ്പെടുത്താൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തെയും മാറ്റിയെടുക്കൽ, രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ, ഇതിനെല്ലാം അനുയോജ്യമാകും വിധം ഭരണ നിർവഹണ സംവിധാനങ്ങളുടേയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ
7. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളേയും ഏകോപിപ്പിക്കൽ.

സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഈ വെല്ലുവിളികൾ അഭിമുഖീകരിക്കാൻ വേണ്ടിവരും. ഈ ദിശയിലേക്കുള്ള ബഹുജനകൂട്ടായ്മയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭരണ കർത്താക്കളും പൊതുസമൂഹവും അധ്യാപകരും സ്കൂൾ സമൂഹവും ഒന്നിച്ചുചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന്നനുഗണമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

കൃത്യമായ കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും സംസ്ഥാനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ട അനിവാര്യമായ സാമൂഹിക ഉത്തരവാദിത്തമാണെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാറിന്റെ രാഷ്ട്രീയ നിലപാട് ഈ കർമ്മ പരിപാടികളിലെല്ലാം പ്രതിഫലിക്കുന്നുണ്ട്. നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയ സ്വീകാര്യതയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള സർക്കാറിന്റെ ശ്രമങ്ങളെ വലിയ തോതിൽ ജനങ്ങൾ പിന്തുണക്കുന്നു. സംസ്ഥാനത്തെ ഇതുമായി ബന്ധിപ്പിച്ച് നടക്കുന്ന യോഗങ്ങളിലെല്ലാം വലിയ ജനപങ്കാളിത്തമാണ് ഉണ്ടാകുന്നത്. കക്ഷിരാഷ്ട്രീയ ഭേദമന്യേ പൊതുവിദ്യാഭ്യാസ സംരക്ഷണം ഒരു ബഹുജനവികസന പരിപാടിയാക്കി മാറ്റാൻ സർക്കാ

റിനൊപ്പം എല്ലാവരും ഒരുമിച്ച് കൈകോർക്കുന്നു. ഏറ്റവും പ്രിയപ്പെട്ട വസ്തുക്കൾ പോലും സംഭാവന നൽകി അവരവരുടെ പ്രദേശത്തെ പൊതുവിദ്യാലയങ്ങളെ ഏറ്റവും മികച്ച വിദ്യാലയങ്ങളാക്കി മാറ്റാൻ പൊതുസമൂഹം സർക്കാറിനൊപ്പമുണ്ട്. പൊതുസമൂഹത്തിനുണ്ടായ ഈ ആത്മവിശ്വാസം കുട്ടികളുടെ പ്രവേശന പ്രവണതയിൽ പ്രതിഫലിച്ചിട്ടുണ്ട്. വലിയ തോതിൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിലേക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്തി ച്ചേർന്നിട്ടുണ്ട്. ഈ വർഷം 1.5 ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതലായി എത്തിച്ചേർന്നത്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള രാഷ്ട്രീയസാമൂഹിക സന്ദേശം സർക്കാർ നേതൃത്വത്തിൽ മുന്നോട്ടുവെച്ചപ്പോൾ വളരെ ക്രിയാത്മകമായാണ് കേരളീയ സമൂഹം പ്രതികരിച്ചത്.

കേരള സർക്കാർ 07.11.2016 ന് ഇറക്കിയ സ.ഉ.(പി)നം. 186/2016/പൊ.വി.വ. പ്രകാരം നവകേരള ദൗത്യത്തിലെ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി, മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ മുന്നോട്ട് വെച്ചിട്ടുണ്ട്. ഈ യജ്ഞം വിപുലീകരിക്കപ്പെടുന്ന ഘട്ടങ്ങളിൽ തുടർച്ചയായി കൂടുതൽ കൂടുതൽ സൂക്ഷ്മാംശങ്ങൾ ഇതിലേക്ക് കൂട്ടിച്ചേർക്കപ്പെടും. ഇതുവരെയുണ്ടായ ധാരണകളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

1. പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃരാവിഷ്കരിക്കും
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കിക്കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും.
3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
4. വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും
5. വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും.
6. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും
7. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം
8. പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
9. സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും
10. ഭൗതിക മാനവിക സാംസ്കാരിക സൗകര്യങ്ങൾ - പാഠ്യേതര പ്രവർത്തനങ്ങൾക്ക് ആയി ഒരുക്കും
11. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കും
12. ലഹരി വിരുദ്ധ മനോഭാവം വളർത്തും
13. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും
14. കാർഷിക സംസ്കാരം വളർത്തിയെടുക്കും
15. ക്ലാസ് മുറികൾ ഹൈടെക് ആക്കും
16. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും, ആകർഷകമാക്കും
17. എല്ലാ സ്കൂളുകളും സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.
18. നിലവാരമുള്ള അധ്യാപക പരിശീലനം.
19. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.

സംസ്ഥാന ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിനായി വലിയതോതിലുള്ള വിഹിതം ഈ വർഷം മാറ്റിവെച്ചിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്താനുള്ള വിവിധങ്ങളായ പദ്ധതികൾ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഘട്ടം ഘട്ടമായാണ് സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനം നടക്കുക.

- ആദ്യ ഘട്ടം എന്ന നിലയിൽ ഈ വർഷം 1000 സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യ ഗുണതയാണ് വർദ്ധിപ്പിക്കുക. ഇതിനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു
- ഹൈസ്ക്കൂൾ, ഹയർസക്കന്ററി തലത്തിലെ സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ ക്ലാസ് മുറികളും ഹൈടെക്കാക്കുന്ന പ്രവർത്തനം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. പഠനബോധന പ്രവർത്തനങ്ങൾക്ക് പുതിയമാനം നൽകി അക്കാദമിക ഗുണത വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം വെക്കുന്നത്.
- പൂർവ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ പങ്കാളിത്തത്തോടെ എല്ലാ പ്രൈമറി ക്ലാസുകളും ഹൈടെക്കാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.
- എയ്ഡഡ് സ്കൂളുകളിൽ മനേജ്മെന്റുകളുടെ സഹായത്തോടെ ഭൗതിക സൗകര്യ വികസനത്തിനായി ചാലഞ്ച് ഫണ്ട് എന്ന നിലയിൽ (എത്ര തുക എയ്ഡഡ് മാനേജ്മെന്റുകൾ കണ്ടെത്തുന്നുവോ അത്രയും തുക പരമാവധി ഒരു കോടി എന്ന നിലയിൽ സർക്കാർ വഹിക്കുന്നതാണ് ഈ പദ്ധതി.) വകയിരുത്തിയിട്ടുണ്ട്.

- എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനത്തിനായുള്ള പ്രവർത്തനം നടക്കുന്നു.
- കുട്ടികളുടെ പ്രതിഭ കണ്ടെത്താനും വളർത്താനും സഹായകമായ ടാലന്റ് ലാബുകൾ വിഭാവനം ചെയ്യുന്നു.
- ഓട്ടിസം പാർക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.
- മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക ഗുണമേന്മ ഉറപ്പാക്കാൻ കഴിയും വിധം ഓരോ വിദ്യാലയങ്ങളുടേയും സവിശേഷത ഉൾക്കൊള്ളുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ 2018 ജനുവരി 30 നകം സ്കൂൾ തലത്തിൽ സജ്ജമാക്കൽ, അവ പൊതു സമൂഹത്തിന്റെ മുമ്പിൽ ഫെബ്രുവരി 1 ന് അവതരിപ്പിക്കൽ എന്നിവ ഡിസംബർ, ജനുവരി മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷാകർതൃ വിദ്യാഭ്യാസം, കുട്ടികളുടെ പഠന പുരോഗതി രക്ഷാകർത്താക്കളുമായി വിനിമയം ചെയ്യാൻ ഗൃഹ സമ്പർക്കപരിപാടി നടക്കും.
- കുട്ടികൾ ആർജിച്ച കഴിവുകളും ശേഷികളും നേരിട്ട് സമൂഹവുമായി പങ്കുവെയ്ക്കാൻ സ്കൂളിനകത്തും ആവാസ പരിസരത്തും സംഘടിപ്പിക്കുന്ന സർഗോത്സവങ്ങൾ എന്നിവയെല്ലാം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നിർവ്വഹണത്തിനായി വിവിധ തട്ടിലുള്ള സംഘടനാ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന മിഷൻ, ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ അദ്ധ്യക്ഷ/ൻ ആയ ജില്ലാ മിഷൻ, മുൻസിപ്പൽ ചെയർപേഴ്സൺ/ കോർപറേഷൻ മേയർ അദ്ധ്യക്ഷ/ൻ ആയ മുൻസിപ്പൽ/കോർപ്പറേഷൻ തല മിഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷ/ൻ ആയ ബ്ലോക്ക് മിഷൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷ/ൻ ആയ ഗ്രാമ പഞ്ചായത്ത് മിഷൻ എന്നിവയും വിവിധ തട്ടിലുള്ള കർമ്മ സമിതികൾക്കും രൂപം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഇത് സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ യജ്ഞം മാർരേഖ, അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് മാർഗരേഖ - 2 എന്നിവയിൽ വിശദീകരിച്ചിട്ടുണ്ട്.

### 8.3.1 ഇടപെടൽ സാദ്ധ്യത

1. പൊതുവിദ്യാലയങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. അതുകൊണ്ട് തന്നെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയത്തിന് നേതത്വം വഹിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഒരു സാദ്ധ്യതയാണ്.
2. നമ്മുടെ ലക്ഷ്യം മുഴുവൻ കുട്ടികളുടേയും വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കലാണ്. ഇത് കഴിയണമെങ്കിൽ മുഴുവൻ പൊതുവിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം. ഓരോ സ്ഥാപനവും അക്കാദമിക മാസ്റ്റർപ്ലാൻ ജനുവരി 30 നകം തയ്യാറാക്കും. ഈ പ്രക്രിയയിൽ സമൂഹത്തിന്റെ പക്ഷത്ത് നിന്നുകൊണ്ട് ഇടപെടുക എന്നത് ഒരു സാദ്ധ്യതയാണ്.
3. വിവിധ തട്ടിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വശിക്ഷ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ (ആർ.എം.എസ്.എ) തുടങ്ങിയ പ്രോജക്റ്റുകൾ, വകുപ്പുകൾ എന്നിവയുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധങ്ങളായ വിദ്യാഭ്യാസ പരിപാടികൾ ശാസ്ത്രീയമായി ഉൾച്ചേർക്കേണ്ടതുണ്ട്. അടുത്ത വർഷത്തേക്കായി വിവിധ വിഭാഗങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ആവശ്യമായ പിൻതുണ നൽകാൻ കഴിയണം.
4. അക്കാദമികമായി വിദ്യാലയങ്ങളെ ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃ സമൂഹം, പൂർവ വിദ്യാർത്ഥികൾ, പൊതു സമൂഹം, ഭരണ നിർവ്വഹണ സംവിധാനങ്ങൾ എന്നിവയെല്ലാം കൂട്ടായി ശ്രമിക്കേണ്ടതുണ്ട്. ഇതിനുള്ള ചാലക ശക്തിയായി പ്രവർത്തിക്കുക എന്നത് ഒരു സാദ്ധ്യതയാണ്.
5. ഇതെല്ലാം ഏറ്റവും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കാൻ കഴിയുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ്. ആവശ്യമായ പിൻതുണ നൽകുക എന്നത് ഒരു സാദ്ധ്യതയാണ്.

### 8.4 ആർദ്രം മിഷൻ

ആരോഗ്യ രംഗത്ത് ഏറെനേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ മെച്ചപ്പെട്ട ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, സ്ത്രീപുരുഷ അനുപാതം തുടങ്ങിയ ആരോഗ്യ സൂചികകളെല്ലാം ലോക വ്യാപകമായി തന്നെ ചർച്ചാവിഷയമായ കാര്യങ്ങളാണ്. സാമൂഹികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തങ്ങളും ആരോഗ്യ രംഗത്തെ ഗവൺമെന്റ് ഇടപെടലുകളും, പൊതു മേഖലാ

ചികിത്സാ സംവിധാനങ്ങളുടെ വളർച്ചയും വികാസവും എല്ലാം ഈ നേട്ടത്തിന് പിന്നിലുണ്ട്. എന്നാൽ ഇന്ന് നേട്ടങ്ങളോടൊപ്പം കുറേയേറെ വെല്ലുവിളികളും സംസ്ഥാനം നേടികൊണ്ടിരിക്കുകയാണ്. രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയിലുണ്ടായ വർധനവ്, വിവിധതരം ക്യാൻസറുകൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, മഴക്കാലത്തോടൊപ്പമെത്തുന്ന പകർച്ചവ്യാധികൾ തുടങ്ങിയവയെല്ലാം പ്രധാന ആരോഗ്യ പ്രശ്നങ്ങളാണ്. ചികിത്സാരംഗത്ത് സ്വകാര്യ മേഖലയുടെ വൻതോതിലുള്ള വളർച്ച, ചികിത്സാചെലവ് ഉയരുന്നതിനും ഇടയാക്കിയിട്ടുണ്ട്. ദേശീയ സാമ്പിൾ സർവേ കണക്കുകളനുസരിച്ച് സ്വന്തം കയ്യിൽ നിന്നുള്ള ആരോഗ്യ ചെലവ് (Out of Pocket expenditure) ഏറ്റവും ഉയർന്ന സംസ്ഥാനമാണ് കേരളം.

സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് ഗവൺമെന്റ് തുടക്കമിടുകയാണ്. നവകേരള മിഷന്റെ ഭാഗമായുള്ള മറ്റു മിഷനുകളും ആരോഗ്യവുമായി വളരെ ബന്ധപ്പെട്ടവ തന്നെയാണ്. താളം തെറ്റിയ പാരിസ്ഥിതിക സന്തുലനവും പരിസ്ഥിതി മലിനീകരണവുമൊക്കെ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ വഴി അടിക്കടിയുണ്ടാകുന്ന ജലജന്യ-കൊതുകുജന്യ രോഗങ്ങൾക്ക് വലിയതോതിൽ പരിഹാരം കാണാൻ നമുക്ക് കഴിയുന്നതാണ്. പാർപ്പിടവും വിദ്യാഭ്യാസവുമൊക്കെ ആരോഗ്യത്തെ നിർണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്ന ഘടകങ്ങളുമാണ്. ചുരുക്കത്തിൽ നാല് മിഷനുകളുടേയും ജനപങ്കാളിത്തത്തോടെയുള്ള താഴേ തട്ടിലെ നടത്തിപ്പിന് കേരളീയ ആരോഗ്യത്തിന് വലിയ മുതൽക്കൂട്ടാവുന്നതാണ്.

ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ (Sustainable Development Goals -SDGs) അടിസ്ഥാനമാക്കി കേരളീയ ആരോഗ്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാനും 2020 ഓടെയും 2030 ഓടെയും കേരളം നേടേണ്ട വികസന ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തുവാനും വിദഗ്ദ സമിതികൾ രൂപീകരിക്കുകയുണ്ടായി. പകർച്ചേതര വ്യാധികൾ, പകർച്ചവ്യാധികൾ, രോഗങ്ങൾ, മാതൃആരോഗ്യം, ശൈശവ ആരോഗ്യം, മാനസിക രോഗങ്ങൾ, ട്രോമാകെയർ തുടങ്ങിയ മേഖലകൾക്കായി രൂപീകരിച്ച വിദഗ്ദ്ധ സമിതികൾ സംസ്ഥാനത്തെ നിലവിലെ സ്ഥിതിഗതികൾ വിശകലനം ചെയ്തും ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖകൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചു കഴിഞ്ഞു. ഇവരുടെ നിർദ്ദേശങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ആരോഗ്യരംഗത്തെ 13-ാം പഞ്ചവത്സര പദ്ധതിയ്ക്കും ഈ രംഗത്തെ മറ്റ് ഇടപെടലുകൾക്കും രൂപം നൽകി വരുന്നത്.

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനുള്ള വലിയൊരു സംരംഭത്തിനാണ് ആർദ്രം മിഷനിലൂടെ നാം തുടക്കമിടുന്നത്. ആയിരക്കണക്കിനു രോഗികൾ നിത്യേന ചികിത്സയ്ക്കെത്തുന്ന നമ്മുടെ ഗവൺമെന്റ് ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ മാനദണ്ഡങ്ങളൊടെ രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാതല താലൂക്ക്തല ആശുപത്രികളിലേയ്ക്ക് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും അധിക സൗകര്യങ്ങൾ ഒരുക്കികൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. പൊതുമേഖലാ ചികിത്സാസംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ എല്ലാ തരത്തലും ശക്തിപ്പെടുത്താനും പ്രവർത്തന മേഖല വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ നൽകി വരുന്ന പരിമിത സേവനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു കുടുംബത്തിലെ എല്ലാ പ്രധാന പ്രാഥമിക ആരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി ചെയ്യാനാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടം ഘട്ടമായി മാറ്റുന്നതാണ്. ഇതിനായി അതിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും നിയമിക്കുന്നതൊടൊപ്പം ലബോറട്ടറി സൗകര്യങ്ങളും ഇവിടെ ഒരുക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ് തല ആരോഗ്യ പ്രവർത്തനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്കരിച്ചുകൊണ്ട് പൊതുജന ഉപകാര പ്രദമായ രീതിയിൽ മാറ്റുന്നതിനും ചികിത്സാ മാർഗ്ഗ രേഖകളോടെയും, പ്രോട്ടോകോളുകളുടേയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കാനും മിഷൻ ലക്ഷ്യമിടുന്നു.

### 8.4.1 ആർദ്രം യജ്ഞം സുപ്രധാന ലക്ഷ്യങ്ങൾ

- കേരളത്തിലെ സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് രോഗീസൗഹൃദമായ രീതിയിലും ചിട്ടയായും ഉള്ള ചികിത്സ ലഭ്യമാക്കുക.
- ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം, രോഗിയുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുക.
- ഒ.പി രജിസ്ട്രേഷൻ കൗണ്ടർ, ഡോക്ടറുടെ പരിശോധനാ മുറി, ഫാർമസി, ലാബോറട്ടറി, എക്സ്റേ, ഇ.സി.ജി തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഈ ഹെൽത്ത് സംവിധാനത്തിലൂടെ ആരോഗ്യ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നു.
- ആശുപത്രികളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ചികിത്സാ സ്ഥാനങ്ങൾ എവിടെയാണ് എന്ന് സൂചിപ്പിക്കുന്ന സിഗ്നലുകൾ സ്ഥാപിക്കുക.

- രോഗീ പരിചരണ സഹായികളെ താൽകാലികമായി നിയമിച്ച് സേവനങ്ങൾ ഉറപ്പാക്കുക.
- ഒ.പി വിഭാഗത്തിലും ക്രമേണ ലാബ്, ഫാർമസിയിലും മറ്റ് വിഭാഗങ്ങളിലും ടോക്കൺ സംവിധാനം ഏർപ്പെടുത്തുക.
- രോഗികൾക്കും കൂട്ടിരുപ്പുകാർക്കും കാത്തിരിപ്പിന് കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഇരിപ്പിടങ്ങൾ സജ്ജീകരിക്കുക.
- കാത്തിരിപ്പ് കേന്ദ്രങ്ങളിൽ ടി.വി, ഐ.ഇ.സി വീഡിയോ പ്രദർശനം, പത്ര മാസികകൾ, ടോക്കൺ ഡിസ്‌പ്ലേ ബോർഡുകൾ, ഐ.ഇ.സി ബോർഡുകൾ എന്നവ സജ്ജീകരിക്കുക.
- രോഗികൾക്കും ബന്ധുക്കൾക്കും കുടിക്കാൻ ശുദ്ധജലം, വൃത്തിയുള്ള ടോയ്‌ലറ്റുകൾ എന്നിവ ഉറപ്പാക്കുക.
- അടുത്ത പ്രാവശ്യം ഡോക്ടറെ കാണുന്നതിന് മുൻകൂട്ടി ബുക്കിംഗിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനായി ഒരു എക്സിറ്റ് കൗണ്ടർ സ്ഥാപിക്കുക.
- വലിയ ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങൾ ഒരുക്കുക. ഇതിനായി ആശിപത്രികളിൽ പ്രത്യേക കമ്പ്യൂട്ടർ വത്കൃത കിയോസ്കൂളുകൾ സ്ഥാപിക്കുക. ഘട്ടംഘട്ടമായി അക്ഷയ കേന്ദ്രങ്ങൾ വഴിയും, മൊബൈൽ ഫോൺ വഴിയും ബുക്കിംഗ് സൗകര്യങ്ങൾ ഒരുക്കുക.

### 8.4.2 ജില്ലാ-താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ സൗകര്യങ്ങൾ ഒരുക്കൽ

- ഘട്ടം ഘട്ടമായി ആശുപത്രിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കും. ഇതിനായി വിവിധ ഏജൻസികളിൽ നിന്നും സമാഹരിക്കുന്ന ഫണ്ട് ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വിനിയോഗിക്കുക.
- ഉടനടി വേണ്ട അറ്റകുറ്റ പണികൾ പൂർത്തീകരിക്കുക. സൗന്ദര്യ വത്ക്കരണത്തിന് പ്രാധാന്യം നൽകും. (പെയിന്റിംഗ്, പൂച്ചെടികൾ, ആകർഷകമായ തരത്തിൽ ലാന്റ് സ്കേപ്പിംഗ്, വാഹന പാർക്കിംഗ് സൗകര്യങ്ങൾ ...)
- മാലിന്യ നിർമ്മാേർജനത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കൽ.
- മഴവെള്ള സംഭരണത്തിനും, സോളാർ പവർ ഉപയോഗത്തിനും പ്രത്യേക സംവിധാനങ്ങളൊരുക്കും.
- ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥർ എന്നിവരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തുക.
- താലൂക്ക് ആശുപത്രികളിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോ, ഇ.എൻ.ടി, നേത്ര വിഭാഗം, ദന്ത വിഭാഗം തുടങ്ങിയ വിഭാഗങ്ങളിലേയ്ക്ക് കൂടുതൽ ഡോക്ടർമാരെ നിയമിച്ച് സേവനം വിപുലപ്പെടുത്തുന്നതാണ്.
- താലൂക്ക്-ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കും.
- കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യലിറ്റി സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ജില്ലാ ആശുപത്രികളിൽ ആരംഭിക്കും.
- ജില്ലാ ആശുപത്രികളിൽ സി.ടി സ്കാൻ, അൾട്രാസൗണ്ട്, മറ്റ് ലബോറട്ടറി സൗകര്യങ്ങൾ, വിവിധ വകുപ്പുകൾക്കുള്ള സൗകര്യങ്ങൾ, നവജാത ശിശുപരിചരണ വിഭാഗം, മെറ്റേണിറ്റി സേവനങ്ങൾക്കുള്ള അധിക സേവനങ്ങൾ എന്നിവയും ഉറപ്പാക്കുന്നതാണ്.
- ജില്ലാ ആശുപത്രികളിൽ വന്ധ്യത നിവാരണ ക്ലിനിക്കുകൾ ആരംഭിക്കുക.
- മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
- ആദിവാസി ആരോഗ്യ പരിപാടി നടപ്പിലാക്കും.
- നഗര പ്രാഥമിക ആരോഗ്യ പരിചരണ പരിപാടി നടപ്പിലാക്കും.

ഈ സുപ്രധാന ലക്ഷ്യങ്ങളോടൊപ്പം സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തികൊണ്ടുള്ള ഇടപെടലുകളും ആർദ്രം യജ്ഞത്തിന്റെ പ്രധാന ലക്ഷ്യമാണ്.

### 8.4.3 കുടുംബാരോഗ്യ കേന്ദ്രം

സാർവത്രികവും സമഗ്രവുമായ രീതിയിൽ പ്രാഥമികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ആർദ്രം മിഷ്യൻ ലക്ഷ്യമിടുന്നത്.

#### 8.4.3.1 കാഴ്ചപ്പാട്

ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പ്രദേശത്തും ഉള്ള ഓരോ വ്യക്തിയ്ക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക.

### 8.4.3.2 ദൗത്യം

എല്ലാവർക്കും സ്വീകാര്യമായതും ഗുണമേന്മയുള്ളതും താങ്ങാവുന്നതുമായ സമഗ്ര ആരോഗ്യ സേവനം ലക്ഷ്യ മാക്കി സുസ്ഥിര വികസന ലക്ഷ്യം 2020 നേടുക.

### 8.4.3.3 പ്രവർത്തന സമീപനം

സേവനങ്ങൾ മെച്ചപ്പെടുത്തിയും സാമൂഹിക ഘടകങ്ങളെ കണക്കിലെടുത്തും ജനപങ്കാളിത്തം ഉറപ്പാക്കി ക്കൊണ്ടും പ്രാഥമികാരോഗ്യ സേവനം മെച്ചപ്പെടുത്തുക

### 8.4.3.4 സേവനങ്ങൾ

രോഗം മാറ്റുവാനുള്ള ഒരു കേന്ദ്രം എന്നതിലപ്പുറത്തേക്ക് കുടുംബാരോഗ്യകേന്ദ്രങ്ങൾ ആരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുന്ന ഒരു സ്ഥാപനമായിട്ടാണ് മാറ്റപ്പെടേണ്ടത്. ആകർഷകവും പ്രകൃതിക്കും ജനങ്ങൾക്കും ഉതകുന്ന രീതിയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും സേവന സന്നദ്ധരായ ജീവനക്കാരും ഉള്ളതാവണം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ സ്നേഹപൂർവ്വം രോഗികളെ സ്വാഗതം ചെയ്യാൻ കഴിയണം. രോഗീസൗഹൃദ അന്തരീക്ഷം വളർത്തിയും വേണ്ടത്ര പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയും ക്ലീനിക്കൽ ഗൈഡ്ലൈൻസ് പാലിച്ചും സേവനങ്ങളുടെ നിലവാരം ഉയർത്താം. ഈ ഹെൽത്ത് പദ്ധതിയിലൂടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിവിധ സേവന സംവിധാനങ്ങളുടെ തുടർച്ചയും കാലയളവും ഉറപ്പുവരുത്തുക. കുടുംബാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യ ഇടപെടലുകൾക്കുള്ള ഒരു കേന്ദ്രവും ഒപ്പം തന്നെ സാമൂഹിക ആരോഗ്യ ഘടകങ്ങളുടെ സാക്ഷാത്കര ണത്തിനു വേണ്ടി പ്രവർത്തിക്കുന്നതായിരിക്കും.

അവസ്ഥാവിശകലനം, പ്രശ്നങ്ങൾ കണ്ടെത്തൽ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തൽ, ആസൂത്രണം, വിഭവ സമാഹരണം, നടപ്പിലാക്കലും ദിശാഗതി നിയന്ത്രണവും തുടങ്ങിയ ഘട്ടങ്ങളിലെ സാമൂഹിക പങ്കാളിത്തത്തോടു കൂടിയ പഞ്ചായത്ത്തല പ്രവർത്തനങ്ങളുടെ ആണിക്കല്ലായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിലകൊള്ളും.

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സേവനങ്ങൾ പുനർ നിർണ്ണയിച്ചും ഗുണമേന്മ ഉറപ്പു വരുത്തിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് മുഖ്യനയം. രോഗചികിത്സാ (ഒ.പി സേവനം- എമർജൻസി ലാബ് സൗകര്യങ്ങൾ, റഫറൽ സംവിധാനം) പൊതുജനാരോഗ്യ സംരക്ഷണ പ്രവർത്തങ്ങൾ, സ്ഥാപന തല സേവന ങ്ങൾ ( ഹോസ്റ്റൽ, സ്കൂൾ, ഓഫീസുകൾ, തൊഴിലിടങ്ങൾ) പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധ അർഹി ക്കുന്നവർക്കുള്ള സേവന പരിഗണന എന്നിവ സാമൂഹിക സുരക്ഷ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കും. ഗുണമേന്മ ഉറപ്പു വരുത്തിയും സമഗ്ര പ്രാഥമിക ആരോഗ്യം സുരക്ഷ ചികിത്സാ മാർഗ്ഗ നിർദേശം പാലിച്ചും ഒ.പി യിൽ എത്തുന്ന എല്ലാ രോഗികൾക്കും ചികിത്സ ലഭ്യമാക്കും. റഫറൽ സംവിധാനങ്ങൾ ആവശ്യമായവർക്ക് കാലതാ മസം വിന അതിനുള്ള സൗകര്യം ഒരുക്കിയും ഫോളോ അപ് നടത്തിയും രോഗികളുടെ ക്ഷേമം ഉറപ്പുവരുത്തും.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയുള്ള സേവനങ്ങൾ, സേവന പാക്കേജ് വഴി ലഭ്യമാക്കും ഇന്നുള്ളതിൽ നിന്നും വർദ്ധിച്ചതും ഗുണമേന്മയുള്ളതുമായ സേവനം ഉറപ്പുവരുത്തൽ, കുടുംബക്ഷേമ കേന്ദ്രങ്ങളുടെ ശാക്തീകരണം സാമൂഹിക ഘടകങ്ങൾ ലഭ്യമാക്കുന്നതിന് ഊന്നൽ നൽകികൊണ്ടും വിവിധ വകുപ്പുകളുടെ ഏകോപനവും സംയോ ജനവും നടത്തികൊണ്ടും ജനപങ്കാളിത്തം ഉറപ്പുവരുത്തിയും ആണ് ലക്ഷ്യം കൈവരിക്കുന്നത്.

### 8.4.4 സേവനപാക്കേജ്

സേവന പാക്കേജിന്റെ ഭാഗമായി ഓരോ വ്യക്തിയുടേയും ആരോഗ്യ വിവരങ്ങൾ അടങ്ങുന്ന കുടുംബാരോഗ്യ രജിസ്റ്റർ റിക്കോർഡ് ഇലക്ട്രോണിക് സംവിധാനത്തിൽ തയ്യാറാക്കുക. ഇതുവഴി വ്യക്തിഗത പാക്കേജ്, കുടുംബ പാക്കേജ് എന്നിവയും ഇതിന്റെ തുടർച്ച എന്നോളം വാർഡ് ആരോഗ്യ പാക്കേജും പഞ്ചായത്ത് സേവന പാക്കേജും തയ്യാറാക്കും. ഇതുവഴി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യം അനുസരിച്ചുള്ള ആരോഗ്യ സേവന പാക്കേജ് ഉണ്ടാക്കുന്നു. ഇങ്ങനെ തയ്യാറാക്കുന്നതിൽ നിന്നും കേന്ദ്രീകരിച്ച് പഞ്ചായത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനും പദ്ധതിയ്ക്ക് രൂപം നൽകുന്നതിനും (അവസ്ഥ വിശകലനം നടത്തുന്നതിനും) സഹായകമാകും.

### 8.4.4.1 വ്യക്തിഗത പാക്കേജ്

പ്രായാനുസൃതവും, ലിംഗാനുസൃതവും, രോഗ തീവ്രതയും അനുസരിച്ച് 31 പാക്കേജുകൾ ഇതിനകം തയ്യാറാ ക്കിയിട്ടുണ്ട്. ഓരോ പാക്കേജും അവയുമായി ബന്ധപ്പെട്ട വിഭാഗത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഗണിക്കുന്ന തിനുള്ള സമഗ്ര കാഴ്ചപ്പാടാണ് നൽകുന്നത്.

1. **പ്രായാനുസൃതം**

നവജാതശിശു, 1 വയസ്സുവരെയുള്ള കുട്ടികൾ, 5 വയസ്സിൽ താഴെയുള്ള കുട്ടികൾ, 6-9 വയസ്സുവരെയുള്ള കുട്ടികൾ 10-17 വയസ്സുവരെയുള്ള പെൺകുട്ടികൾ 10-17 വയസ്സുവരെയുള്ള ആൺകുട്ടികൾ 18-59 വയസ്സുവരെയുള്ള പുരുഷൻമാർ, 18-50 വയസ്സുവരെയുള്ള സ്ത്രീകൾ 60 വയസ്സിനു മുകളിലുള്ള മുതിർന്നവർ, (60 വയസ്സിനു മുകളിലുള്ള പുരുഷന്മാർ 60 വയസ്സിനു മുകളിലുള്ള വനിതകൾ) ഇങ്ങനെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 11 പാക്കേജായി തരംതിരിച്ചിട്ടുണ്ട്.

2. **ശരീര ഘടനയിൽ അധിഷ്ഠിതമായത്**

ഗർഭകാലം, പ്രസവാനന്തരകാലം

3. **പ്രതിരോധവും തീവ്രത ലഘൂകരണവും**

പൊണ്ണത്തടി, ലഹരി മരുന്നുകളുടെ ദുരുപയോഗം, ഭാരക്കുറവ്, ജീവിത ശൈലിയ്ക്ക് ഇണങ്ങുന്ന ഭക്ഷണങ്ങൾ, വ്യായാമം, പ്രതിരോധ കുത്തിവയ്പ്

**രോഗാവസ്ഥാ അനുസൃതം**

എൻ.സി.ഡി, പ്രമേഹം, രക്തസമ്മർദ്ദം, ശാരീരക വൈകല്യമുള്ളവർ, ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗം, പക്ഷാഘാതം, മാനസികരോഗങ്ങൾ, അർബുദം, പരിരക്ഷ, സാന്ത്വന പരിചരണം, കുഷ്ഠവും ക്ഷയവും.

### 8.4.4.2 കുടുംബ പാക്കേജ്

കുടുംബാധിഷ്ഠിത സേവന പാക്കേജ് വഴി കുടുംബത്തിലെ ഓരോ വ്യക്തിയുടേയും ആരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള സമഗ്രമായ ഇടപെടലാണ്. കുടുംബം ജീവിക്കുന്ന സാമൂഹ്യ പശ്ചാത്തലം, ആരോഗ്യത്തെ നിർണ്ണയിക്കുന്ന മറ്റു ഘടകങ്ങൾ എന്നിവയെല്ലാം ഈ പാക്കേജിന്റെ ഭാഗമാണ്. (ശുദ്ധമായ കുടിവെള്ളം, ഗുണനിലവാരമുള്ള വീട്, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, അടുക്കളത്തോട്ടം, ഇവയൊന്നും തന്നെ വ്യക്തിഗത പാക്കേജിൽ നേരിട്ട് പരിഗണിക്കുന്നില്ല. എന്നാൽ കുടുംബാധിഷ്ഠിത പാക്കേജിൽ പരിഗണന അർഹിക്കുന്നു.)

### 8.4.4.3 വാർഡ് തല പാക്കേജ്

മേൽപ്പറഞ്ഞ കുടുംബാധിഷ്ഠിത പാക്കേജിന് പുറമേ, വ്യായാമത്തിനുള്ള ഇടം, കുടിവെള്ള പദ്ധതി, സംഘകൃഷി, വാർഡ്തല മാലിന്യ സംസ്കരണം, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ, മുതിർന്ന പൗരൻമാർക്കുള്ള പ്രേത്യേക പദ്ധതികൾ, ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന പദ്ധതികൾ, ഗാർഹിക പീഢനത്തിനെതിരെയുള്ള സാമൂഹിക പ്രവർത്തനങ്ങൾ, മദ്യ-ലഹരി വിമുക്തി എന്നിവയെല്ലാം ഉൾപ്പെടുത്തിയായിരിക്കണം വാർഡ്തല പാക്കേജ്. വാർഡ്തല ആരോഗ്യ പാക്കജിന്റെ സാക്ഷാത്കാരത്തിന് ചുക്കാൻ പിടിക്കുന്നത് വാർഡ് ആരോഗ്യ സേനയും വാർഡ് ആരോഗ്യ ശുചിത്വ പോഷണ സമിതിയും ആയിരിക്കും.

### 8.4.4.4 പഞ്ചായത്ത്തല ഹെൽത്ത് പാക്കേജ്

വാർഡ്തല പാക്കേജിനപ്പുറം ഓരോ പഞ്ചായത്തിലും ഭൗതികവും സാമൂഹികവുമായ ഘടന മെച്ചപ്പെടുത്തുവാൻ വേണ്ടി ചെയ്യേണ്ട കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതും. പഞ്ചായത്തിൽ അനിവാര്യമായി ഉണ്ടാകേണ്ടതായിട്ടുള്ള പൊതു സംവിധാനങ്ങൾ ഉദാ : നടപ്പാത, ഖരമാലിന്യ സംസ്കരണ സംവിധാനം, മാനസിക ഉല്ലാസത്തിനുള്ള ഇടം, തൊഴിൽ പരിശീലന സംവിധാനം, ഹെൽത്ത് ക്ലബ്ബുകൾ, നിരാലംബരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികളും നിയമം നടപ്പിലാക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഉൾചേർത്ത സമഗ്ര പരിപാടിയായി പഞ്ചായത്ത്തല പാക്കേജിനെ നിർവചിക്കുന്നു.

ഈ ലക്ഷ്യങ്ങൾ നേടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായി ഇടപെടേണ്ടതുണ്ട്. ആവശ്യമായ വിഭവ സമാഹരണം, പദ്ധതി നിർവ്വഹണം, സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകളുടെ നിർവ്വഹണം എന്നിവ പരമപ്രദാനമാണ്.

ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള ബഹുതല മോണിറ്ററിംഗും വിശകലനവും സോഷ്യൽ ഓഡിറ്റിംഗും താഴെ തലത്തിൽ നടക്കേണ്ടതുണ്ട്

എസ്.ഡി.ജി 2020, 2030 ലക്ഷ്യങ്ങൾ നേടുന്നതിനും ഭാരിച്ച ചെലവ് കുറയ്ക്കുന്നതിനും രോഗാതുര കുറയ്ക്കുന്നതിനും അതുവഴി സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയും ആർദ്രം മിഷന്റെ ഭാഗമായ ഈ പ്രവർത്തനങ്ങൾ വഴി ലക്ഷ്യമിടുന്നു.